> "നിൻെറ ഹൃദയം എല്ലാവർക്കും തുറന്നുകാണിച്ചുകൊടുക്കരുതു്; അറിവും ഈശ്വരഭയവുമുള്ള ഒരു മനുഷ്യനോടു നിൻെറ കാര്യങ്ങളെപ്പററി പ്രതിപാദിക്കുക. യുവജനങ്ങളോടും അപരിചിതരോടും അധികമായി സഹവസിക്കരുതു്. ധനാഢ്യന്മാരുടെ മുഖസ്തുതിപാഠകനാകുകയോ വലിയവരുടെ കൂട്ടത്തിൽ കാണപ്പെടുന്നതിനു ആഗ്രഹിക്കുകയോ ചെയ്യരുതു്. വിനീതരും നിഷ്കളങ്കരുമായവരോടും ഭക്തരും സുശീലരുമായവരോടും സഹവസിക്കുകയും ഗുണകരമായ കാര്യങ്ങളെപ്പററി പ്രതിപാദിക്കുകയും ചെയ്യുക."
>
> —ക്രിസ്ത്വനുകരണം


# സത്യദീപം


> "അപ്പോൾ, പന്ത്രണ്ടുവർഷമായി രക്തസ്രാവത്താൽ പീഡിതയായിരുന്ന ഒരു സ്ത്രീ അവിടുത്തെ പിറകിൽവന്നു അവിടുത്തെ വസ്ത്രവിളുമ്പിൽ തൊട്ടു. അവിടുത്തെ വസ്ത്രവിളുമ്പിൽ തൊടുവാനെങ്കിലും കഴിഞ്ഞാൽ താൻ സുഖം പ്രാപിക്കും എന്നവൾ വിചാരിച്ചു. ഈശോ തിരിഞ്ഞു അവളെക്കണ്ടു്, അവളോടു പറഞ്ഞു: മകളേ, ഭയപ്പെടേണ്ടാ. നിൻെറ വിശ്വാസം നിനക്കു സുഖം പ്രദാനംചെയ്തിരിക്കുന്നു. ആ സ്ത്രീ അതേ വിനാഴികയിൽ സുഖം പ്രാപിച്ചു."
>
> —മത്തായി IX:20—22


"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1956 ഒക്ടോബർ 24—ബുധനാഴ്ച | Vol. 30, No. 11


# ദിവ്യചൈതന്യനികേതനമായ ക്രിസ്തുരാജൻ


(പോൾ പി. വട്ടക്കുഴി, ബി. എ.)




ആധുനികലോകം ഒരു ശാസ്ത്രയുഗത്തെയാണഭിമുഖീകരിക്കുന്നതെന്നു പറഞ്ഞാൽ അതൊരു യഥാർത്ഥ്യംമാത്രമാണു്. നമ്മുടെ ജീവിതത്തിൻെറ എല്ലാ തുറകളിലും ശാസ്ത്രം അതിൻെറ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ, ശാസ്ത്രം ഏതു രംഗത്തും വലുതായ വിജയം കൈവരിച്ചിരിക്കുകയാണു്. അതിൽ ശാസ്ത്രത്തിനു തികച്ചും അഭിമാനം കൊള്ളാവുന്നതാണു്.

ജീവോല്പാദനം എന്ന ഏക മഹൽകൃത്യംമാത്രം ഇന്നും ശാസ്ത്രത്തിനുപരിയായി നിലകൊള്ളുന്നുണ്ടു്. ഒരു നിസ്സാരകൃമിയെപ്പോലും ഉല്പാദിപ്പിക്കുവാൻ ശാസ്ത്രപരീക്ഷണത്തിനു ഇന്നുവരെ കഴിഞ്ഞിട്ടില്ല. സ്വയോല്പാദനശക്തിസംഭരണത്തിനുള്ള തല്പരകക്ഷികളുടെ പരിശ്രമങ്ങളെല്ലാം ദയനീയമായി പരാജയമടഞ്ഞിരിക്കുകയാണു്. കാരണം ദൈവത്തിനുമാത്രമേ ഉല്പാദനക്രിയയുടെ ചുക്കാൻപിടിക്കുവാൻ കഴിയുകയുള്ളുവെന്നതു തന്നെ.

ചെടികളും വൃക്ഷങ്ങളും അതതിൻെറ വിത്തിൽനിന്നു മുളക്കുകയും വളരുകയും അവയുടെ വർഗ്ഗത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ദൈവം ക്ലിപ്തപ്പെടുത്തിവച്ചിട്ടുള്ള രീതിയിൽ മാത്രമേ അവയുടെ ഉല്പാദനത്തിനുള്ള കഴിവു് പ്രാവർത്തികമാകുന്നുള്ളു. മനുഷ്യരുടെ ഉല്പാദനത്തിൽ ദൈവം നേരിട്ടുതന്നെ പ്രവർത്തിക്കുകയാണു്. മനുഷ്യാത്മാവു ദൈവം നേരിട്ടു സൃഷ്ടിക്കുന്നു. നല്ലവനായ ദൈവത്തിൻെറ ഈ പ്രവൃത്തിയാൽ മനുഷ്യജീവൻ ആനയിക്കപ്പെടുന്നു.

ഏവംവിധം വിശേഷബുദ്ധിയോടുകൂടി സൃഷ്ടിക്കപ്പെടുന്ന മനുഷ്യജീവികളിൽ അധഃപ്പതനത്തിനുശേഷം ആദ്ധ്യാത്മികജീവൻ പ്രദാനംചെയ്യുന്നതു് മിശിഹാവഴിയായിരിക്കണമെന്നു ദൈവം നിശ്ചയിച്ചിരിക്കുന്നു. ഈ ആദ്ധ്യാത്മികജീവൻ പ്രവഹിക്കുന്നതു് ദൈവികജീവനിൽനിന്നത്രെ. അതുകൊണ്ടു് ഈ ദൈവികജീവൻ അഥവാ ദൈവപ്രസാദവരം നമ്മിൽ സംജാതമാക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും രക്ഷകനായ ക്രിസ്തുവിൻെറ പ്രവർത്തനം അവശ്യം ആവശ്യമാകുന്നു. അവിടുന്നാകുന്നു നമ്മുടെ ആദ്ധ്യാത്മികദിവ്യചൈതന്യത്തിൻെറ നികേതനം. "ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല." (യോഹ: 8: 12)

ദൈവികജീവൻെറ ഏകമാത്ര ഉറവയായ മിശിഹാ അവിടുത്തെ മനുഷ്യാവതാരവും കുരിശുമരണവും വഴിയായിട്ടാണു് അതു സ്ഫടികസ്ഫുടം വ്യക്തമാക്കുന്നതു്. അവിടുന്നു സ്ഥാപിച്ച കൂദാശകൾ, പഠിപ്പിച്ച പ്രാർത്ഥനകൾ, പ്രദാനംചെയ്ത പ്രസംഗവരം ഇത്യാദി പ്രവർത്തനമാർഗ്ഗങ്ങൾവഴിയായിട്ടാണു് ഈ ദൈവികജീവനെ നമ്മിലേക്കു വ്യാപിപ്പിക്കുന്നു. തൻെറ പുത്രൻവഴിയല്ലാതെ ദൈവം യാതൊന്നും പ്രവർത്തിക്കുന്നില്ല. "സകലതും അവൻമൂലം ഉണ്ടായി. ഉണ്ടായിട്ടുള്ളതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല." (യോഹ: 1, 3) ക്രിസ്തുവിൻെറ സർവ്വാധിപത്യം ഇതിൽ പ്രകടമാകുന്നു.

മുന്തിരിത്തണ്ടിൻേറയും ശിഖരങ്ങളുടേയും ഉപമവഴിയായി ക്രിസ്തു ആദ്ധ്യാത്മികജീവചൈതന്യമാകുന്നുവെന്നും അവിടുത്തെ ജനങ്ങൾക്കു ജീവനുണ്ടാകുവാനാണു് അവിടുന്നു ലോകത്തിൽ വന്നതെന്നും അവിടുന്നുതന്നെ വിശദീകരിച്ചിരിക്കുന്നു. ഈ വസ്തുസ്ഥിതികഥനത്തിൽ അവിടുത്തെ ദിവ്യമഹത്വം സർവ്വോപരി ശോഭായമാനമാകുന്നു. ലോകോദ്ധാരകനായ മിശിഹായോടുകൂടി പ്രവർത്തിച്ചുകൊണ്ടുവേണം ആത്മാവുകളിലേക്കു ദൈവികജീവൻ പ്രവഹിപ്പിക്കുന്നതിനു്. ദൈവപ്രസാദവരത്തിൻെറ ഈ ഏകമായ ഉല്പത്തിസ്ഥാനത്തുനിന്നു ജീവജലം സംവഹിച്ചുകൊണ്ടുവേണം അവിടുത്തെ സഹപ്രവർത്തകർ അതു മററുള്ളവരിലേക്കു പ്രവഹിപ്പിക്കുവാൻ. വരപ്രസാദരാജാവു ക്രിസ്തുമാത്രമാണു്.

ഏവംവിധം ദൈവികജീവൻെറ മൂലം നമ്മുടെ ദിവ്യരക്ഷകൻ മാത്രമാണു്. ഈ സത്യത്തെ ഉപേക്ഷിക്കുകയോ പ്രവൃത്തിയിൽ അതിനെ അവഗണിക്കുകയോ ചെയ്താൽ, ഏററം വലിയ മൗഢ്യമായിരിക്കും അതു്. നമ്മുടെ എല്ലാ വ്യാപാരങ്ങളുടേയും മൂലപ്രമാണമായിരിക്കേണ്ട ഒരു തത്വത്തിൻെറ നിഷേധമാണതു്. ദൈവത്തിൻെറ സ്ഥാനത്തു ആവേശഭരിതമായ പ്രവർത്തനത്തെവച്ചു ആദരിക്കുക; വരപ്രസാദം അവഗണിക്കുക; മിശിഹായെ അവിടുത്തെ സിംഹാസനത്തിൽനിന്നു തള്ളിമാററുന്നതിനു അഹംബുദ്ധ്യാ പരിശ്രമിക്കുക; അഭൗമമായ ആത്മീയചൈതന്യം, പ്രാർത്ഥനയുടെ സിദ്ധി, മിശിഹായുടെ രക്ഷണീയകൃത്യത്തിൻെറ ഉദ്ദേശ്യം, ഇവയെ പ്രായോഗികജീവിതത്തിൽ അവഗണിക്കുക തുടങ്ങിയ പ്രവൃത്തികളെല്ലാം ഏതാദൃശമായ ഒരു മനോഭാവത്തിൻെറ അനന്തരഫലങ്ങളാണു്. പ്രാപഞ്ചികഗുണങ്ങൾക്കു് സർവ്വോപരി പ്രാധാന്യം നൽകപ്പെടുന്ന ഇക്കാലത്തു് ഏററക്കുറച്ചിലുണ്ടായിരിക്കാമെങ്കിലും ഈ നില സർവ്വസാധാരണമാണെന്നു് ആത്മാവുകളെ സംബന്ധിച്ചുള്ള സവിസ്തരമായ പഠനം തെളിയിക്കുന്നു. പ്രത്യക്ഷാനുഭവങ്ങളുടെ വെളിച്ചത്തിൽമാത്രം വിധികല്പിക്കയും, ഏതൊരു ഉദ്യമത്തിൻേറയും വിജയം സമർത്ഥമായ വ്യവസ്ഥിതിയെ പ്രാഥമികമായി ആശ്രയിച്ചിരിക്കുന്നുവെന്ന ധാരണയിൽ പ്രവർത്തിക്കുകയുമാണവർ ചെയ്യുന്നതു്.

അഭൗമചൈതന്യം പ്രദാനം ചെയ്യുക, വിശ്വാസം ജനിപ്പിക്കുക, പാപത്തിനറുതിവരുത്തുക, സുകൃതാഭ്യാസത്തിനു പ്രേരിപ്പിക്കുക, തീക്ഷ്ണതയാൽ ആത്മാവുകളെ ഉജ്ജ്വലിപ്പിക്കുക മുതലായവയെല്ലാം വരപ്രസാദത്തിൻേറയും ആദ്ധ്യാത്മികജീവൻേറയും അമൂല്യവും അതുല്യവുമായ പ്രവർത്തനഫലമാണു്. അവിടെയാണു് മിശിഹായുടെ അനന്തമായ ദിവ്യമഹത്വം, പ്രകൃത്യതീതമായ അധീശത്വം പ്രത്യക്ഷപ്പെടുന്നതു്. ദൈവം സർവ്വശക്തനും അനന്തനന്മയുമാണു്: മനുഷ്യരെ സത്യത്തിലേക്കും ജീവനിലേക്കും സമാകർഷിക്കുന്നതിനു അവിടുന്നു അത്യന്തം ആഗ്രഹിക്കുന്നു. അവിടുത്തെ സ്നേഹഹൃദയത്തിൽനിന്നു ദിവ്യരക്ഷകൻ സ്നേഹനിക്ഷേപങ്ങളെ വാരി വിതരണംചെയ്യുകയാണു്. അതേ സ്നേഹത്താൽ പ്രോജ്വലിതയായി, അവിടുത്തെ ദിവ്യമാതൃകയാൽ പ്രേരിതയായി തിരുസ്സഭ യുഗങ്ങൾതോറും ആ പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിൻെറ അധീശത്വത്തെ അംഗീകരിക്കുന്നതും അവിടുത്തെ സ്നേഹരാജ്യം പ്രചരിപ്പിക്കുന്നതും, ദിവ്യചൈതന്യത്തെ പ്രസരിപ്പിക്കുന്നതുമായ ഈ പ്രസ്ഥാനം പ്രയോഗത്തിൽ വരുത്തുന്നതിനു ഉത്തേജനം നൽകുന്നതാണു് അവിടുത്തെ രാജത്വത്തിരുനാൾമഹം. ദിവ്യചൈതന്യനികേതനമായ ക്രിസ്തുരാജൻ ലോകത്തെ പ്രകാശമാനമാക്കട്ടെ!

## വെൽക രാജാവേ! വെൽക!

(ഉലകംതറ)

വെൽക രാജാവേ വെൽക പാരിടമങ്ങേക്കിന്നു
ചൊൽകയാണഭംഗുരമംഗളവചസ്സുകൾ
ചെങ്കനൽ നെററിപ്പട്ടം കെട്ടിയാകാശത്തെത്തും
തങ്കമേഘത്തിൽക്കേറി കുരിശാം ചെങ്കോലുമായ്
നിത്യനൂതനസ്നേഹനിയമം പഠിപ്പിച്ചു
മർത്ത്യരിലനുഗ്രഹത്തേൻമഴ തൂകിത്തൂകി
നീയെഴുന്നള്ളു ദേവ! ക്രൂരമാം തമസ്സിൽനി-
ന്നീയുലകവിടുത്തെ വെളിച്ചം ദർശിക്കട്ടെ.

തിളങ്ങും കിരീടങ്ങൾ, മിന്നുങ്ങും ചെങ്കോലുകൾ
മുഴങ്ങും നൃപോചിത വന്ദനചക്രാരവം
ഭൂമുഖത്തുനിന്നെല്ലാം മാഞ്ഞുപോയവിടുത്തെ
പ്രേമസാമ്രാജ്യംമാത്രം നിലനില്ക്കുന്നു വീണ്ടും!
ആതുരക്കാശ്വാസമായവശക്കാലംബമായ്
മേദുരപാപാർത്തിക്കമ്പെഴുമത്താണിയായ്
വെൽകരാജാവേ വെൽക പാരിടമങ്ങേക്കിന്നു
ചൊൽകയാണഭംഗുരമംഗളവചസ്സുകൾ!

---

## സായാഹ്നദിവ്യപൂജ

ഇംഗ്ലണ്ടിൽ റാമിഗേററിലുള്ള സെൻറു അഗസ്റ്റിൻസ് ബനഡിക്റ്റയിൻ സന്യാസസഭാദേവാലയത്തിൽ എല്ലാ ദിവസവും വൈകുന്നേരം ദിവ്യപൂജ സമർപ്പിക്കുന്നതിനു തിരുസിംഹാസനത്തിൽനിന്നു അനുവദിച്ചിരിക്കുന്നു. ഒക്ടോബർ 7-ാംനു- മുതൽ ഒരു കൊല്ലത്തേക്കാണു് ഈ അനുവാദം.

—o—

# ക്രിസ്തുവിന്റെ സ്വഭാവപഠനം

## ഹൃദയഹാരിയായ സഹാനുഭൂതിയുടെ വിളനിലമായിരുന്നു അവിടുന്നു്

(റവ. ജെ. വട്ടക്കി എസ്. ജെ.)

III

ഇങ്ങനെ ക്രിസ്തു സത്യത്തിൽ വ്യാപരിച്ചതുകൊണ്ടു്, സത്യത്തിൽ മററുള്ളവരെ സ്നേഹിച്ചതുകൊണ്ടു് ആകർഷകമായ വിധത്തിൽ അവിടുന്നു എല്ലാവരോടും പെരുമാറി. ആരെയും ഹഠാദാകർഷിക്കത്തക്ക, ആക്കും തന്റെ നൈസർഗ്ഗികശാന്തതയും സൗമനസ്യവും അനുകമ്പയും രാജകീയപ്രൗഢിയും അചഞ്ചലനിശ്ചയദാർഢ്യവും പകർന്നുകൊടുക്കുവാൻ അനുയുക്തമായ ഒരു പ്രകൃതി ക്രിസ്തുവിനുണ്ടായിരുന്നു. അങ്ങയെ ഒരു പ്രാവശ്യം മാത്രമേ ഫിലിപ്പ് കണ്ടുള്ളു. എങ്കിലും അദ്ദേഹം വിളിച്ചുപറഞ്ഞു: "പ്രവാചകന്മാർ ആരെക്കുറിച്ചു് എഴുതിയിരിക്കുന്നുവോ, അവനെ, യൗസേപ്പിന്റെ പുത്രനായ നസ്രസ്സിൽനിന്നുള്ള ഈശോയെ ഞങ്ങൾ കണ്ടെത്തിയിരിക്കുന്നു." (Jn. I. 45) ക്രിസ്തുവിന്റെ ഒരു വാക്യം കേട്ടതേയുള്ളു, അപ്പസ്തോലന്മാർ തന്നെ അനുഗമിച്ചുകഴിഞ്ഞു. ചുങ്കക്കാരനായ മത്തായിയോടു് അവിടുന്നു ഒരേ ഒരു വാക്യം മാത്രമേ അരുളിച്ചെയ്തുള്ളു: "എന്നെ അനുഗമിക്കുക" എന്ന വാക്യം കേട്ടയുടനെ മത്തായി തന്റെ കുടുംബത്തേയും സുഹൃത്തുക്കളേയും ഉപേക്ഷിച്ചു് ക്രിസ്തുവിനെ അനുഗമിച്ചു. പാവപ്പെട്ടവർ മാത്രമല്ല പ്രഭുക്കളും നിയമജ്ഞരും അവിടുത്തെ വ്യക്തിമാഹാത്മ്യത്തിന്റെ മുമ്പിൽ നമോവാകംചെയ്തു. നിയമജ്ഞൻ ക്രിസ്തുവിന്റെ അടുത്തുവന്നു ചോദിക്കുന്നു: "റബ്ബി, നീ പോകുന്ന ഇടത്തേക്കു നിന്റെ പിന്നാലെ ഞാനും പോരട്ടയോ." (Mt. Vil!. 19)

മിശിഹായുടെ പ്രഭാഷണങ്ങൾ ജനക്കൂട്ടത്തെ ഇരുത്തി ചിന്തിപ്പിച്ചു. സുവിശേഷകൻ പറയുന്നു: "ഈശോ ഈ വാക്കുകൾ അവസാനിപ്പിച്ചപ്പോൾ ജനക്കൂട്ടങ്ങൾ അവന്റെ ഉപദേശത്തെപ്പററി വിസ്മയിച്ചു." (Mt. VII. 28) പ്രായപരമോ സാമ്പത്തികമോ സാമുദായികമോ ആയ വ്യത്യാസങ്ങൾ അവിടുത്തെ മുമ്പിൽ പരിഗണനാർഹങ്ങളായിരുന്നില്ല. കുഞ്ഞുങ്ങൾ അവിടുത്തെ മടിയിൽ ഓടിക്കയറിയിരുന്നു: "പൈതങ്ങൾ എന്റെ അടുക്കലേക്കു വരുവാൻ നിങ്ങൾ സമ്മതിക്കുവിൻ." (Mt. XIX. 14) ദുഷ്കീർത്തി സമ്പാദിച്ച പാപികൾ അവിടുത്തെ കോമളവദനത്തിൽ പാപവിമോചനത്തിന്റെ വെള്ളിരേഖകളെ സാമോദം കണ്ടറിയുന്നു. അഭിസാരികയോടു് അവിടുന്നരുളിച്ചെയ്തു: "ഞാനും നിന്നെ വിധിക്കുന്നില്ല. നീ പൊയ്ക്കൊള്ളുക. ഇനിമേൽ നീ പാപം ചെയ്യരുതു്." (Jn. VIII. 11) ദേവാലയത്തിലെ കച്ചവടക്കാർ അവിടുത്തെ ശബ്ദശ്രവണത്തിൽ ഓടിപ്പോകുന്നു. (Jn. II. 14—17) ക്രിസ്തുവിനെ പട്ടണത്തിനു പുറത്താക്കി പാറയിൽനിന്നു തള്ളിയിടുവാൻ ഉദ്യമിച്ചവർ കേവലം പാവകളായി രൂപാന്തരപ്പെട്ടു. അവിടുന്നു സമാധാനമായി അവരുടെ ഇടയിൽക്കൂടി കടന്നുപോയി. (Lk. IV. 30) ഇങ്ങനെയൊക്കെ ക്രിസ്തുവിന്റെ അടുത്തു വന്നവർ പ്രവർത്തിച്ചുവെങ്കിൽ അതിന്റെ കാരണം അവിടുത്തെ ബാഹ്യമായ പെരുമാററം ശ്ലാഘനീയവും സുശക്തവുമായിരുന്നതുകൊണ്ടാണു്. എങ്കിലും ഇതെല്ലാം അവിടുത്തെ ആന്തരികചൈതന്യത്തിന്റെ ഒരു പ്രതിഫലനം മാത്രമായിരുന്നു.

കൂടാതെയും, മുൻസൂചിപ്പിച്ചതുപോലെ, സമാധാനപരമായ മാർഗ്ഗങ്ങളിൽക്കൂടിമാത്രം ക്രിസ്തു തന്റെ ജീവിതോദ്ദേശ്യത്തെ പൂർത്തീകരിച്ചു അവിടുന്നു യഥാർത്ഥമായ ഒരു മാനുഷികജീവിതം നയിച്ചു. മനുഷ്യജീവിതത്തിന്റെ വിവിധവശങ്ങളെപ്പററി അവിടുന്നു പ്രതിപാദിച്ചു. കലീനങ്ങളായ വികാരവീചികൾ അവിടുത്തെ ഹൃദയതടിനിയിൽ ഓളംവെട്ടി. സുഹൃൽസമ്മേളനങ്ങളിൽ അവിടുന്നു നായകത്വംവഹിച്ചു. കല്യാണവിരുന്നിൽ അവിടുന്നു സംബന്ധിക്കുന്നു. അവരുടെ വിഷമാവസരത്തിൽ വെള്ളം വീഞ്ഞാക്കി അവരെ സഹായിക്കുന്നു. കണ്ണുനീർതൂകുന്ന മനുഷ്യരാശിയോടും വിശന്നുവലയുന്ന ജനക്കൂട്ടത്തോടും അവിടുന്നു സഹതപിച്ചു. ഓരോരുത്തരുടേയും സന്താപങ്ങളിൽ സഹതാപവും സഹഭാവവും പ്രകടിപ്പിച്ചു. സുവിശേഷകൻ പറയുന്നു: "(ഈശോ) വളരെ ജനക്കൂട്ടങ്ങളെ കണ്ടു് അവരുടെമേൽ മനസ്സലിഞ്ഞു് അവരിലെ രോഗികളെ സുഖപ്പെടുത്തി" (Mt. XIV. 14)

തികച്ചും മാനുഷികമായ വിചാരങ്ങളും, ഉൽകൃഷ്ടങ്ങളായ വികാരങ്ങളും അവിടുത്തേക്കുണ്ടായിരുന്നു. ലാസറിന്റെ മരണത്തിൽ അവിടുന്നു കരയുന്നു. പത്രോസിന്റെ അചഞ്ചലവിശ്വാസദാർഢ്യത്തിൽ വികാരഭരിതനാകുന്നു. യോഹന്നാന്റെ ആത്മാർത്ഥസ്നേഹത്തിൽ പുളകിതഗാത്രനാകുന്നു പാപിനിയെങ്കിലും ആത്മാർത്ഥതയുണ്ടായിരുന്ന മഗ്ദലനമറിയം ആ പാദങ്ങളെ തൈലംകൊണ്ടു് അഭിഷേകംചെയ്തതിൽ അഭിമാനം കൊള്ളുന്നു. പണംകൊണ്ടു് ഗർവ്വിഷ്ഠനായ സിമയോനു് അതൊരു പാഠമായി കാണിച്ചുകൊടുത്തു. പിതാവിന്റെ വിഷമങ്ങളും മാതാവിന്റെ സ്നേഹവും അവിടുത്തേക്കറിയാം. വിധവയുടെ മരിച്ച പുത്രനെ അവിടുന്നു ജീവിപ്പിക്കുകതന്നെചെയ്തു. ശത്രുക്കൾക്കു മാപ്പുനൽകുന്നതിലും തനിക്കു അപകാരം ചെയ്തവർക്കു ഉപകാരം ചെയ്യുന്നതിലും തന്നോടു ഹൃദയശൂന്യമായി, വികാരരഹിതമായി പ്രവർത്തിച്ചവരോടു് സ്നേഹം പ്രദർശിപ്പിക്കുന്നതിലും അവിടുന്നു ഒരു പ്രത്യേകസന്തോഷം കണ്ടെത്തിയിരുന്നു. തന്നെ കുരിശേററിയവരോടു് അവിടുന്നു ഹൃദയപൂർവ്വം ക്ഷമിക്കുന്നു: "പിതാവേ, ഇവരോടു് ക്ഷമിക്കേണമെ, ഇവർ ചെയ്യുന്നതെന്തെന്നു ഇവർ അറിയുന്നില്ല."

ഇങ്ങനെ ക്രിസ്തുവിന്റെ ആന്തരികവും ബാഹ്യവുമായ ഗുണഗണങ്ങൾ നിരവധിയാണു്. ചുരുക്കിപ്പറഞ്ഞാൽ സത്യം, സത്യത്തിലധിഷ്ഠിതമായ സ്നേഹം, സൗമനസ്യം, ശാന്തത, ലാളിത്യം ഇവയായിരുന്നു അവിടുത്തെ പെരുമാററത്തിന്റെ സാധാരണനിയമങ്ങൾ. സാന്ത്വനപ്പെടുത്തേണ്ടവരെ സാന്ത്വനപ്പെടുത്തി; അവശരെ ആശ്വസിപ്പിച്ചു; വിധവകളോടൊത്തു സഹതപിച്ചു; കുഞ്ഞുങ്ങളെ സന്തോഷിപ്പിച്ചു; എല്ലാവരോടും ദൈവരാജ്യത്തെപ്പററി സംസാരിച്ചു. ഇപ്രകാരം സർവ്വഥാ ശ്ലാഘനീയമായിരുന്ന അവിടുത്തെ പ്രവർത്തനങ്ങളിൽ മൂന്നു ഘടകങ്ങൾ തികച്ചും വ്യക്തമായി പ്രകാശിക്കുന്നുണ്ടു്—സത്യവും സ്നേഹവും രക്ഷണീയമായ അനുകമ്പയും. അവിടുന്നു സത്യമായിരുന്നു. ആ സത്യത്തെ അവിടുന്നു നിർവ്വിശങ്കം പ്രഖ്യാപിച്ചു. ആ സത്യത്തിൽത്തന്നെ അവിടുന്നു മററുള്ളവരെ സ്നേഹിച്ചു. സത്യത്തിലധിഷ്ഠിതമല്ലാത്ത സ്നേഹം അന്ധവും മൃഗീയവുമാണല്ലോ. അവിടുന്നു സ്നേഹിച്ചു; അനന്തമായി സ്നേഹിച്ചു; തന്റെ ജീവനെപ്പോലും താൻ സ്നേഹിച്ചവർക്കുവേണ്ടി കാഴ്ചവച്ചു. കൂടാതെ ക്രിസ്തു അനുകമ്പ പ്രദർശിപ്പിച്ചു, രക്ഷണീയമായ അനുകമ്പ. അനുകമ്പ രക്ഷണീയമല്ലെങ്കിൽ അതു സ്വാർത്ഥതയുടെ വെറുമൊരു വകഭേദമാണു്. പാപികളുടെമേൽ അവിടുന്നു അനുകമ്പ കാണിച്ചു. മർദ്ദിതരുടെമേൽ അനുകമ്പ; ജനക്കൂട്ടങ്ങളുടെമേൽ അനുകമ്പ;' ഒരൊററ വാക്യത്തിൽ, ക്രിസ്തു നന്മചെയ്തുകൊണ്ടു ജീവിച്ചു. (Acts. X, 38)


ദ്വിതീയ ചരമവാർഷികം



ശ്രീമതി റോസിലി കുഞ്ഞവര
മുളവരിക്കൽ, ഞാറക്കൽ
ജനനം 5 4 1929
മരണം 21 10 1954

"ദയാപരനായ ഈശോയെ, ഈ ആത്മാക്കു നിത്യാശ്വാസം കൊടുത്തരുളേണമെ."

R. I. P.

Inserted by her Husband and Children


ഇപ്രകാരം സുമോഹനവും, ശാന്തനിർഭരവും, സൗമനസ്യപൂർണ്ണവും രാജകീയപ്രൗഢികലർന്നതുമായ ജീവിതം കഴിച്ച വേറൊരു വ്യക്തി ഭൂമുഖത്തു് കാണപ്പെട്ടിട്ടില്ല; കാണപ്പെടുകയുമില്ല. ദിഗന്തങ്ങളിൽ ഇരമ്പിക്കയറുന്ന ക്രിസ്തുവിന്റെ നിസ്തുലവ്യക്തിമാഹാത്മ്യത്തെ തുരത്തുവാൻ പൈശാചികശക്തികൾ എത്രമാത്രം പ്രയത്നിച്ചാലും, മനുഷ്യൻ മനുഷ്യനായിരിക്കുന്നിടത്തോളംകാലം ക്രിസ്തുവിന്റെ ആന്തരികകമനീയതയെ കണ്ടാസ്വദിക്കുവാൻ ആളുകൾ ഉണ്ടാകാതിരിക്കുകയില്ല വധിച്ചിട്ടും മരിക്കാതെ നില്ക്കുന്ന, അധിക്ഷേപിച്ചിട്ടും കീർത്തിമാനായി നില്ക്കുന്ന, ക്രിസ്തുവിന്റെ മുൻപിൽ നമോവാകം ചെയ്യുവാൻ ലോകം തത്രപ്പെടും.

ക്രിസ്തു മനുഷ്യമനസ്സിന്റെയും ഹൃദയത്തിന്റെയും രാജാവാണു്. മിശിഹായുടെ വ്യക്തിവിലാസത്തെ വിശകലനം ചെയ്യുമ്പോൾ നമ്മൾ, നമ്മുടെ ജീവിതത്തിൽ അവിടുത്തെ ചിന്താഗതികളെ പ്രതിഫലിപ്പിക്കണം. നമ്മുടെ മനസ്സിനെയും ബുദ്ധിയേയും ആദ്യമായി അവിടുത്തേക്കു സമർപ്പിക്കണം. താത്വികശ്രേഷ്ഠരും ധിഷണാശാലികളുമായ എത്രയെത്ര മഹാത്മാക്കളാണു് ക്രിസ്തുവിന്റെ ജീവിതതത്വശാസ്ത്രത്തെ സ്വീകരിച്ചിട്ടുള്ളതു്. ബാസിൽ, ഗ്രിഗരി, ക്രിസോദസ്തോം, അഗസ്റ്റിൻ, ആംബ്രോസ്, ജെറോം, തോമസ് അക്വിനാസ്, ആൻസലം ഇങ്ങനെ ലോകചരിത്രത്തിൽ തിളങ്ങി പ്രകാശിക്കുന്ന എത്രയെത്ര പ്രതിഭാശാലികളാണു് ക്രിസ്തുവിന്റെ ലളിതങ്ങളായ തത്വങ്ങളുടെ മുൻപിൽ തലകുനിച്ചു് നമസ്കരിച്ചിട്ടുള്ളതു്! നാമും ഈ വിശുദ്ധ വരേണ്യരെപ്പോലെ ക്രിസ്തീയമായി ചിന്തിക്കുവാൻ പഠിക്കണം. "ഇന്നു നാം ചിന്തിക്കുന്നതു്, നാളെ നാം ആഗ്രഹിക്കും. മറെറന്നാൾ നാം ചെയ്യും" എന്നത്രെ ആപ്തവാക്യം.

നമ്മുടെ മനസ്സിനെ മാത്രം ക്രിസ്തുവിനു കൊടുത്താൽ പോരാ. നമ്മുടെ ഹൃദയത്തേയും അവിടുത്തേക്കായി അർപ്പിക്കണം. ക്രൂശിതനായ ക്രിസ്തു എത്രയെത്ര ഹൃദയങ്ങളെയാണു് കവർന്നെടുത്തിട്ടുള്ളതു്! ക്രൂശിക്കപ്പെട്ട മനുഷ്യൻ, സ്നേഹിക്കപ്പെട്ടു. ലോകം കേട്ടിട്ടില്ലാത്ത ഒരു വസ്തുതയാണു് ഇതു്. മതപീഡനങ്ങളുടെ ചരിത്രം അറിയാവുന്ന ആരും സമ്മതിക്കും, ക്രിസ്തുവിനെപ്പോലെ സ്നേഹിക്കപ്പെട്ട ഒരു വ്യക്തി ലോകത്തിൽ ഉണ്ടായിട്ടില്ലെന്നു്. ഡയക്ലീഷൻ, നീറോ, ഡൊമീഷ്യൻ മുതലായവരുടെ കാലത്തു് ക്രിസ്തുവിനായി ബലിയർപ്പിക്കപ്പെട്ട നിസ്തുലജീവിതങ്ങൾ—അവയെ എണ്ണി തിട്ടപ്പെടുത്തുവാൻ ആക്കു കഴിയും! എന്നാൽ മാംസരക്തങ്ങളുടെ അർപ്പണത്തെക്കാൾ സജീവമായ സ്നേഹം പ്രദർശിപ്പിക്കപ്പെടുന്ന വേറൊരു ബലിയുണ്ടു്—വ്യക്തിയുടെ പരിപൂർണ്ണമായ സമർപ്പണം. ഇപ്രകാരമുള്ള ആത്മാർപ്പണം ക്രിസ്തു മാത്രമേ ആവശ്യപ്പെട്ടിട്ടുള്ളു. ക്രിസ്തുവിനു മാത്രമേ ലഭിച്ചിട്ടുമുള്ളു. ഇതിനുള്ള സാക്ഷി ക്രിസ്തുമതാരംഭം മുതൽ ഇന്നുവരെ ഉണ്ടായിട്ടുള്ള ത്യാഗവരേണ്യരായ വൈദികരും സന്യാസിനീസന്യാസികളുമാണു്. വി. പൗലോസു് പറയുന്നു: "ക്രിസ്തുവിനെ സ്നേഹിക്കാത്തവൻ ഇടത്തുട്ടകാരനായിരിക്കട്ടെ."

(I Cor. xvi. 22)

ഒന്നുകൂടി വ്യക്തമാക്കിപ്പറഞ്ഞാൽ, ക്രിസ്തുവിനെപ്പോലെ നമ്മുടെ യഥാർത്ഥ ജീവിതോദ്ദേശ്യമെന്തെന്നു് നാം മനസ്സിലാക്കണം. ദൈവത്തിനായിട്ടു് ജീവിക്കുക. ഇതു മാത്രമാണു് ഒരു ക്രിസ്ത്യാനിയുടെ—അവൻ വൈദികനായാലും അൽമായനായാലും ശരി—ജീവിതത്തിന്റെ ഏകഉദ്ദേശ്യം. ഈ അടിസ്ഥാനതത്വത്തെ കേന്ദ്രമാക്കി നാം ചിന്തിക്കണം. താദൃശചിന്തകളിൽനിന്നു് യഥാർത്ഥ പ്രവർത്തനമൂല്യങ്ങൾ രൂപമെടുക്കണം; മററുള്ളവരെ സ്നേഹിക്കണം, അവരോടു് അനുകമ്പപ്രദർശിപ്പിക്കണം.

ക്രിസ്തീയസഹോദരങ്ങളേ, നിങ്ങൾ നിങ്ങളുടെ ജീവിതത്തെ ക്രിസ്തുവിൽ ആരംഭിക്കുക; ക്രിസ്തുവിൽ നവീകരിക്കുക; ക്രിസ്തുവിൽ അവസാനിപ്പിക്കുക. വി. അഗസ്റ്റിന്റെ ഭാഷയിൽ നിങ്ങൾ ഭക്ഷിക്കുന്ന ആഹാരവും, പാനംചെയ്യുന്ന ജലവും, ശ്വസിക്കുന്ന വായുവും ക്രിസ്തുവായിരിക്കട്ടെ. അങ്ങനെ നിങ്ങളുടെ ത്യാഗങ്ങളും ക്രിസ്തീയജീവിതവും ശാപഗ്രസ്തമായ ഈ ലോകത്തിന്റെ കദനഭാരം കുറയ്ക്കട്ടെ. അന്താരാഷ്ട്രീയ പ്രശ്നങ്ങൾക്കു് സമാധാനവും, രാഷ്ട്രങ്ങൾക്കു് സൗഭാഗ്യവും സംതൃപ്തിയും കുടുംബങ്ങൾക്കും വ്യക്തികൾക്കും സന്തോഷവും സമാധാനവും ലഭിക്കട്ടെ. അതിനായി നമുക്കോരോരുത്തർക്കും ക്രിസ്തുവിനെപ്പോലെ ചിന്തിക്കാം, ക്രിസ്തുവിനെപ്പോലെ സ്നേഹിക്കാം, ക്രിസ്തുവിനെപ്പോലെ പ്രവർത്തിക്കാം.

—o—


ESTD. 1927

# പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

പാലാ

30-6-1956


| | | |
|---|---|---|
| പിരിഞ്ഞു കിട്ടിയ മൂലധനം | 24,87,127 | രൂപാ |
| കരുതൽ ധനം ... | 14,60,819 | രൂപാ |
| ആകെ ഡിപ്പോസിററ് ... | 7,36,63,369 | രൂപാ |
| രൊക്കമിരിപ്പും മററു ബാങ്കുകളിൽ നിക്ഷേപവും | 1,66,38,795 | രൂപാ |
| ഗവമ്മേണ്ടു കടപ്പത്രങ്ങളിലുള്ള നിക്ഷേപം ... | 2,22,81,382 | രൂപാ |
| ആകെ മുതൽ ... | 7,93,08,821 | രൂപാ |

കെ. ജോസഫ് ആഗസ്തി
മാനേജിംഗ് ഡയറക്ടർ

PC. 2096 (Rev)

ആഖ്യായിക

# ബറാബാസ്



അദ്ധ്യായം 19 (തുടർച്ച)

## സംശയാധീനസമരം

(വി. സി. ജോർജ്ജ് ബി എ. എൽ. റി.)

"ഇയാളും ഒരു സൈനികൻതന്നെ. ഒരു ശതാധിപനെ എതിർക്കുവാൻ രണ്ടു സ്നേഹിതന്മാരെ പ്രേരിപ്പിക്കുകയും പിന്നീടു വിശ്വാസഭംഗംവരുത്തി അവരെ ഒററിക്കൊടുക്കുകയും ചെയ്തതാണിയാളുടെ കുററം. ഒരു സിംഹം ഇയാളെ പറിച്ചുചീന്തണമെന്നാണു് വിധി. ആ സ്നേഹിതന്മാർ ഇയാൾക്കെതിരെ വരുന്ന സിംഹത്തോടു പൊരുതി ഇയാളെ രക്ഷിക്കുവാൻ നിയുക്തരുമാണു്. ബുദ്ധിപൂർവ്വം ഇണക്കിയ ഒരു സൂത്രമാണിതു്" പീലാത്തോസ് ക്ലാവുദിയായോടിപ്രകാരം വിസ്തരിച്ചുപറഞ്ഞു.

ക്ലാവുദിയാ യാതൊന്നും സംസാരിച്ചില്ല. സാധുക്കളായ മനുഷ്യരെ നിഷ്ഠുരമർദ്ദനത്തിനു വിധേയരാക്കാൻ ഒരുക്കിവെച്ച മാർഗ്ഗങ്ങൾ ബുദ്ധിപൂർവ്വകമെന്നഭിമാനിച്ച സ്വഭർത്താവിനെപ്പററി അവർക്കു ഭീതിതോന്നി. ആ മനുഷ്യർ കുററം ചെയ്തവരായിരുന്നാൽതന്നെയും പ്രസ്തുത മാർഗ്ഗങ്ങൾ സ്വീകരിച്ചുകൂടല്ലോ എന്നായിരുന്നു അവരുടെ ആശയഗതി.

ശിക്ഷാർഹരായ മററു രണ്ടുപേരെക്കൂടേയും രംഗത്തിറക്കി. ഇരുവരും ചെറുപ്പക്കാരായിരുന്നു. അവർക്കു ഓരോ കത്തി കൊടുക്കുകയും കാവൽഭടന്മാർ അവർ ചെയ്യേണ്ടതെന്തെന്നു അവരെ മനസ്സിലാക്കുകയുംചെയ്തു. അനന്തരം തൂണിനെതിരെയുണ്ടായിരുന്ന ഇരിമ്പുകൂട്ടിൻെറ വാതിൽ തുറന്നു. ഒരു സിംഹം അതിൽനിന്നു ചാടിയിറങ്ങി. കൂട്ടിലെ ഇരുട്ടിൽനിന്നു് സൂര്യപ്രകാശവിലാസത്തോടുകൂടിയ രംഗത്തേക്കുള്ള പ്രവേശനം ആ ജന്തുവിൻെറ കാഴ്ചയ്ക്കു് ക്രൂരനംവരുത്തിയിരിക്കാം. അതു നിശ്ചലം നിന്നു്, തലതാഴ്ത്തി, ചുററും നോക്കി. വലിപ്പംകൂടിയ, ശക്തിയേറിയ ഒരു മൃഗമായിരുന്നു അതു്. നീണ്ട വാലിൻെറ അഗ്രം തറയിൽ തട്ടിക്കൊണ്ടിരുന്നതിനാൽ മണൽത്തരികൾ തെറിച്ചു് താണനിരയിൽ സ്ഥലംപിടിച്ചിരുന്ന സന്ദർശകരുടെ സമീപം എത്തുകയുണ്ടായി.


സകലരുടേയും ശ്രദ്ധ സിംഹത്തിന്മേൽ പതിഞ്ഞു. ആ ജന്തു തലപൊക്കിനോക്കി, തൂണിനോടു ബന്ധിതനായ മനുഷ്യനെക്കണ്ടു് അങ്ങോട്ടു നീങ്ങുവാൻ ഭാവിച്ചു. കത്തിക്കാരായ ഇരുവരും സിംഹത്തെ കണ്ടമാത്രയിൽ പിറകോട്ടടിവെച്ചുമാറി. അവരുടെ പിമ്പിൽ അവരെ മുമ്പോട്ടു തള്ളിവിടുവാൻ കത്തിക്കാളുന്ന പന്തങ്ങളുമായി പട്ടാളക്കാർ നില്ക്കുന്നുണ്ടായിരുന്നു. ദണ്ഡാർഹിഷ്ടരായ ഇരുവരും സ്വല്പം മുമ്പോട്ടുനീങ്ങിയെങ്കിലും സിംഹം വീണ്ടും ഒന്നു ഗർജ്ജിച്ചതോടുകൂടി അവർ സ്തംഭിച്ചു. പന്തത്തിലെ തീയ് മുതുകു ചുട്ടുകരിഞ്ഞപ്പോൾമാത്രമേ അവർ ഇളകിയുള്ളു. ജനസംഘം അക്ഷമരായി വർത്തിച്ചു.

"എടാ, ഭീരുക്കളേ, സിംഹത്തിൻെറനേരെ ചെല്ലു" എന്നിങ്ങനെ ചിലർ അലറി. മററു ചിലർ എന്തൊക്കെയോ വിളിച്ചുപറഞ്ഞു് സിംഹത്തിനു ചുണകയററുവാൻ ഉത്സാഹിച്ചു. തൂണിൽ കെട്ടിയിട്ടിരുന്ന കുററക്കാരൻ ഇപ്പോഴേക്കും ബോധരഹിതനായിരുന്നു. അയാളുടെ ശരീരം അടഞ്ഞ കണ്ണുകളോടുകൂടി ചങ്ങലയിൽ തൂങ്ങിക്കിടന്നു.

ആ ദുരിതാങ്കം അപ്രതീക്ഷിത ശീഘ്രതയിൽ അവസാനിച്ചു. ഒററച്ചാട്ടത്തിനു സിംഹം തൂണിലുണ്ടായിരുന്ന ആളിനെ സമീപിക്കുന്നു. തൂണു് മറിഞ്ഞു നിലംപതിച്ചു. ദുർഭഗമായ ആ മനുഷ്യശരീരത്തിന്മീതെ ആ ഹിംസ്രജന്തു കുനിഞ്ഞുനിന്നു. അരക്ഷണംകൊണ്ടു് അരക്ഷിതമായ ആ ദേഹത്തിൽ സിംഹത്തിൻെറ നഖരങ്ങൾ കുഴിമാന്തി. അതിൻെറ ഭീകര ദംഷ്ട്രങ്ങൾ അയാളുടെ കഴുത്തും തലയുംകടിച്ചു ചവച്ചുകയുംചെയ്തു.

ദണ്ഡാർഹിഷ്ടരിരുവരും ഈ അവസരം ഉപയോഗപ്രദമാക്കുവാനുദ്യമിച്ചു. ജനാവലിയുടെ ആരവത്തിൽ പ്രോത്സാഹിതരായ അവർ നിശ്ശബ്ദം സിംഹത്തെ സമീപിച്ചു് ഒരേസമയംതന്നെ തങ്ങളുടെ കത്തികൊണ്ടതിനെ വെട്ടി. അവരുടെ വെട്ടിനു ശക്തി കുറവായിരുന്നു. ആ വനജന്തുവിൻെറ പീതചർമ്മത്തിൽ രക്തധാരയോടുകൂടിയ രണ്ടു സുദീർഘക്ഷതങ്ങൾ ഏല്പിക്കുവാനെ അവർക്കു കഴിഞ്ഞുള്ളു. ക്രുദ്ധനായ സിംഹം മിന്നൽവേഗത്തിൽ അവരെ എതിരിട്ടു. പിന്നോക്കം പായുവാനവർക്കു സൗകര്യമുണ്ടാകുന്നതിനുമുമ്പു് ആ ജന്തുവിൻെറ പാദാഘാതം അവരെ താഴെയിട്ടു. എന്തു സംഭവിച്ചുവെന്നു് സന്ദർശകർക്കു ചിന്തിക്കുവാൻ സമയമാകുന്നതിനുമുമ്പു് കത്തിക്കാരിരുവരും ആകാരരഹിതമായ ഒരു ചെറുപിണ്ഡമായിത്തീർന്നു. അങ്ങനെ ആ രംഗവും അവസാനിച്ചു. തീക്കൊള്ളികളും കാച്ചിപ്പഴുപ്പിച്ച ഇരിമ്പുകമ്പികളും കൊണ്ടു് കൂട്ടിലേക്കു വീണ്ടും ഓടിക്കപ്പെട്ട സിംഹത്തെ ആളുകൾ ആർത്തുവിളിച്ചനുമോദിച്ചു. അനന്തരം ഹതരായ മൂന്നാളുകളുടേയും അവശിഷ്ടങ്ങൾ രംഗത്തുനിന്നു മാററപ്പെടുകയും രക്തംകെട്ടിനിന്നിരുന്ന സ്ഥലങ്ങളിൽ മണൽവിരിച്ചു് വിനോദരംഗം വീണ്ടും മോടിപിടിപ്പിക്കുകയുംചെയ്തു.

അഞ്ചാം ചരമവാർഷികം



ഫാദർ അബ്രാഹം കൊടകശ്ശേരി
ചരമം 25-10-1951
Inserted by Fr. T. Kodakachery

2-ാം ചരമവാർഷികം



കളപ്പുറമ്പത്തു കാക്കു ഭാര്യ
നൈത്തി, ആലുവാ.
മരണം 21-10-1954
"ദയാപരനായ ഈശോ, ഈ ആളുടെ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ."
R. I. P.

"ജന്തുക്കളുടെ കാര്യത്തിൽ യാതൊരു കുഴപ്പവുമില്ല. അവ അവയുടെ ജോലി ശീഘ്രത്തിൽ ഭംഗിയായി നിർവ്വഹിക്കുന്നു" പീലാത്തോസ് ക്ലാവുദിയായോടു ഈ അഭിപ്രായം പുറപ്പെടുവിച്ചു.

ക്ലാവുദിയാ യാതൊരു സമാധാനവും നൽകിയില്ല. അവരാകട്ടെ വിനോദരംഗത്തുണ്ടായ രക്തച്ചൊരിച്ചിലിൻേറയും മററനർത്ഥങ്ങളുടേയും ഫലമായി ബോധംകെട്ടുവീഴാറായിരുന്നു. "എൻെറ ഓമനസ്സ്ത്രീവകയൊക്കെ ഏറെക്കുറെ ദുസ്സഹമാണെന്നെനിക്കറിയാം. അധൈര്യപ്പെടാതിരിക്കൂ. അടുത്ത ചടങ്ങു് താരതമ്യേന രസാവഹമായിരിക്കും" പീലാത്തോസ് സമാശ്വസിപ്പിച്ചു.

തൻെറ തടങ്കൽമുറിയിൽ കിടന്നപ്പോൾ പുറത്തുണ്ടായ ബഹളവും ഒച്ചപ്പാടും ബറാബാസിനു കേൾക്കാമായിരുന്നു. ജനങ്ങളുടെ ശബ്ദകോലാഹലങ്ങളിൽ അയാൾ ഒട്ടും ശ്രദ്ധപതിച്ചില്ല. സ്വന്തം കാര്യത്തിൽ അയാളുടെ ചിന്ത അത്രയ്ക്കു വ്യാപൃതമായിരുന്നു. പെട്ടെന്നു അയാളുടെ മുറിയുടെ ഇരിമ്പുവാതിൽ തുറക്കപ്പെട്ടു. കാവൽഭടന്മാരിൽ നാലുപേർ മുറിയിൽ പ്രവേശിച്ചു. അയാളെ വലിച്ചെഴുന്നേല്പിച്ചു് അയാളുടെ പുറംകുപ്പായം മാററി. ഒരു വലിയ ഗദ കൈയിൽ കൊടുത്തിട്ടു് പുറത്തേക്കു തള്ളിയിറക്കി. അടുത്ത ക്ഷണം താൻ വിനോദരംഗത്തു ഏതാണ്ടു മദ്ധ്യത്തിൽ നില്ക്കുന്നുവെന്ന ബോധോദയം ബറാബാസിനുണ്ടായി.

കണ്ണഞ്ചിക്കുന്ന ക്രീഡാരംഗത്തെ പ്രകാശപൂരത്തിൽ ബറാബാസിൻെറ നാമം ചൊല്ലി ചിരിക്കുകയും അട്ടഹസിക്കുകയും അധിക്ഷേപിക്കുകയും ചെയ്ത ആൾക്കൂട്ടത്തെ തിരിച്ചറിയുവാൻ അയാൾക്കു ആദ്യം സാധിച്ചില്ല. പിന്നീടു് ആളുകളെ കണ്ടു് കാര്യവും മനസ്സിലായി. ഒരു മരക്കമ്പു ആയുധമാക്കി സിംഹത്തെ താൻ എതിരിടേണ്ട ഘട്ടം വന്നുവെന്നയാൾ ധരിച്ചു. ഫലത്തെപ്പററി സംശയത്തിനു വകയുണ്ടായിരുന്നില്ല. ഇതാണല്ലോ പീലാത്തോസ് തനിക്കു വാഗ്ദാനംചെയ്തിരുന്ന ശീഘ്രമരണം. അതൊരുകണക്കിൽ നന്നായെന്നു് ബറാബാസ് ചിന്തിച്ചു. ഗദ മൊത്തത്തിൽ ഒന്നു പരിശോധിച്ചിട്ടു്, കൊള്ളരുതാത്ത ആ ആയുധം ദൂരെയെറിഞ്ഞു് മരണം ശീഘ്രതരമാക്കുകയല്ലയോ വേണ്ടതെന്നും പിന്നീടയാൾ സംശയിച്ചു.


അപ്പോഴേക്കും രംഗഭൂമിക്കെതിർവശത്തുണ്ടായിരുന്ന ഒരു പടിവാതിൽ കാവൽഭടന്മാർ തുറന്നു. ആ വാതിലിൽക്കൂടി അവരിൽ ചിലർ വലിച്ചിഴച്ചുകൊണ്ടുവരുന്ന ഒരു സിംഹത്തിൻെറ കോലം കാണാറായി. അതു വെറും അസ്ഥിക്കൂടം മാത്രമായിരുന്നു. ദയനീയമായ മുരങ്ങലും ചീററലും അകമ്പടിസേവിച്ചു് ആ ജന്തു മുന്നോട്ടുനീങ്ങി. അതിൻെറ തൊലി ചിതലു തിന്നതുപോലെ മിക്കവാറും രോമരഹിതമായിരുന്നു. തലമുതൽ വാലുവരെ സകല അവയവങ്ങളും വിറച്ചിരുന്ന ആ കോലത്തിൽ കാൽഭാഗം ജീവനേ അവശേഷിച്ചിരുന്നുള്ളു.

ആകാശത്തട്ടു പൊളിക്കത്തക്ക കൂട്ടച്ചിരി സർവ്വത്ര മുഴങ്ങി. "യൂദാ ബെൻയാക്കോബു്!", "സമരവീരനായ യൂദാ!", "വമ്പൻ മക്കാബ്യൻ!" എന്നിങ്ങനെ ആയിരംപേരുരുവിട്ടു. കൂട്ടച്ചിരിതെല്ലും തടവില്ലാതെ കൊടുങ്കാററെന്നോണം നാലുപാടും വീശി.


(തുടരും)

# എറണാകുളം—കോട്ടയം റെയിൽവേ


ഒക്ടോബർ 17-ാംതീയതി റെയിൽവെ മന്ത്രി ലാൽ ബഹദൂർ ശാസ്ത്രി ഉൽഘാടനം ചെയ്തു



എറണാകുളം സൗത്തു് ജംഗ്ഷൻ. ഇപ്പോഴത്തെ സ്റ്റേഷനിൽ നിന്നു് മീററർഗേജ് പ്ലാററുഫോറത്തിലേക്കു് കടക്കുന്നതിനുള്ള ഓവർബ്രിഡ്ജും മീററർഗേജ് പ്ലാററുഫോറവും മററും.



മൂവാററുപുഴയിലെ പാലം. കൊല്ലം-എറണാകുളം റെയിൽവേയിലെ ഏററവും ദൈർഘ്യമുള്ള ഈ പാലത്തിനു 600 അടി നീളമുണ്ടു്.



കണിയാമ്പുഴ ആററിൽ പാലത്തിന്മേൽ ഗർഡറുകൾ സ്ഥാപിക്കുന്നു.



കോട്ടയത്തെ റെയിൽവേസ്റ്റേഷനും ഓവർബ്രിഡ്ജും.

# വി. ഡോൺ ബോസ്കോയും പ്രോട്ടസ്റ്റൻറു വൈദികനും

(ഫാദർ തോമസ് മണ്ണഞ്ചേരി)

വഴിതെററിപ്പോയ ആത്മാക്കളെ "നല്ല ഇടയൻെറ" പക്കലേക്കു കൂട്ടികൊണ്ടുവരുന്നതിനു വി. ഡോൺബോസ്കോ തനിക്കു ലഭിച്ച അവസരങ്ങൾ ഒരിക്കലും നഷ്ടപ്പെടുത്തിയിട്ടില്ല. ഡോൺബോസ്കോയുടെ ശിഷ്യന്മാരിൽ ഒരാൾ സത്യസഭയാകുന്ന അജക്കൂട്ടത്തിൽനിന്നും തെററി ചില പ്രലോഭനങ്ങൾക്കു വശംവദനായി ഒരു പ്രോട്ടസ്റ്റൻറുവിഭാഗമായ വാൽഡേൻഷ്യൻപാഷണ്ഡികളുടെ കൂട്ടത്തിൽ ചേരുകയുണ്ടായി. അയാൾ രോഗബാധിതനായി കിടക്കുന്നുവെന്നും ഭൂതകാലജീവിതത്തെപ്പററി അനുതപിച്ച് കുമ്പസാരിക്കാൻ താല്പര്യം പ്രദർശിപ്പിക്കുന്നുവെന്നും ഡോൺബോസ്കോ കേട്ടു. പക്ഷെ രാപകൽ ഇടവിടാതെ രോഗിയെ കാത്തുനിന്നിരുന്ന വാൽഡേൻഷ്യൻസഭക്കാർ ഇതിനൊരു പ്രതിബന്ധമാണെന്നും അദ്ദേഹം അറിഞ്ഞു. രോഗിയുടെ മാതാവ് ആ ഇടവകയുടെ ബ: വികാരിഅച്ചനെ കാര്യം ധരിപ്പിച്ചു. എന്നാൽ കത്തോലിക്കാവൈദികന്മാർ അകത്തു പ്രവേശിക്കാൻ വാൽഡേൻഷ്യൻപുരോഹിതൻ അനുവദിച്ചില്ല. തന്നെയുമല്ലാ കത്തോലിക്കർ ആരും രോഗി താമസിച്ചിരുന്ന സ്ഥലത്തു പ്രവേശിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ അവർ ചെയ്യുകയും ചെയ്തിരുന്നു. മരണാസന്നനായിക്കിടന്ന ആ യുവാവ് പ്രോട്ടസ്റ്റൻറുമതം ഉപേക്ഷിച്ച് കത്തോലിക്കാസഭയിലേക്കു പോകുന്നതു് തങ്ങളുടെക്കൂട്ടർക്കു ആക്ഷേപകാരണമായി അവർ വിചാരിച്ചിരുന്നു. അതിനാൽ ആ യുവാവിനെ പ്രോട്ടസ്റ്റൻറുമതത്തിൽനിന്നും വിട്ടയക്കാതിരിക്കാൻ അവർ കഴിവുള്ള ശ്രമങ്ങൾ എല്ലാം ചെയ്തുകൊണ്ടിരുന്നു. സ്ഥലത്തെ ബ: വികാരി അച്ചൻ രോഗിയെ ചെന്നുകാണാൻ ശ്രമിച്ചുവെങ്കിലും രോഗം അത്ര വിഷമസ്ഥിതിയിൽ എത്തിയിട്ടില്ലെന്നും അല്പമായ ശല്യം രോഗിക്കു് മരണകാരണമായേക്കുമെന്നും പറഞ്ഞ്. അവർ പ്രവേശനം നിഷേധിച്ചു.

ഈ വിവരങ്ങൾ മനസ്സിലാക്കിയതിനുശേഷം ഒരു ദിവസം ഉച്ചകഴിഞ്ഞു് രണ്ടുമണിസമയത്തു ബലിഷ്ഠകായന്മാരായ രണ്ടു ശിഷ്യന്മാരെ കൂട്ടികൊണ്ടു്, ഡോൺബോസ്കോ രോഗിയായ യുവാവു കിടന്നിരുന്ന ഭവനത്തിലേക്കു കയറിച്ചെന്നു. അദ്ദേഹം ആരോടും യാതൊന്നും സംസാരിക്കാതെ രോഗി കിടന്നിരുന്ന സ്ഥലത്തേക്കു നടന്നു. ഉടൻതന്നെ അവിടെനിന്ന പ്രോട്ടസ്റ്റൻറുവൈദികൻ അദ്ദേഹത്തെ നിരോധിച്ചുകൊണ്ടു പറഞ്ഞു: "ഫാദർ നിങ്ങൾക്കെന്താണു വേണ്ടതു്?"

ഡോൺബോസ്കോ:- "എനിക്കു ഈ രോഗിയോടു് ചില കാര്യങ്ങൾ പറയുവാനുണ്ടു്."

"സാധിക്കുകയില്ല; ഡോക്ടരുടെ നിർദ്ദേശം നിങ്ങൾക്കു അറിഞ്ഞുകൂടേ?"

ഡോൺബോസ്കോ:- "ഞാൻ അകത്തു പ്രവേശിക്കട്ടെ; എനിക്കു സമയമില്ല. ഇയാളുടെ അമ്മയോടു ഒരു വാക്കുമാത്രം പറഞ്ഞാൽമതി. ഞാൻ ഇതാ പോയിക്കഴിഞ്ഞു. ഹാ, ഇതാ, ആ സ്ത്രീ. എന്താ നിങ്ങൾക്കു സുഖമാണോ? നിങ്ങളുടെ മകൻ പീററിൻെറ സുഖക്കേടു് എങ്ങനെയിരിക്കുന്നു?" ഇപ്രകാരം പറഞ്ഞ് ഡോൺബോസ്കോ ആസന്നമരണനായ ആ യുവാവിൻെറ കട്ടിലിൻെറ അടുക്കലേക്കു സാവധാനം നടന്നു.

പ്രോ. വൈദികൻ:- "ഫാദർ, ഒരിക്കൽക്കൂടി ഞാൻ........."

"ഹേയ്, അങ്ങു മാറിനിൽക്കൂ" എന്നുപറഞ്ഞ് തന്നെ തടഞ്ഞ വൈദികനെ മാററിക്കൊണ്ടു് ഡോൺബോസ്കോ രോഗി കിടന്ന മുറിയുടെ വാതിൽതുറന്നു. മരണാസന്നനായ ആ യുവാവ്, തൻെറ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായ ആ വന്ദ്യവൈദികൻ തൻെറ സമീപെ നില്ക്കുന്നതുകണ്ടു്, സീമാതീതമായ സന്തോഷത്തോടെ, "ഹാ, ഡോൺബോസ്കോ" എന്നു വിളിച്ചു.

"എൻെറ പ്രിയ പീററാറേ, സുഖക്കേടു് എങ്ങനെയിരിക്കുന്നു; ഇപ്പോൾ നീ നമ്മുടെ ഓററിയെപ്പററി ഓക്കുന്നുണ്ടോ? എന്നെ തിരിച്ചറിയുന്നുവോ?"

പീററർ:- "തീർച്ചയായും ഞാൻ അങ്ങേ അറിയുന്നുണ്ടു്. അങ്ങേ, സ്വന്തകുററത്താൽ അങ്ങേ ഉപേക്ഷിച്ചുപോയ നിർഭാഗ്യനാണു ഞാൻ."

ഇതു കേട്ടപ്പോൾ ക്ഷുഭിതനായ പ്രോട്ടസ്റ്റൻറുവൈദികൻ പറയുന്നു: "ഒരിക്കൽക്കൂടി അവസാനമായി ഫാദർ, ഞാൻ പറയുന്നു, നിങ്ങൾ ഇവിടെനിന്നും പോകണം. നിങ്ങളുടെ സാന്നിദ്ധ്യം ഈ സാധുരോഗിക്കു് ഗുണത്തേക്കാൾ അധികം ദോഷമാണു ചെയ്യുന്നതു്."

ഡോൺബോസ്കോ:- "ഞാൻ പോകുവാനേ കരുതിയിട്ടില്ല, ഞാൻ ഇവിടെത്തന്നെ ഇരിക്കാൻ വിചാരിക്കുന്നു. ഈ നല്ല കുഞ്ഞിൻെറകൂടെ കുറേനേരം താമസിക്കുവാനാണു് ഉദ്ദേശിക്കുന്നതു്."

പ്രോ. വൈദികൻ:- "നിങ്ങൾക്കു എന്താണു് ഇത്ര ധിക്കാരം?"

ഡോൺബോസ്കോ:- "നിങ്ങൾക്കോ?"

പ്രോ. വൈദികൻ:- "ഞാൻ അമീഡിബെർട്ടു് എന്ന വാൽഡേൻസ്യൻ വൈദികനാണു്. നാം തമ്മിൽ കൂട്ടിമുട്ടുന്നതു് ഇതു് ആദ്യമായിട്ടല്ലല്ലോ."

ഡോൺബോസ്കോ:- "ഞാൻ വി. ഫ്റാൻസിസ് സെയിത്സിൻെറ ഓററിയുടെ ഡയറക്റാണെന്നു നിങ്ങളും അറിയണം."

പ്രോ. വൈദികൻ:- "എന്നാൽ ഈ സാധുരോഗിയുമായി നിങ്ങൾക്കെന്തു കാര്യം?"

ഡോൺബോസ്കോ:- "അയാളുടെ ആത്മാവിനെ രക്ഷിക്കണം."

പ്രോ. വൈദികൻ:- "അയാൾക്കു നിങ്ങളുമായി യാതൊരു ബന്ധവുമില്ല."

ഡോൺബോസ്കോ:- "എന്തുകൊണ്ടു്?"

പ്രോ. വൈദികൻ:- "വാൽഡെൻഷ്യൻസഭാംഗമായതുകൊണ്ടു്."

ഡോൺബോസ്കോ:- "വളരെ നല്ല യുക്തി; പത്തുകൊല്ലമായി ഇയാൾ എൻെറ ശിഷ്യഗണത്തിൽ ചേർന്നുകഴിഞ്ഞിട്ടു്."

പ്രോ. വൈദികൻ:- "അപ്പോൾ നിങ്ങൾ പോകുകയില്ലാ, അല്ലേ?"

ഡോൺബോസ്കോ:- "ഇല്ല. അനാവശ്യമായ സംഭാഷണത്തിൽ സമയം കളയുന്നതെന്തിനു്? നിങ്ങൾക്കു സമ്മതമാണെങ്കിൽ ഈ യുവാവുതന്നെ നമ്മുടെ തർക്കം തീർക്കട്ടെ." അനന്തരം രോഗിയുടെ നേരെ തിരിഞ്ഞു് ഡോൺബോസ്കോ ഇപ്രകാരം ചോദിച്ചു: "എൻെറ പ്രിയ കുഞ്ഞേ, പീററാറേ, നിൻെറ ആഗ്രഹം എന്താണെന്നു പറയുക."

പീററർ:- "ഞാൻ ഒരു കത്തോലിക്കനായി ജനിച്ചു; ഒരു കത്തോലിക്കനു യോജിച്ചവിധം മരണം പ്രാപിക്കുവാൻ അതിയായി ആഗ്രഹിക്കുന്നു. ഈ കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി ഞാൻ ചെയ്തുപോയ സകല പാപങ്ങളേയുംകുറിച്ച് ഹൃദയംഗമമായി അനുതപിക്കുന്നു."

ഈ വിശദമായ മറുപടി ആ പ്രോട്ടസ്റ്റൻറുവൈദികനെ ലജ്ജാഭരിതനാക്കി. തൻെറ ഉന്നം തെററിയിരിക്കുന്നുവെന്നു ധരിച്ചു് അദ്ദേഹം ഉടനെതന്നെ അവിടം വിട്ടുപോയി. ഡോൺബോസ്കോ തൽക്ഷണം ആ യുവാവിനെ കുമ്പസാരിപ്പിച്ചു.

അവൻ കത്തോലിക്കാവിശ്വാസത്തിനു എതിരായി യാതൊന്നും എഴുതുകയോ പ്രസംഗിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. അതിനാൽ അവനു പാപമോചനം നൽകുന്നതിനു പ്രതിബന്ധമൊന്നും ഉണ്ടായിരുന്നില്ല. കുമ്പസാരം കഴിഞ്ഞതിനോടെ അവനു ഹൃദയസമാധാനം കൈവന്നു. തൻെറ പിതാവിൻെറ വീട്ടിലേക്കു തിരിച്ചുവന്ന ആ യുവാവ് അത്യധികമായ ആനന്ദം അനുഭവിച്ചു.

വാൽഡേൻസ്യൻവൈദികൻ തല്ക്കാലം പരാജിതനായെങ്കിലും അദ്ദേഹം ഇതിനു തക്ക പ്രതികാരം ചെയ്യുമെന്നു് സുദൃഢം വിശ്വസിച്ചിരുന്ന ഡോൺബോസ്കോ രോഗിയെ വി. മൌറീസിൻേറയും വി. ലാസറിൻേറയും മാടമ്പികളുടെ ആസ്പത്രിയിലേക്കയച്ചു. അവിടെവച്ചു് അയാൾ ക്രൈസ്തവസമാധാനത്തോടും പശ്ചാത്താപത്തോടുംകൂടി ഇരുപത്തിനാലു മണിക്കൂറിനുശേഷം ഭാഗ്യമരണം പ്രാപിച്ചു.


# "രോഗം മാറുന്നില്ല"

## "ചികിൽസകൾ പലതും മാറിമാറി വളരെ ചെയ്തുവെങ്കിലും രോഗം മാറുന്നില്ല"

എന്നിങ്ങനെ ഞങ്ങളെ സമീപിച്ചുകൊണ്ടിരിക്കുന്ന രോഗികളിൽ മിക്കവരും പറയുന്നതുകൊണ്ടു്, സുഖപ്പെടുത്താവുന്നതായിട്ടുള്ള രോഗങ്ങളിൽ ചികിത്സകൾ ഫലിക്കാതിരിക്കുന്നതിൻെറ മുഖ്യകാരണങ്ങൾ വ്യക്തമാക്കിക്കൊള്ളുന്നു.

## "രോഗസ്തു ദോഷവൈഷമ്യം ദോഷസാമ്യമരോഗതാ"

(ത്രിദോഷങ്ങൾക്കു് ഏററക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ രോഗങ്ങൾ ഉത്ഭവിക്കയും, ത്രിദോഷങ്ങൾ സാമ്യമായി തീരുമ്പോൾ രോഗങ്ങൾ ശമിക്കയും ചെയ്യുന്നു.)

ഈ തത്വങ്ങളനുസരിച്ച് രോഗികളെ പരിശോധിക്കയും, ചികിത്സിക്കുകയും ചെയ്യാത്തതുകൊണ്ടാണു്, പല രോഗികൾക്കും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു കരകയറുവാൻ സാധിക്കാതെ നിരാശപ്പെട്ടു കഴിയേണ്ടിവരുന്നതു്.

അതായതു്, വാതപിത്തകഫങ്ങൾക്കു് ഏററക്കുറച്ചിലുകൾ സംഭവിക്കുമ്പോൾ സാമാന്യേന ആദ്യമായിട്ടനുഭവപ്പെട്ടുതുടങ്ങുന്നവകളും, ക്രമേണ നീർവീഴ്ച, ചുമ, ക്ഷയം, ഏങ്ങൽ, വയറുവേദന, പ്രമേഹം, കുഷ്ഠം മുതലായ രോഗങ്ങളെ ഉത്ഭവിപ്പിച്ചുകൊണ്ടിരിക്കുന്നവകളുമായ,

1. മലം വളരെ വരണ്ടോ, രണ്ടും മൂന്നും ദിവസംവീതം കൂടുമ്പോഴായോ, നാടപോലെ കനം കുറഞ്ഞോ, അല്പാല്പമായോ, ദിവസം പലപ്രാവശ്യമായോ, വളരെ താമസത്തോടുകൂടിയോ, കൊഴുപ്പോടും വേദനയോടും കൂടിയോ പോവുക (ദിവസം രണ്ടുനേരം വീതം സുഖമായി മലം പോകാതിരിക്കുക),
2. മലബന്ധവും അർശസ്സും (കുടലിലും മലദ്വാരത്തിങ്കലുമുണ്ടാവുന്ന കുരുക്കളും തടിപ്പും) മൂലം വായുവിൻെറ കീഴ്പോട്ടുള്ള ഗതി മുടങ്ങുക—വയററിൽ വായു നിറയുക—വയറുവീക്കുക—ഗ്യാസ്ട്രബ്ൾ,
3. രക്തം (രക്തത്തിലുള്ള മധുരരസവും മെഴുക്കും ഗുരുത്വാംശവും മററും) ക്രമംവിട്ടു് ക്ഷയിക്കയോ, വർദ്ധിക്കയോ, ദുഷിക്കയൊ ചെയ്യുക,
4. ദേഹം ക്രമംവിട്ടു് പുഷ്ടിക്കയൊ, ക്ഷീണിക്കയൊ—മെലിയുകയോ ചെയ്യുക.

എന്നീ ലക്ഷണ (രോഗ) ങ്ങളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ, മൂന്നോ അഥവാ നാലുംകൂടിയോ (അല്പമായ വിധത്തിലായാൽപോലും) അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നപക്ഷം, ആയതുകളെക്കൂടി ശമിപ്പിക്കുന്നതിനുള്ള ഔഷധങ്ങളും അന്നപാനങ്ങളും ഉപയോഗിപ്പിക്കാത്തതുകൊണ്ടാണു് നീർവീഴ്ച, ചുമ, ക്ഷയം, ഏങ്ങൽ, വയറുവേദന, പ്രമേഹം, കുഷ്ഠം മുതലായ രോഗങ്ങൾക്കുവേണ്ടി ചെയ്യുന്ന ചികിത്സകൾകൊണ്ടു് വേണ്ടത്ര ഫലം സിദ്ധിക്കാതിരിക്കുന്നതെന്നു സാരം.

ഇങ്ങനെ പ്രകൃതിനിയമങ്ങൾക്കു വിപരീതമായി—പ്രത്യക്ഷത്തിൽ കാണുന്ന രോഗങ്ങളെ മാത്രം ലക്ഷ്യമാക്കി—ചെയ്യുന്ന ചികിത്സകൾനിമിത്തം പലപ്പോഴും രോഗങ്ങൾക്കു് ശമനം സിദ്ധിക്കുന്നില്ലെന്നു മാത്രമല്ല, ഇങ്ങനെയുള്ള വഴിപിഴച്ച ചികിൽസകൾമൂലം "സാദ്ധ്യ"മായിട്ടുള്ള പല രോഗങ്ങളും "അസാദ്ധ്യ"രോഗങ്ങളായി പരിണമിക്കുകകൂടി ചെയ്യുന്നുണ്ടു്. പ്രകൃതിവിരുദ്ധമായിട്ടുള്ള ചികിൽസയുടെ ഫലങ്ങൾ ഇപ്രകാരമായതുകൊണ്ടു്, ചികിൽസകൾ പലതും മാറിമാറി ചെയ്തിട്ടു് സുഖപ്പെടാതെ കാണപ്പെടുന്ന രോഗങ്ങളെല്ലാം "മാറാരോഗ"ങ്ങളാണെന്നു തീരുമാനിക്കുന്നതു്—ത്രിദോഷങ്ങളെ സാമ്യമാക്കുന്നതിനുള്ള ചികിൽസകൾകൂടി ചെയ്യുന്നതിനുമുമ്പു് ഒരു രോഗിക്കു് "രക്ഷയില്ലെ"ന്നു വിധിക്കുന്നതു്—വളരെ തെററായിട്ടുള്ള ഒരു "വിധി"യാണു്.

എന്തുകൊണ്ടെന്നാൽ, പലവിധത്തിലുള്ള പരിശോധനകളും, നാനാപ്രകാരേണയുള്ള ഔഷധപ്രയോഗങ്ങളും കഴിഞ്ഞിട്ടു് സുഖപ്പെടാതിരുന്ന ക്ഷയം, ഏങ്ങൽ, വയറുവേദന, പ്രമേഹം, കുഷ്ഠം മുതലായ പലവിധ രോഗങ്ങൾക്കും വാതപിത്തകഫങ്ങളെ സാമ്യമാ (മൂലകാരണങ്ങളെ ശമിപ്പി)ക്കുന്നതിനുള്ള ചികിൽസകൾകൊണ്ടു് സുഖം സിദ്ധിച്ചിട്ടുള്ള അനുഭവങ്ങൾ ധാരാളമുണ്ടു്.

അതായതു്, രോഗമെന്തായാലും വിരോധമില്ല—രോഗമെന്താണെന്നു മനസ്സിലായാലും ഇല്ലെങ്കിലും വിരോധമില്ല, ദേഹത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുടെ—വാതപിത്തകഫങ്ങളുടെ—ശീതോഷ്ണങ്ങളുടെ—ഏററക്കുറച്ചിലുകളെ സാമ്യമാക്കി (പ്രകൃതിനിയമംപോലെയാക്കി) തീർക്കുന്നപക്ഷം, ആയുർബലമുള്ളവരായ രോഗികളുടെ രോഗങ്ങൾക്കെല്ലാം ശമനം സിദ്ധിക്കുമെന്നുള്ളതു് തീർച്ചയാണെന്നു സാരം.

ഫോൺ: അളഗപ്പനഗർ 542.
ടെലിഗ്രാം: കാളൻ, അളഗപ്പനഗർ.

**കാളൻ, നെല്ലായി (S. India)**


## വിനോദവീഥി



"ശടാ, വല്ല മുറിവോ ചതവോ പൊള്ളലോ പററിയാൽ പുരട്ടാൻ മരുന്നുവാങ്ങികൊണ്ടുവാന്നു പറഞ്ഞതിനു ഈ "വീട്ടപകടം" പുസ്തകമാണോടാ കഴുതേ കൊണ്ടുവന്നതു്?"

"ഇതുണ്ടെങ്കിൽ വീട്ടിൽ അപകടമുണ്ടാവില്ലല്ലോ അപ്പച്ചാ. പിന്നെന്തിനാ മരുന്നു്, എന്നുവച്ചു മേടിച്ചില്ലന്നേയുള്ളൂ."

× × ×

ഒരു പുസ്തകം ബയൻററെ ഏല്പിച്ചിട്ടു് അതിന്മേൽ തങ്കലിപികളിൽ കുത്തുന്നതിനുള്ള പേരും ബയൻറുചെയ്യുന്നതിനുള്ള നിർദ്ദേശവും ഒരു തുണ്ടുകടലാസിൽ ഇങ്ങനെ എഴുതിക്കൊടുത്തു:- "തുകൽ ബൻറു്—കെ. എം. ലീല."

അടുത്ത ആഴ്ചയിൽ പുസ്തകം ഭംഗിയായി തുകൽബയൻററിട്ടു മടക്കി ഏല്പിച്ചു. മുൻവശത്തു തങ്കലിപികളിൽ കുത്തിയിരുന്നു: "തുകൽ ബയൻറു്—കെ. എം. ലീല"—എന്നു്.

## വിദേശവാർത്തകൾ

ഫാത്തിമായിൽ പരിശുദ്ധകന്യകമറിയം പ്രത്യക്ഷപ്പെട്ട മൂന്നു കുട്ടികളിൽ ഇപ്പോൾ ജീവിച്ചിരിക്കുന്ന സിസ്റ്റർ ലൂസി ഒരു മൂന്നാം ലോകമഹായുദ്ധമുണ്ടാകുമെന്നു പ്രവചിച്ചിട്ടുണ്ടെന്നു് ഈ അടുത്തകാലത്തു പ്രചരിച്ച റിപ്പോർട്ടു് തീർത്തും അടിസ്ഥാനരഹിതമാണെന്നു സിസ്റ്റർ ലൂസിതന്നെ പ്രസ്താവിച്ചിരിക്കുന്നു.

—ബ്രിട്ടനിലെ ഫീൽഡുമാർഷൽ ഏൾ അലക്സാണ്ടർ കാസ്റ്റൽ ഗൊൺഡോൾഫോയിലെത്തി മാർപ്പാപ്പാ തിരുമേനിയെ സന്ദർശിച്ചിരിക്കുന്നു. 1944-ലെ റോം വിമോചനത്തിനുശേഷം ഏൾ അലക്സാണ്ടർ പരിശുദ്ധപിതാവിനെ ആദ്യമായി കാണുകയാണു്. കാസ്സിനോസമരത്തിൽ നിര്യാതരായ 4068 കോമൺവെൽത്തു ഭടന്മാരുടെ ഓർമ്മയ്ക്കായി ഇററലിയിൽ നിർമ്മിച്ചിരിക്കുന്ന സ്മാരകം ഉൽഘാടനം ചെയ്യുവാനാണു് അദ്ദേഹം ഇററലിയിലെത്തിയിരിക്കുന്നതു്.

—യുഗോസ്ലാവിയായിലെ ക്രിസ്തീയനാമങ്ങളോടുകൂടിയ ഗ്രാമങ്ങളുടെയെല്ലാം പേരുമാററുവാൻ ടിറോ ഗവമ്മെൻറുത്തരവായിരിക്കുന്നു. വിശുദ്ധന്മാരുടെ നാമം വഹിക്കുന്ന 400-ൽപരം ഗ്രാമങ്ങളാണു് അവിടെയുള്ളതു്.

—25 വയസ്സുള്ള ആൽഫ്റഡു് ജോസഫ് ബാർബോസാ, 24 വയസ്സുള്ള ജോൺ ജോസഫ് നൊറോഞ്ഞാ എന്ന രണ്ടു് ഇന്ത്യൻ തീർത്ഥകർ മദ്രാസിൽനിന്നു് 11160 മൈൽ മോട്ടോർസൈക്കിളിൽ യാത്രചെയ്തു് പാക്കിസ്ഥാൻ, ബലൂചിസ്ഥാൻ, ഇറാൻ, ഇറാക്കു്, ജോർഡാൻ, സിറിയാ, ലെബനോൻ, ടക്കി, ഗ്രീസ്, യുഗോസ്ലാവിയാ ഈ രാജ്യങ്ങൾ കടന്നു റോമയിലെത്തിയിരിക്കുന്നു. മി. നൊറോഞ്ഞാ ജോലിചെയ്യുന്ന ഒരു എണ്ണക്കമ്പനിയാണു് ഈ യാത്രയുടെ ചെലവുവഹിച്ചിരിക്കുന്നതു്.

—ലൊറെയിനിലെ അയേൺവർക്ക്സ് കമ്പനി ഉടമസ്ഥൻെറ വിധവയായ മാഡം ഡൈ ഉെ വെൻഡൽ 76-ാമത്തെ വയസ്സിൽ പരാലെമോണിയായിൽകമ്മലീത്താസന്യാസാശ്രമത്തിലെ ഒരു അംഗമായി ചേന്നിരിക്കുന്നു. ഈശോയുടെ സിസ്റ്റർ കാതറൈൻ എന്ന പേരാണു് അവർ സ്വീകരിച്ചിരിക്കുന്നതു്.

—സ്സെയിനിൽ 280-ൽ ഒരാൾ വൈദികനോ സന്യാസിയോ ആണു്. സ്സെയിനിൽതന്നെ 102,599 പേരും മിഷൻരാജ്യങ്ങളിൽ 25,000 പേരുമാണുള്ളതു്.

—പനാമായിലെ ആയിരത്തിൽപരം ബസുകളുടെ ജോലിക്കാർ ഈയിടെ പണിമുടക്കിയതു പനാമാ മെത്രാപ്പോലീത്തായുടെ മദ്ധ്യസ്ഥതയിൽ രഞ്ജിപ്പിൽ അവസാനിച്ചിരിക്കുന്നു.

—ന്യൂയോക്കിൽ നടന്നുകൊണ്ടിരിക്കുന്ന ഐക്യരാഷ്ട്ര അററമിക് എനർജി കോൺഫറൻസിൽ വത്തിക്കാനെ പ്രതിനിധീകരിക്കുന്നതു നോട്ടർഡാം സവ്വകലാശാല പ്രസിഡൻറു് ഫാദർ തീയഡോർ ഹെസ്ബർഗ്ഗും, പ്രിൻസ്റ്റൺ സവ്വകലാശാലയിലെ മാത്തമാററിക്സ് പ്രൊഫസർ മി. മാർസ്റ്റൺ മോഴ്സുമാണു്. ഫാദർ ഹെസ്ബർഗ്ഗു് അമേരിക്കൻ നാഷനൽ സയൻസ് ബോർഡിലെ ഒരു അംഗംകൂടിയാണു്.

—സുപ്രസിദ്ധ ആംഗ്ലേയസാഹിത്യകാരനായിരുന്ന ഹില്ലയർ ബെല്ലക്കിൻെറ പൗത്രൻ ഡോൺ ഫിലിപ്പു് ജെബ്ബ് ഒ. എസ്. ബി. ഇക്കഴിഞ്ഞ മാസത്തിൽ വൈദികപട്ടം സ്വീകരിച്ചിരിക്കുന്നു.

—അൽജീരിയായിൽനിന്നു് വിപ്ലവകാരികളെ സഹായിച്ചുവെന്ന കുററത്തിനു നാടുകടത്തപ്പെട്ട നാലു കത്തോലിക്കാ മിഷനറിമാർ അവിടേക്കു തിരിച്ചുപോകുന്നതിനു ഫ്റഞ്ചുഗവർമ്മെൻറു് ഇപ്പോൾ അനുവദിച്ചിരിക്കുന്നു. അറബികളായ കത്തോലിക്കർക്കു കൂദാശകൾ നൽകിയെന്നതാണു് അവരുടെ പേരിലുള്ള യഥാർത്ഥ കുററം.

—ബ്രസീലിൽ സാവോ പൗളോ എന്ന സ്ഥലത്തു വിശുദ്ധ പൗലോസിൻെറ ബഹുമാനാർത്ഥം 1394 അടി ഉയരത്തിൽ ഒരു ഗോപുരം നിർമ്മിക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു. ഇതു് ലോകത്തിലേക്കും ഉയരംകൂടിയ സൗധമായിരിക്കും. ഗോപുരത്തിനു മുകളിൽ വിശുദ്ധ പൗലോസിൻെറ 204 അടി ഉയരമുള്ള ഒരു പ്രതിമ സ്ഥാപിക്കുന്നതാണു്.

—വത്തിക്കാനിൽവെച്ചു നടന്ന ഫിലിംസ് ആൻഡു് ടെലിവിഷൻ കോൺഫറൻസിൽ 9 രാജ്യങ്ങളിൽനിന്നുള്ള വിദഗ്ദ്ധന്മാർ സംബന്ധിച്ചിരുന്നു. സമ്മേളനാദ്ധ്യക്ഷനു പരിശുദ്ധ പിതാവു് അയച്ച ഒരു സന്ദേശത്തിൽ, റേഡിയോ-ടെലിവിഷൻ പ്രക്ഷേപണങ്ങളുടെ ധാമ്മികമാനദണ്ഡമുയത്തുന്നതിൽ കത്തോലിക്കർ പ്രത്യേകതാല്പയ്യം കാണിക്കണമെന്നു് ഉദ്ബോധിപ്പിച്ചിരിക്കുന്നു.

# ചോദിച്ചാൽ പറയാം

32. ചോ: നമ്മുടെ ദിവ്യരക്ഷകൻ സുവിശേഷത്തിൽ ഒരിടത്തും അന്ത്യലേപനത്തെപ്പററി പറയുന്നില്ല. അവിടുന്നു പിന്നീടു് ആരോടെങ്കിലും അതു വേണമെന്നു പറയുകയുണ്ടായിട്ടുണ്ടോ? അതോ സൂനഹദോസുകൾ അതു വേണമെന്നു നിശ്ചയിച്ചതാണോ?

(വി. എം. വി. കുടക്കച്ചിറ)

ഉ: നമ്മുടെ ദിവ്യരക്ഷകൻ തൻെറ ജീവിതകാലത്തു പറഞ്ഞിട്ടുള്ളതും പ്രവത്തിച്ചിട്ടുള്ളതുമായ എല്ലാ കാര്യങ്ങളും സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നു കരുതുന്നതുതന്നെ അബദ്ധമാണു്. "ഈശോ ചെയ്തതു മററു പലതുംകൂടിയുണ്ടു്. അവ ഓരോന്നും എഴുതപ്പെട്ടിരുന്നുവെങ്കിൽ എഴുതപ്പെട്ടിരുന്ന ആ പുസ്തകങ്ങൾക്കു ലോകം തന്നെയും മതിയാകയില്ലായിരുന്നുവെന്നു ഞാൻ കരുതുന്നു." (യോഹ: XXI, 25) എന്നു അപ്പസ്തോലനായ വിശുദ്ധ യോഹന്നാൻ പറയുന്നു.

നമ്മുടെ ദിവ്യരക്ഷകനോടുകൂടി സഞ്ചരിക്കുകയും, അവിടുത്തെ തിരുവായ്മൊഴികൾ നേരിട്ടു കേട്ടു മനസ്സിലാക്കുകയും ചെയ്ത വിശുദ്ധ യാക്കോബ്ബുശ്ലീഹാ എഴുതുന്നു: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരിക്കുന്നുവെങ്കിൽ അവൻ സഭയിലെ മൂപ്പന്മാരെ വിളിക്കട്ടെ. അവർ അവനുവേണ്ടി പ്രാത്ഥിക്കുകയും, നമ്മുടെ കത്താവിൻെറ നാമത്തിൽ തൈലംകൊണ്ടു് അവനെ പൂശുകയുംചെയ്യട്ടെ. അപ്പോൾ വിശ്വാസത്തോടുകൂടിയ പ്രാത്ഥന ആ രോഗിയെ സുഖപ്പെടുത്തും. നമ്മുടെ കത്താവു് അവനെ എഴുന്നേല്പിക്കും. അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവ അവനോടു ക്ഷമിക്കപ്പെടുകയുംചെയ്യും" (യാക്കോ V, 14-15) ഇതുതന്നെയാണല്ലോ "അന്ത്യലേപന"മെന്നു പറയുന്നതും.

നമ്മുടെ കർത്താവു തൻെറ പരസ്യജീവിതകാലത്തു ശിഷ്യന്മാരെ സുവിശേഷപ്രചരണത്തിനായി പറഞ്ഞയക്കുകയുണ്ടായല്ലോ. തദനുസരണം അവർ പുറപ്പെട്ടുപോയി "വളരെ പിശാചുക്കളെ പുറത്താക്കുകയും വളരെ രോഗികളെ തൈലംപൂശി സുഖപ്പെടുത്തുകയും" ചെയ്തുവെന്നു സുവിശേഷകനായ വിശുദ്ധ മക്കോസ് (മക്കോ: VI, 13) പ്രസ്താവിക്കുന്നു. നമ്മുടെ ദിവ്യരക്ഷകൻ ശിഷ്യന്മാക്കു "വളരെ അധികാരങ്ങൾ" കൊടുത്താണു അവരെ പറഞ്ഞയച്ചതെന്നു സുവിശേഷകൻ ചൂണ്ടിക്കാണിക്കുന്നു. തൈലംപൂശി രോഗികളെ സുഖപ്പെടുത്തുവാനുള്ള ഈ അധികാരവും അവക്കു ക്രിസ്തുവിൽനിന്നാണു ലഭിച്ചതെന്നതിൽ സംശയിക്കാനില്ലല്ലോ. ഇവിടെ പറയുന്ന തൈലംപൂശൽ അന്ത്യലേപനത്തിൻെറ ഒരു മുൻചരായ ആണെന്നുള്ളതിനു തക്കമില്ല. സ്നാപകയോഹന്നാൻെറ മാമ്മോദീസാ മിശിഹാ സ്ഥാപിച്ച മാമ്മോദീസായുടെ മുൻചരായ ആയിരുന്നതുപോലെ.

ആകയാൽ അന്ത്യലേപനം നമ്മുടെ ദിവ്യരക്ഷകൻ ഒരു കൂദാശയായി സ്ഥാപിച്ചിട്ടുള്ളതും അപ്പസ്തോലികകാലംമുതൽ അനുസ്യൂതം സഭയിൽ നിലവിലിരിക്കുന്നതുമാണു്. ഒരു കൂദാശയുടെ എല്ലാ ലക്ഷണങ്ങളും വിശുദ്ധ യാക്കോബിൻെറ മുന്നുദ്ധരിച്ച വാക്യങ്ങളിൽ അടങ്ങിയിട്ടുണ്ടു്.

33. ചോ: വെളിപാടു പുസ്തകം I, 18 അനുസരിച്ചു് "മരണത്തിൻേറയും പാതാളത്തിൻേറയും താക്കോലുകൾ എൻെറ കൈവശമുണ്ടു്" എന്നു വി യോഹന്നാൻ പറയുന്നു. വിശുദ്ധ പത്രോസിനു പരമാധികാരം കൊടുത്തിട്ടുണ്ടെന്നുള്ളതു ശരിയാണോ? യോഹ: 1—2 അനുസരിച്ചു് പ്രിയനായ മററെ ശിഷ്യനും പത്രോസിനുള്ള അധികാരം കൊടുക്കേണ്ടതല്ലേ?

(ജി. എം. എ. വെങ്ങൂർ)

ഉ: വിശുദ്ധ പത്രോസിനു പരമാധികാരം കൊടുത്തിട്ടുണ്ടെന്നുള്ളതു ശരിയാണോയെന്ന ചോദ്യത്തിനു 20-ാം ചോദ്യത്തിനുള്ള മറുപടിയിൽ (സെപ്തം: 26) സമാധാനം നൽകിയിട്ടുണ്ടു്. വെളിപാടുപുസ്തകം വിശുദ്ധ യോഹന്നാൻ എഴുതിയതാണെങ്കിലും "മരണത്തിൻേറയും പാതാളത്തിൻേറയും താക്കോലുകൾ എൻെറ കൈവശമുണ്ടു്" എന്നതിലെ "എൻെറ" യോഹന്നാനെ ഉദ്ദേശിച്ചു പ്രയോഗിച്ചിട്ടുള്ളതല്ല. യോഹന്നാനോടു സംസാരിക്കുന്ന "ആദ്യനും അന്ത്യനും ജീവനുള്ളവനും മരിച്ചവനായിരുന്നവനുമായ" ആൾ ആണു് തന്നെപ്പററി "എൻെറ" എന്നു പ്രയോഗിച്ചിരിക്കുന്നതു്.

ചോദ്യകത്താവു് "യോഹന്നാൻ 1—2 അനുസരിച്ചു്" എന്നു പ്രയോഗിച്ചിരിക്കുന്നതു എന്താണെന്നു മനസ്സിലാകുന്നില്ല. യോഹന്നാൻ 1—2 ൽ "ഇവൻ ആദിയിൽ ദൈവത്തോടുകൂടിയായിരുന്നു" വെന്നാണു്. "പ്രിയനായ മററ ശിഷ്യൻ" വിശുദ്ധ യോഹന്നാനാണു്. വിശുദ്ധ യോഹന്നാനും പത്രോസിനുള്ള അധികാരം കൊടുക്കേണ്ടതല്ലേയെന്നാണു പ്രശ്നകത്താവു ചോദിക്കുന്നതു്. കൊടുക്കേണ്ടതല്ലായെന്നു അധികാരത്തിൻെറ ഉടയവനായ ക്രിസ്തു തീരുമാനിച്ചു. യോഹന്നാനുകൂടി കൊടുക്കേണ്ടതായിരുന്നു എന്നു പറയാൻ നമുക്കെന്തവകാശം?




## ഇൻഡ്യാ വാർത്തകൾ

ബോംബെ ഹൈക്കോടതി ചീഫ്ജസ്റ്റീസ് ശ്രീ മുഹമ്മദാലി കരിംചഗ്ല ബോംബെ ആക്ടിംഗ് ഗവണ്ണരായി ചാർജെടുത്തിരിക്കുന്നു.

— നിയോഗിക്കമ്മിററിറിപ്പോർട്ടുവഴി കുപ്രസിദ്ധിയാർജ്ജിച്ചുകഴിഞ്ഞിരിക്കുന്ന നാഗപ്പൂർ ഹൈക്കോടതി ചീഫ്ജസ്റ്റിസായിരുന്ന ഡോക്ടർ നിയോഗി ഹിന്ദുമതം ഉപേക്ഷിച്ചു ബുദ്ധമതം സ്വീകരിച്ചിരിക്കുന്നു.

—തലശ്ശേരി-മൈസൂർ റെയിൽവേലൈനിൻെറ സർവ്വേ ഇക്കൊല്ലം തന്നെ നടത്തുന്നതാണെന്നു റെയിൽവേമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—ബോംബെ ഗവമ്മെൻറിൻെറ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്നതിനായി പ്രതിപക്ഷക്കാർ നിയമസഭയിൽ ഹാജരാക്കിയ പ്രമേയം 234 പേർ എതിത്തും 33 പേർ അനുകൂലിച്ചും വോട്ടുചെയ്യുകയാൽ തള്ളിപ്പോയിരിക്കുന്നു.

—1956 നും 1961 നും ഇടകൊണ്ടു് മലേറിയാ നിർമ്മാജ്ജനംചെയ്യുന്നതിനുള്ള ഇൻഡ്യയുടെ പുതിയ പദ്ധതി ലോകാരോഗ്യസംഘടന അംഗീകരിച്ചിരിക്കുന്നു.

—ജമ്മൻ ആഭിമുഖ്യത്തിൽ ഒരു ടെക്നിക്കൽകോളേജ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി ആരായുവാൻ ബവേറിയൻ സ്റ്റേററു് വിദ്യാഭ്യാസമന്ത്രി പ്രൊഫസർ ആഗസ്റ്റു് റക്കാറു് ഇൻഡ്യയിലേക്കു പുറപ്പെട്ടിരിക്കുന്നു.

—കേന്ദ്രഭക്ഷ്യകൃഷിവകുപ്പിനെ രണ്ടു പ്രത്യേകവകുപ്പുകളായി വിഭജിച്ചിരിക്കുന്നു. ഭക്ഷ്യവകുപ്പിൻെറ ചാർജ് ശ്രീ അജിത്പ്രസാദു് ജയിനും കൃഷിവകുപ്പിൻെറ ചാർജ് ഡോക്ടർ പഞ്ചാബ്റാവു ദേശ്മുഖും വഹിക്കുന്നതാണു്.

—ഇൻഡ്യൻപ്രസിഡൻറു് രാജേന്ദ്രപ്രസാദു് ഒക്ടോബർ 21-ാംനു- നീപ്പാൾ സന്ദർശിച്ചിരിക്കുന്നു. മൂന്നുദിവസത്തെ പയ്യടനത്തിനുശേഷം അദ്ദേഹം തലസ്ഥാനത്തു തിരിച്ചെത്തി.

—സംസ്ഥാനപുനസ്സംഘടനയെ തുടന്നുള്ള ബോംബെസംസ്ഥാനത്തിൻെറ മുഖ്യമന്ത്രിയായി മി. വൈ. ബി. ചാവൻ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—പനഞ്ചക്കരവ്യവസായവികസനത്തിനായി 26 ലക്ഷം ക. ചെലവുവരുന്ന ഒരു പദ്ധതി കേന്ദ്രഗവമ്മെൻറു അംഗീകരിച്ചിരിക്കുന്നു.

—പുനസംഘടിപ്പിക്കപ്പെട്ട രാജസ്ഥാൻസ്റ്റേററിലെ കോൺഗ്രസ് പാർട്ടി ലീഡറായി മി. മോഹൻലാൽ സുഖാസിയാ ഐകകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

—മി. ശ്രീപ്രകാശയെ ബോംബെയിലേയും, മി. ബി. രാമകൃഷ്ണറാവുവിനെ കേരളത്തിലേയും, ഡോക്ടർ പട്ടാഭിസീതാരാമയ്യായെ മദ്ധ്യപ്രദേശത്തേയും, ഡോക്ടർ സി. പി. എൻ. സിംഗിനെ പഞ്ചാബിലേയും. മൈസൂർ രാജപ്രമുഖനെ മൈസൂറിലേയും, മി. ഗുരുമുഖ് നീഹാൾസിംഗിനെ രാജസ്ഥാനിലേയും മി. ചന്ദുലാൽ ത്രിവേദിയെ ആന്ധ്രായിലേയും മിസ് പത്മജാനായിഡുവിനെ പശ്ചിമബംഗാളിലേയും ഗവണ്ണർമാരായി നിയമിച്ചിരിക്കുന്നു.

—അടുത്ത ഐക്യരാഷ്ട്രജനറൽ അസംബ്ലിസമ്മേളനത്തിൽ ഉപാദ്ധ്യക്ഷസ്ഥാനത്തേക്കു ഇന്ത്യ ഒരു സ്ഥാനാത്ഥിയായി നിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

## മോൺ. മാത്യു പോത്തനാമുഴി തിരുമനസ്സിലെ യാത്രയയപ്പു്




പട്ടാഭിഷേകസ്വീകരണാത്ഥം ഒക്ടോബർ 22-ാംനു- റോമയിലേക്കു പുറപ്പെട്ടിരിക്കുന്ന കോതമംഗലം നിയുക്തമെത്രാൻ റൈററു റവ. മോൺ: മാത്യു പോത്തനാമുഴി തിരുമേനിയെ യാത്രയയക്കുന്നു. എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി, എറണാകുളം വികാരിജനറാൾ മോൺ: വല്യാറമ്പത്തു്, മോൺ. വറുഗീസ് പുതുശ്ശേരി, മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ മുതലായവരെയും ചിത്രത്തിൽ കാണാം.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1956 OCTOBER 24 || No. 11.


## ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ

കത്തോലിക്കാലോകം അത്യാദരപൂർവ്വം ആചരിക്കുന്ന ഒരു മഹദ്ദിനമാണു് ഒക്ടോബർ അവസാനഞായറാഴ്ചയിൽ സമാഗതമാകുന്ന ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ. ക്രിസ്തുവിൻെറ രാജത്വത്തിൻെറ അടിസ്ഥാനം സർവ്വചരാചരങ്ങളുടെമേലും അവിടുത്തേക്കുള്ള പരമാധിപത്യത്തിൻെറ നിദാനമായ ദൈവത്വമാണു്. അവിടുത്തെ ഈ അധീശത്വം സനാതനമാണു്; അവികലമാണു്; അവിഭാജ്യമാണു്; അലംഘനീയമാണു്. യാതൊരു സൃഷ്ടിക്കും സ്രഷ്ടാവിനോടുള്ള ബന്ധത്തിൽനിന്നകലുക സാദ്ധ്യമല്ല. സൃഷ്ടിയുടെ അസ്തിത്വത്തിൻെറ വാസ്തവികതയ്ക്കു അതു അപരിത്യാജ്യമാണു്. ഭാവാവസ്ഥയിൽ അതു തുടരണമെങ്കിൽ ശൂന്യാവസ്ഥയിൽനിന്നും അതിനെ പുറപ്പെടുത്തിയ ശക്തി നിതരാം പ്രവർത്തിച്ചുകൊണ്ടിരിക്കണം. അതുകൊണ്ട ദൈവമായ ക്രിസ്തുവിൻെറ അധീശത്വം സൃഷ്ടിയായ മനുഷ്യൻ അംഗീകരിക്കട്ടെ, അവഗണിക്കട്ടെ, സ്വീകരിക്കട്ടെ, നിരാകരിക്കട്ടെ; അവനു അതിൻെറ പ്രവർത്തനവലയത്തിൽനിന്നു മാറിനില്ക്കുവാൻ സാദ്ധ്യമല്ല. വസ്തുനിഷ്ഠമായ ഈ യാഥാർത്ഥ്യത്തിൻെറ സമ്യക്കായ അംഗീകരണമാണു് രാജത്വത്തിരുനാൾ ആദ്യമായി ഉദ്ദർശനംചെയ്യുന്നതു്. ഈശ്വരവിശ്വാസം ക്ഷയിച്ചിരിക്കുന്ന, ലൗകായതികത്വം പ്രചരിച്ചിരിക്കുന്ന, ഭൗതികത്വാദർശങ്ങൾ വിജയാരവംമുഴക്കുന്ന ഈ കാലസന്ധിയിൽ ഏതാദൃശമായ ഒരാചരണം എത്രമേൽ അവസരോചിതമാണെന്നു സ്വയം വിശദമാകുന്നുണ്ടല്ലോ.

ആദർശപുരുഷനായ ക്രിസ്തു അവിടുത്തെ അനന്യസാധാരണമായ വ്യക്തിവിലാസംകൊണ്ടും മാനവവംശത്തിൻെറ സമാദരത്തിനു അർഹനായിട്ടുണ്ടു്. ആദ്ധ്യാത്മികരംഗത്തു അവിടുത്തെ രക്ഷണീയകൃത്യം മനുഷ്യവർഗ്ഗത്തെ മുഴുവനും സ്വാധീനിച്ചിരിക്കുന്നു. അധഃപ്പതിച്ച മാനവവർഗ്ഗത്തിനു അവിടുന്നുവഴിമാത്രമാണു് രക്ഷ കരഗതമാവുക. അവിടുത്തെ ധാർമ്മികമായ ആധിപത്യം ജനഹൃദയങ്ങളെ ആകമാനം സംബന്ധിക്കുന്നതാണു്. അവിടുത്തെ അനന്തമായ സ്നേഹം, ദീനദയാലുത്വം, സഹിഷ്ണുത മുതലായ ഗുണഗണങ്ങൾ ആരെയാണു സമാകർഷിക്കാതിരിക്കുക. ക്രിസ്തുവിൻെറ രാജത്വത്തിൽ അന്തർലീനമായിരിക്കുന്ന ആദ്ധ്യാത്മികവും ധാർമ്മികവുമായ ഈ സവിശേഷതകളാണു് അതിനെ അഭംഗം നിലനിർത്തുന്നതു്. ഭൗമികചക്രവർത്തിമാരുടേയും മഹാരാജാക്കന്മാരുടേയും കിരീടങ്ങൾ നിലംപതിക്കുമ്പോൾ, ചെങ്കോലുകൾ ഇടറി വീഴുമ്പോൾ, പ്രബലങ്ങളായ ഭൗമികരാജ്യങ്ങൾ തിരോഭവിക്കുമ്പോൾ ക്രിസ്തുവിൻെറ രാജത്വം അക്ഷയഭാസ്സോടെ പ്രശോഭിക്കുന്നു. പട്ടാളവും പീരങ്കിയുമില്ലാത്ത അവിടുത്തെ ദിവ്യരാജ്യം പ്രചരിക്കുന്നു. അതിനെതിരെ ചെയ്യപ്പെടുന്ന സാഹസികമായ പ്രവർത്തനങ്ങൾ ഭാവിതലമുറകളുടെ അവഹേളനാവിഷയമായി ചരിത്രഏടുകളിൽ സ്ഥലം പിടിക്കുകമാത്രം ചെയ്യുന്നു. ഈ ആലയത്തെ നിങ്ങൾ നശിപ്പിക്കുക; മൂന്നാംദിവസം ഞാനതിനെ പുനരുദ്ധരിക്കും എന്നു യഹൂദഗണത്തോടു ക്രിസ്തു പറഞ്ഞതും അവിടുത്തെ പുനരുത്ഥാനത്തിൽ അക്ഷരശഃ നിറവേറിയതുമായ തത്വം തന്നെയാണു് ക്രിസ്തുവിൻെറ ദിവ്യരാജ്യത്തെ സംബന്ധിച്ചും അവിടുത്തെ ദിവ്യരാജത്വം സംബന്ധിച്ചും കാലാനുകാലം സാക്ഷാല്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നതു്.

ഇക്കൊല്ലത്തെ രാജത്വത്തിരുനാളിനോടനുബന്ധിച്ചു ഭാരതീയർക്കു പൊതുവേയും കേരളീയർക്കു പ്രത്യേകിച്ചും സന്തോഷപ്രദമായ ഒരു സംഭവം സമാഗതമാകുന്നുണ്ടു്. വിഷയത്തോടു ബന്ധമുള്ള ഒന്നായതുകൊണ്ടു് ഇത്തരുണത്തിൽ അതനുസ്മരിക്കുന്നതു സമീചീനമായിരിക്കും. രാജ്യത്തിൻെറ പുനസ്സംഘടന, ഭരണകൂടത്തിൻെറ രൂപവല്ക്കരണം ഇത്യാദിസംഗതികൾ ഒരു രാഷ്ട്രത്തിൻെറ പുരോഗതിയിൽ അതിപ്രധാനങ്ങളാണല്ലോ. പൗരസഞ്ചയത്തിൻെറ സർവ്വതോമുഖമായ സൗഭാഗ്യങ്ങൾക്കു അവ അടിസ്ഥാനമായി നിലനിന്നുപ്രവർത്തിക്കുന്നു. സൽഭരണം രാജ്യത്തിൻെറ സുസ്ഥിതിക്കു നിദാനമത്രെ. ആകയാൽ ഭാരതം പുനസ്സംഘടിതമായി നവോന്മേഷത്തോടുകൂടി അതിൻെറ ജൈത്രയാത്ര തുടരുമ്പോൾ, പുരോഗതിയിലേക്കുള്ള അതിൻെറ ഓരോ കാൽവയ്പും ആദർശയോഗ്യവും ഫലദായകവുമാക്കുന്നതിനു ക്രിസ്തുവിൻെറ രാജത്വവിചിന്തനത്തിൽ പരമോൽകൃഷ്ടമായ ദിവ്യമാതൃകകൾ ദർശിക്കുവാൻകഴിയും. "ക്രിസ്തുവിൻെറ ഭരണത്തിൽ ക്രിസ്തുവിൻെറ സമാധാനം" എന്ന മുദ്രാവാക്യത്തെ അസമാധാനതനിറഞ്ഞ ലോകത്തിനു രക്ഷാസൂക്തമായി പ്രഖ്യാപിച്ച പരിശുദ്ധ മാർപ്പാപ്പാ 11-ാം പീയൂസ് തിരുമനസ്സുകൊണ്ടു് ക്രിസ്തുവിൻെറ രാജത്വത്തിരുനാൾ കല്പിച്ചുസ്ഥാപിച്ചതിൻെറ ഉദ്ദേശ്യം ഇതായിരുന്നു. ദൈവനിയമങ്ങളേയും ധാർമ്മികമൂല്യങ്ങളേയും വിലമതിക്കുകയും സത്യം, നീതി, സ്നേഹം എന്നിത്യാദി ഗുണഗണങ്ങളെ പ്രായോഗികമാക്കുകയും ചെയ്യുന്ന, ക്രിസ്തുവിൻെറ ആദർശാനുയോജ്യമായ ഒരു മനുഷ്യസമുദായത്തിനു മാത്രമേ ലോകത്തിൻെറസമാധാനജീവിതത്തിനുകളമൊരുക്കുവാൻ സാദ്ധ്യമാവുകയുള്ളൂ എന്നു സാരം. അതുകൊണ്ടു് ഈ ശുഭാവസരത്തിൽ ഏതാദൃശമായ ഒരു രാഷ്ട്രീയപരിവർത്തനം നമ്മുടെ മാതൃരാജ്യത്തിൽ സംജാതമാകുന്നതിനു ജാതിമതഭേദമെന്യേ ആദർശയോഗ്യമായ പ്രവർത്തനങ്ങൾക്കു നമുക്കു സന്നദ്ധരാകാം.

ഭാരതത്തിൻെറ ചില ഇദാനീന്തനസംഭവങ്ങളെപ്പററി അനുസ്മരിക്കുമ്പോൾ ചിന്താധീനരാകാതെ, ആശങ്കാഭരിതരാകാതെ ഇരിക്കുവാൻ സാധിക്കുന്നില്ല. ക്രിസ്തുമതത്തിനെതിരായി അവിടവിടെ ഇരുണ്ടുകൂടുന്ന കാർമേഘപടലങ്ങൾ ഭയാനകമായ ഒരു മഹാമാരിയുടെ മുന്നോടികളാണോ എന്നു പലരും സംശയിക്കുന്നു. അഭിനവഭാരതത്തിൻെറ മാലുമികളായി വിരാജിക്കുന്ന നേതാക്കന്മാരുടെ ആദർശമാഹാത്മ്യത്തിലും ആത്മാർത്ഥതയിലും സഹൃദയന്മാർ ആനന്ദവും ആശ്വാസവും ആപല സ്വദിക്കുന്നുണ്ടു്. എന്നാൽ കിരാതമനസ്ഥിതിയോടും വർഗ്ഗീയവിഭ്രാന്തികളോടുംകൂടി അന്ധമായി എന്തും പ്രവർത്തിക്കുവാൻ സന്നദ്ധരായ ഒരു ഗണം ഇവിടെയുണ്ടെന്നുള്ളതും, അവരെ പിണിയാളുകളാക്കി സമുദായവിദ്വേഷവും അസമാധാനതയും രാജ്യത്താകെ കൈവളർത്തുന്നതിനു തരംനോക്കിയിരിക്കുന്ന ഒരുതരം നേതൃമ്മന്യന്മാർ നമ്മുടെയിടയിൽ വിരളമല്ല എന്നുള്ളതുമാണു് ആശങ്കാനിദാനമായിരിക്കുന്നതു്. മദ്ധ്യപ്രദേശ്പോലുള്ള ചില ഗവമ്മേണ്ടുകൾ ആത്മഹത്യാപരമായ ഈ പ്രസ്ഥാനങ്ങൾക്കു വളംവയ്ക്കുന്നുണ്ടെന്നുള്ളതും വിസ്മരിക്കാവതല്ല. ക്രിസ്തുധർമ്മത്തെ ആദർശമായി സ്വീകരിച്ച ഒരു രാഷ്ട്രപിതാവിൻേറയോ, നിസ്സ്വാർത്ഥമായ സമസൃഷ്ടിസ്നേഹത്തേയും അവികലമായ മതസഹിഷ്ണുതയേയും അങ്ങേയററം പ്രശംസിക്കുന്ന ഭാരതനേതാക്കന്മാരുടേയോ ആശയങ്ങൾ ഇവിടെ ഫലവത്താകണമെങ്കിൽ ഈ മനോഭാവം ദൂരെ ത്യജിക്കാതെ ഗത്യന്തരമില്ല. രാജ്യസ്നേഹികൾ ഈ ശുഭാവസരത്തിൽ ഇതേപ്പററി അവഗാഢം പരിചിന്തിക്കട്ടെ. രാജ്യമീമാംസയിൽ അവശ്യം അംഗീകരിക്കേണ്ട തത്വങ്ങളും, ജനക്ഷേമകരമായ സദ്ഭരണത്തിൽ പാലിക്കപ്പെടേണ്ട ധാർമ്മികമൂല്യങ്ങളും, സൈ്വരജീവിതത്തിനു പൗരാവലി പരസ്പരം അനുവർത്തിക്കേണ്ട നയപരിപാടികളും ആത്മാർത്ഥതാപൂർവ്വം പ്രകടമാക്കേണ്ട സന്മനോഭാവവും ശരിയായി ഗ്രഹിച്ച അനുദിനകൃത്യങ്ങളിൽ അവയെ പ്രായോഗികമാക്കുന്നതിനു നമുക്കു പരിശ്രമിക്കാം. ഇവയുടെ പ്രതികാശമാണു് ക്രിസ്തുവിൻെറ രാജത്വദർപ്പണത്തിൽ പ്രതിഫലിക്കുന്നതു്. അതുകൊണ്ടത്രെ ക്രിസ്തുവിൻെറ ആദർശങ്ങൾ മനുഷ്യമനസ്സിനേയും ഹൃദയത്തേയും ഭരിക്കട്ടെയെന്നും അവിടുത്തെ ദിവ്യഭരണം ലോകത്തിൽ വിരാജിക്കട്ടെ എന്നും രാജത്വത്തിരുനാളിൽ ക്രിസ്തുഭക്തന്മാർ ഉച്ചൈസ്തരം പ്രഘോഷിക്കുന്നതു്.

ക്രിസ്തുരാജൻ വിജയിക്കട്ടെ!

### പ്രസാധകക്കുറിപ്പുകൾ

## ആസന്നമാകുന്ന രാഷ്ട്രീയ സംവിധാനങ്ങൾ

അടുത്ത ഏതാനും മാസങ്ങൾക്കുള്ളിൽ ഇന്ത്യയുടെ രാഷ്ട്രീയരംഗത്തു ഗണ്യമായ മാററങ്ങൾ സംഭവിക്കുവാൻ പോവുകയാണു്. നവംബർ 1-ാംതീയതി പുനസംഘടിപ്പിക്കപ്പെട്ട 14 സംസ്ഥാനങ്ങളും, കേന്ദ്രഭരണത്തിലുള്ള 6 പ്രദേശങ്ങളും രൂപംപ്രാപിക്കും. ആന്ധ്രാപ്രദേശ്, ആസ്സാം, ബീഹാർ, ബോംബെ, ജമ്മുകാഷ്മീർ, കേരളം, മദ്ധ്യപ്രദേശ്, മദ്രാസ്, മൈസൂർ, ഒറീസാ, പഞ്ചാബ്, രാജസ്ഥാൻ, ഉത്തരപ്രദേശ്, പശ്ചിമബംഗാൾ എന്നിവയാണു് 14 സംസ്ഥാനങ്ങൾ. 6 കേന്ദ്രങ്ങൾ ആൻഡമൻ നിക്കോബാർ ദ്വീപുകൾ, ഡൽഹി ഹിമാചൽ പ്രദേശം, ലക്ഷദ്വീപ്, അമീൻ ദ്വീപുസമൂഹങ്ങൾ, മണിപ്പൂർ, ത്രിപുര എന്നിവയുമാകുന്നു. സംസ്ഥാനപുനസംഘടനയെത്തുടന്നു് ഡെമോക്രസിയിൽ സർവ്വപ്രാധാന്യം അർഹിക്കുന്ന പൊതുതിരഞ്ഞെടുപ്പു ആസന്നമായിക്കഴിയും. നിയോജകമണ്ഡലങ്ങളുടെ അതിർത്തിനിർണ്ണയം, വോട്ടറന്മാരുടെ ലിസ്റ്റ്തയാറാക്കൽ, വോട്ടിങ്ങ് രീതി, ബാലററ്പേപ്പർ മുതലായവയുടെ ക്രമീകരണം, സ്ഥാനാർത്ഥിനിർണ്ണയസമ്പ്രദായം ആദിയായ കാര്യങ്ങളും ധൃതഗതിയിൽ ചെയ്യപ്പെട്ടു പോരികയാണിപ്പോൾ. പൗരസഞ്ചയത്തിൻെറ പ്രത്യേകശ്രദ്ധ ഇക്കാര്യങ്ങളിൽ ഉണ്ടായിരിക്കേണ്ടതു് ഡെമോക്രസിയുടെ വിജയത്തിനു അത്യന്താപേക്ഷിതമാണെന്നു പറയേണ്ടതില്ലല്ലോ. ഡമോക്രസി എന്നതു ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽതന്നെ നടത്തപ്പെടുന്ന ഭരണരീതിയാണല്ലോ. അതു പ്രായോഗികമാക്കുന്നതു് ഓരോ പൗരനും അവൻെറ വിലയേറിയ വോട്ടുമൂലം ജനപ്രതിനിധികളെ തിരഞ്ഞെടുക്കുകയും ആ പ്രതിനിധികൾ ജനഹിതമനുസരിച്ച ഭരണകൂടം തിരിക്കുകയും ചെയ്യുന്നതുമൂലമാണു്. അതുകൊണ്ടു് നിയോജകമണ്ഡലരൂപവല്ക്കരണം, സ്ഥാനാർത്ഥിനിർണ്ണയം മുതലായ പ്രവർത്തനങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നവയാണു്. തിരഞ്ഞെടുപ്പിൻെറ ഓരോ പടികളിലും നിഷ്കൃഷ്ടമായ നീതിബോധത്തോടും രാജ്യതാല്പര്യങ്ങളെ ലക്ഷ്യമാക്കിയുള്ള ഉത്തമമനോഭാവത്തോടുംകൂടി പ്രവർത്തിച്ചെങ്കിൽ മാത്രമേ ഗുണകരമായ ഒരു ഭരണം നടപ്പാക്കുവാൻ സാധിക്കൂ.

കേരളസംസ്ഥാനത്തെ സംബന്ധിച്ച പുനഃസംവിധാനപദ്ധതികൾ ഇനിയും അവയുടെ അവസാനരൂപം പ്രാപിച്ചുകഴിഞ്ഞിട്ടില്ലെങ്കിലും അതിനു നിയോഗിക്കപ്പെട്ട കമ്മിററിയുടെ പ്രവർത്തനങ്ങൾ ഏറെക്കുറെ തീർന്നിരിക്കുന്നതായും നിയോജകമണ്ഡലങ്ങളുടെയും മററും പുനർവിഭജനലിസ്റ്റ് തയാറായിക്കഴിഞ്ഞിരിക്കുന്നതായുമാണു് റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുള്ളതു്. അതനുസരിച്ച പുതിയ കേരളസംസ്ഥാനത്തിനു 16 പാർലമെൻററി മണ്ഡലങ്ങളും 18 സ്ഥാനങ്ങളുമുണ്ടായിരിക്കും. ശരാശരി 752, 727 ജനസംഖ്യയാണു് ഒരു പാർലമെൻററി നിയോജകമണ്ഡലത്തിലുള്ളതു്. അസംബ്ളി സംബന്ധിച്ച തിരുവനന്തപുരംഡിസ്ത്രിക്ട് (സീററു 12), കൊല്ലം ജില്ല (സീററു 28), കോട്ടയം ജില്ല (സീററു 17), തൃശ്ശൂർ ഡിസ്ത്രിക്ട് (സീററ് 20), മലബാർ ജില്ല (സീററ് 49) എന്നിങ്ങനെയാണു് തിരിച്ചിരിക്കുന്നതു്. ഒരംസംബ്ളി നിയോജകമണ്ഡലത്തിൽ ശരാശരി 110,521 ആണു് ജനസംഖ്യ. സീററുകളിൽ 12 എണ്ണം അധഃകൃതർക്കും 1 പിന്നണിവർഗ്ഗത്തിനും സംവരണം ചെയ്യപ്പെട്ടിരിക്കുകയാണു്. അത്യാസന്നമായിരിക്കുന്ന ഈ രാഷ്ട്രീയസംവിധാനങ്ങൾ പൊതുജീവിതത്തെ അവഗാഢം സ്പർശിക്കുന്നവയും ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങൾ സംജാതമാക്കുന്നവയുമാകയാൽ പൗരസഞ്ചയത്തിൻെറ പ്രത്യേകശ്രദ്ധയ്ക്കു വിഷയമാകേണ്ടവയാണെന്നു എടുത്തു പറയേണ്ട ആവശ്യമില്ലല്ലോ.

× × × ×

## കോൺഗ്രസ്സും ഇലക്ഷൻ പരിപാടികളും

അടുത്തുവരുന്നപൊതുതിരഞ്ഞെടുപ്പിൽ പാർലമെൻറിലേക്കും അസംബ്ളികളിലേക്കുമുള്ള എല്ലാ സീററുകളിലും കോൺഗ്രസ് സ്ഥാനാർത്ഥികളെ നിർത്തി മത്സരിക്കുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതെന്നറിയുന്നു. നവമ്പർ 9, 10, 11 തീയതികളിൽ കൽക്കട്ടായിൽ ചേരുന്ന എ. ഐ. സി. സി. യോഗത്തിൽ പാർട്ടിയുടെ തിരഞ്ഞെടുപ്പു നയപ്രഖ്യാപനത്തെപ്പററി അനൗദ്യോഗികചർച്ചകൾ നടക്കുന്നതും, ജനുവരി ആദ്യവാരത്തിൽ ഇൻഡോറിൽ കൂടുന്ന യോഗത്തിൽ അതു ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നതുമാണു്. രാജ്യത്തുള്ള മററു പൊളിററിക്കൽപാർട്ടികളുമായി തിരഞ്ഞെടുപ്പുസഖ്യം സൃഷ്ടിക്കുന്നതു കോൺഗ്രസിൻെറ നയത്തിനു വിപരീതമായിരിക്കുമെന്നും തദ്വാരാ തനിച്ചുനിന്നു മത്സരിക്കുവാനാണു് കോൺഗ്രസ് ഉദ്ദേശിക്കുന്നതെന്നും അറിയുന്നു. കോൺഗ്രസിനു സുനിശ്ചിതവും വ്യക്തവുമായ ഒരാദർശം മുറുകെ പിടിക്കേണ്ടതായിട്ടുള്ളതുകൊണ്ടു്, ഏതാനും സീററുകൾ ലഭിക്കുന്നതിനുവേണ്ടി അതിൻെറ ആദർശങ്ങളിൽ വിട്ടുവീഴ്ചകളും ഒത്തുതീപ്പുകളും സാദ്ധ്യമല്ല എന്നുള്ളതാണു് ഇതിനു നിദാനം. തിരഞ്ഞെടുപ്പിൽ എല്ലാ സ്റ്റേററുകളിലും കോൺഗ്രസിനു വ്യക്തമായ ഒരു ഭൂരിപക്ഷം ലഭിക്കുമെന്നാണു വിശ്വസിക്കപ്പെടുന്നതു്. ജനറൽസിക്രട്ടറി ഈ സാഹചര്യത്തെ വിശദമാക്കുകയിൽ കേരളസ്റ്റേററിനെ സംബന്ധിച്ചാണു് അല്പം ആശങ്ക പ്രകാശിപ്പിക്കുകയുണ്ടായതു്. തന്മൂലം കോൺഗ്രസിൻെറ ശക്തിയായ പ്രചാരണപ്രവർത്തനങ്ങൾ കേരളത്തിൽ നടക്കേണ്ടതാണെന്നു അദ്ദേഹം അഭിപ്രായപ്പെടുകയുണ്ടായി. കേരളീയരുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കേണ്ട ഒരു സൂചനയാണിതെന്നു വ്യക്തമാണല്ലോ. അടുത്ത തിരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റു പാർട്ടി അതിൻെറ ജീവന്മരണപ്പോരാട്ടത്തിനുതന്നെ തയാറാകുമെന്നതിനു സംശയമില്ല. കേരളസംസ്ഥാനം അതിൻെറ ശക്തികേന്ദ്രമാക്കി പ്രവർത്തിക്കുവാനും ഇടയില്ലാതില്ല. അതുകൊണ്ടു് ജനായത്തസിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവർ അവർ തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ ആദർശങ്ങളുടെ പേരിൽ പറഞ്ഞവസാനിപ്പിക്കുകയും രാജ്യത്തിൻെറ പൊതുനന്മയ്ക്കും ജനങ്ങളുടെ സൗഭാഗ്യത്തിനും നിദാനമാകത്തക്കവിധത്തിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കുന്നതിനു സന്നദ്ധരാവുകയും ചെയ്യേണ്ടതത്രെ. ഇത്തവണത്തെ സ്ഥാനാർത്ഥിനിർണ്ണയത്തിൽ ചില പുതിയ നടപടികൾ സ്വാഗതംചെയ്യപ്പെടുമെന്നു കോൺഗ്രസ്പ്രസിഡണ്ടു് ശ്രീ ധേബാർ അവർകൾ പ്രസ്താവിച്ചിരിക്കുന്നു. ന്യൂനപക്ഷങ്ങൾക്കു ജനസംഖ്യാനുപാതം അർഹമായ പ്രാതിനിധ്യം നൽകപ്പെടുന്നതിനു പുറമെ, ഭരണമണ്ഡലത്തിൽ പുരുഷത്തിൻെറ കലപ്പും വനിതാവിഭാഗത്തിൻെറ പ്രാതിനിധ്യവും ദീക്ഷിക്കപ്പെടുമെന്നതു ഏററവും സ്വാഗതാർഹമാണു്. സ്ഥാനാർത്ഥികളിൽ 15 ശതമാനം സ്ത്രീകളെ തിരഞ്ഞെടുക്കുന്നതാണു്. നിയമസഭകളിൽ മൂന്നിലൊരുഭാഗമെങ്കിലും പുതിയ അംഗങ്ങളെക്കൊണ്ടു നിറയ്ക്കുന്നതിനുവേണ്ട പരിശ്രമംചെയ്യും. "വിശാലമായ ഒരു സാമൂഹികവീക്ഷണത്തിൽക്കൂടി ദർശിക്കുമ്പോൾ സ്ത്രീകളേയും ന്യൂനപക്ഷങ്ങളേയും സംബന്ധിച്ച കാര്യം അതിപ്രധാനമാണു്; അവരോടു നാം നീതിബോധവും ഔദാര്യവുമുള്ളവരായിരിക്കണം" എന്നാണു് അതേപ്പററി കോൺഗ്രസ്പ്രസിഡൻറു് അവർകൾ പ്രസ്താവിച്ചതു്. സങ്കുചിതമായ വീക്ഷണഗതികളേയും, വർഗ്ഗീയവും വിദ്വേഷജനകവുമായ ആശയഗതികളേയും, സ്വാർത്ഥജടിലമായ ഉദ്ദേശ്യങ്ങളേയും ഉപേക്ഷിച്ച് രാജ്യത്തിൻേറയും ജനസഞ്ചയത്തിൻേറയും ഐശ്വര്യത്തെ ഉന്നംവച്ചു പ്രവർത്തിക്കുന്നതിനു ഈ അവസരം വിനിയോഗിക്കണമെന്നു എല്ലാവരേയും ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.


സത്യദീപം വരിസംഖ്യ

പ്രതിവർഷം

ഇൻഡ്യയിൽ ക. 6—8—0

ഇൻഡ്യയ്ക്കു പുറമെ " 8—12—0

# വിവിധവൃത്താന്തങ്ങൾ

## ബിബ്ളിക്കൽ എൻസൈക്ലോപീഡിയാ

അമേരിക്കയിൽ ബ്രൂക്ക്ളിനിലെ മോൺ: ജോൺ സീൻമുള്ളർ, മാൻഹട്ടൻ വില്ല കോളെജിലെ വേദപുസ്തകപ്രൊഫസറായ മദർ കത്രീൻ സള്ളിവൻ എന്നിവർകൂടി 12കൊല്ലത്തെപരിശ്രമഫലമായി ഒരു കത്തോലിക്കാ ബിബ്ളിക്കൽ എൻസൈക്ലോപീഡിയാ പ്രസാധനം ചെയ്തിരിക്കുന്നു. ഈ വിഷയം സംബന്ധിച്ച് ലോകത്തിലേക്കും സമ്പൂർണ്ണമായ ഒരു പ്രസിദ്ധീകരണമാണിതെന്നാണു പണ്ഡിതാഭിപ്രായം. ഈയിടെ അമേരിക്കയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന പലേർമൊ മെത്രാപ്പോലീത്താ കർദ്ദിനാൾ റുഫിനി തിരുമേനിവഴി ഇതിന്റെ ഒരു പ്രതി പ്രസാധകർ പരിശുദ്ധ പിതാവിനു സമർപ്പിച്ചിരിക്കുന്നു.

## നല്ല കുട്ടികളുടെ കത്തോലിക്കാ വിദ്യാഭ്യാസത്തിനു്

ഇംഗ്ലണ്ടിൽ നോട്ടിംഗ്ഹാമിലെ ഒരു മാനുഫാക്ചറിങ്ങ് കെമിസ്റ്റ് ആയിരുന്ന മി. ഫ്രാങ്ക് ഡോസൺ ചേംബേഴ്സ് തന്റെ സ്വത്തിൽ 35000 പവൻ "സൽസ്വഭാവികളായ കത്തോലിക്കാ കുട്ടികളുടെ മതപരമായ വിദ്യാഭ്യാസത്തിനും പുരോഗതിക്കും" ഒരു ഫണ്ടായി നീക്കിവെച്ചിരിക്കുന്നു. സൽസ്വഭാവികളായ പല കത്തോലിക്കാ കുട്ടികൾക്കും ശരിയായ സഹായമോ നേതൃത്വമോ കിട്ടാതെവരുന്ന ദുരനുഭവത്തിനു ഒരു പരിഹാരമായിട്ടാണ് ഈ പദ്ധതി അദ്ദേഹം ഏർപ്പെടുത്തിയിരിക്കുന്നതു്. കുററകരമായ മനോഭാവങ്ങളും ശാരീരികമോ മാനസികമോ ആയ അവശതകളുമുള്ള കുട്ടികളുടെ കാര്യത്തിൽ ഗവർമ്മെൻറും പരോപകാരസ്ഥാപനങ്ങളും ഇക്കാലത്തു ശ്രദ്ധപതിപ്പിക്കുന്നുണ്ടു്. എന്നാൽ സൽസ്വഭാവികളായ ദരിദ്രകുട്ടികളുടെ കാര്യം നോക്കുവാൻ ആരുമില്ലാതാണിരിക്കുന്നതു്. അവർക്കു ഉറച്ച ഒരു കത്തോലിക്കാപരിശീലനം നൽകുന്നതിനാണ് ഈ ഫണ്ടെന്നു മി. ഡോസൺ തന്റെ വിൽപ്പത്രത്തിൽ പറഞ്ഞിട്ടുണ്ടു്. നമ്മുടെ നാട്ടിലെ കത്തോലിക്കാ ധനാഢ്യന്മാർക്കു അനുകരിക്കാവുന്ന ഒരു മാതൃക!

## നേതൃപരിശീലന കോഴ്സ്

കൊറിയാ, ഹോങ്ങ്കോങ്ങ്, ഫിലിപ്പൈൻസ്, തായിലൻഡ്, ബർമ്മാ, ഇൻഡ്യാ, സിലോൺ, ഇൻഡോനേഷ്യാ, ആസ്ട്രേലിയാ, മലയാ ഈ രാജ്യങ്ങളിൽനിന്നുള്ള സർവ്വകലാശാലാ വിദ്യാർത്ഥികളായ കത്തോലിക്കാ യുവാക്കന്മാരുടെ ഒരു പ്രതിനിധിസമ്മേളനം മലയായിൽവച്ചു നടന്നിരിക്കുന്നു. പൂർവ്വേഷ്യായിലെ നേതൃപരിശീലനകോഴ്സ് എന്നറിയപ്പെടുന്ന ഈ സമ്മേളനം ഒരാഴ്ചക്കാലത്തേക്കു നീണ്ടുനിന്നു. കത്തോലിക്കാ പ്രവർത്തനപരമായ വിവിധ പ്രശ്നങ്ങളെപ്പററി ചർച്ചകളും പഠനങ്ങളും നടന്നു. ആർച്ചുബിഷോപ്പ് മൈക്കൽ ഒൽക്കോമെൻഡിയാണ് ഈ കോൺഫറൻസ് വിളിച്ചുകൂട്ടിയതു്. ഏഷ്യൻ ഫെഡറേഷന്റെ അസി. സിക്രട്ടറിയായ മി. ലോക്ഫുക്കു സെങ്ങ് സമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

## കൺകോർദാത്തു് അസാദ്ധ്യം

"സോവ്യററ്റ്ഷ്യാ കമ്മ്യൂണിസ്റ്റ്ഭരണത്തിലിരിക്കുന്നിടത്തോളംകാലം ആ രാജ്യവും വത്തിക്കാനും തമ്മിൽ ഒരു കൺകോർദാത്തു ഉണ്ടാകുക സാദ്ധ്യമല്ല"യെന്നു ഫാദർ ഗസ്റ്റേവു് ഗുണ്ട്ലാക്കു് എസ്. ജെ. പ്രസ്താവിച്ചിരിക്കുന്നു. സാമ്പത്തികവും സാമൂഹ്യബന്ധപരവുമായ കാര്യങ്ങളിൽ പരിശുദ്ധ പിതാവിന്റെ ഉപദേഷ്ടാവാണ് ഫാദർ ഗസ്റ്റേവു്. ഇരുമ്പുകർട്ടനു പിന്നിലുള്ള രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ്ഭരണാനുഭാവികളായ "കത്തോലിക്കർ" അടുത്തകാലത്തു ഇത്തരമൊരു കൺകോർദാത്തിന്റെ സാദ്ധ്യതകളെപ്പററി ചില പ്രസ്താവനകൾ ചെയ്യുകയുണ്ടായി. കമ്മ്യൂണിസ്റ്റ്ഭരണകൂടവുമായി ഓരോ രൂപതകൾക്കു തനിച്ചു എന്തെങ്കിലും ഏർപ്പാടുകൾ



പാത്തികുളങ്ങര ഔസേപ്പു ഭാര്യ ഏലി
ജനനം 11 8 1869
മരണം 17 10 1956
"ദയാപരനായ ഈശോ, ഈ ആൾക്കു നിത്യാശ്വാസം കൊടുത്തരുളേണമെ."
R. I. P.

ചെയ്യുന്നതിന്റെ സാദ്ധ്യതയെ ഗസ്റ്റേവു് നിഷേധിക്കുന്നില്ല. കമ്മ്യൂണിസത്തിനെതിരായുള്ള സഭയുടെ നിലപാടിനെ ഇതു ഒരുവിധത്തിലും ദുർബലപ്പെടുത്തുന്നതല്ല.

## കമ്മ്യൂണിസം നാഗരികതയല്ല

റോമയിലെ ഗ്രിഗോറിയൻ സർവ്വകലാശാലയിൽ ഒരു പ്രൊഫസറായ ഫാദർ ഗുണ്ട്ലാക്കു് ഫ്രാങ്ക്ഫോർട്ടിൽ സമ്മേളിച്ച പൂർവ്വയൂറോപ്യൻ അഭയാർത്ഥികളുടെ ഒരു കോൺഗ്രസിൽ പ്രസംഗിക്കുകയായിരുന്നു. ഏതുതരം നാഗരികതയുമായി ഇണങ്ങിപ്പോകുവാൻ സഭയ്ക്കുള്ള കഴിവുകളെപ്പററി മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അടുത്തകാലത്തു പ്രസ്താവിക്കുകയുണ്ടായല്ലോ. പക്ഷെ കമ്മ്യൂണിസം ഒരു നാഗരികതയല്ലാത്തതിനാൽ, ആ പ്രസ്താവന കമ്മ്യൂണിസത്തിനു ബാധകമല്ലെന്നു അദ്ദേഹം പറഞ്ഞു. ആത്മാവുകളുടെ രക്ഷയ്ക്കു ആവശ്യമായ സംഗതികൾ ഏററവും കുറഞ്ഞ തോതിലെങ്കിലും ലഭിക്കുവാൻ ശ്രമിക്കേണ്ടതു സഭയുടെ ചുമതലയാണെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു. അതുകൊണ്ടാണു ശത്രുഗവമ്മെൻറുകളായിരുന്നാലും സഭ ഒത്തുതീർപ്പിലെത്തുന്നതു്. പക്ഷെ യാതൊരുവിധത്തിലും ഒത്തുതീർപ്പുണ്ടാക്കാവുന്ന ഒന്നല്ലാ കമ്മ്യൂണിസം എന്നു ഫാദർ ഗസ്റ്റാവു ചൂണ്ടിക്കാണിച്ചു.

## ദൈവത്തിന്റെ ദാനമായ പാൽ


ക്ഷീരവും ക്ഷീരോല്പന്നങ്ങളും സംബന്ധിച്ച അന്താരാഷ്ട്രീയ കോൺഗ്രസിൽ സംബന്ധിച്ചിരുന്ന 2900 പ്രതിനിധികൾ പരി. പിതാവിനെ സന്ദർശിച്ചപ്പോൾ അവിടുന്നു അവരോടുചെയ്ത ശ്രദ്ധേയമായ ഒരു പ്രസംഗത്തിൽ, പാൽ, നെയ്യ്, വെണ്ണ ഇവയെപ്പററി—പ്രത്യേകിച്ച് ദൈവത്തിന്റെ പ്രത്യേകദാനമായ പാലിനെപ്പററി—അത്യധികം പ്രശംസിക്കുകയുണ്ടായി. വിദ്യാലയങ്ങളിൽ പാൽവിതരണത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നു തിരുമേനി ഉദ്ബോധിപ്പിച്ചു. കുട്ടികൾക്കു തൂക്കവും ഉയരവും, ശുഷ്കാന്തിയും പ്രസന്നതയും വർദ്ധിപ്പിക്കുവാൻപററിയ ഒരു മാർഗ്ഗമാണിതെന്നു തിരുമേനി ചൂണ്ടിക്കാണിച്ചു. പാൽ കൊഴുപ്പിക്കുക, പൊടിയാക്കുക മുതലായവയുടെ സാങ്കേതികവശങ്ങളെപ്പററിയും, വെണ്ണയുടേയും പാൽക്കട്ടിയുടേയും ഭക്ഷ്യമൂല്യതയെപ്പററിയും തിരുമേനി സവിസ്തരം പ്രതിപാദിക്കുകയുണ്ടായി. പഴയനിയമത്തിൽ, ദൈവം നൽകുന്ന ഭൗതികാനുഗ്രഹങ്ങളുടെ ചിഹ്നമായിട്ടാണു പാലിനെ വിവക്ഷിച്ചിരിക്കുന്നതെന്ന വസ്തുതയും അവിടുന്നു അനുസ്മരിച്ചു.

## യുഗോസ്ലാവിയൻ മതമർദ്ദനം


ടിറേറായുടെ യുഗോസ്ലാവിയായിൽ അടുത്തകാലത്തു കത്തോലിക്കാ മതമർദ്ദനം വളരെ രൂക്ഷതരമാക്കിയിരിക്കുകയാണ്. കമ്മ്യൂണിസ്റ്റ്രഹസ്യപ്പോലീസിൽപ്പെട്ട ചിലർ സ്പ്ളിററു തിയോളജിക്കൽ സെമ്മിനാരിയിലെ രണ്ടു വിദ്യാർത്ഥികളെ സമീപിച്ചു അവരുടെ പ്രൊഫസർമാർക്കെതിരായി ചാരവൃത്തി അനുഷ്ഠിക്കുവാൻ ആവശ്യപ്പെട്ടു. അവർ അതിനു വിസമ്മതിച്ചുവെന്നു മാത്രമല്ല, വിവരം അവരുടെ പ്രൊഫസർ മോൺ: ആൻറണി പെലിപ്പിക്കിനെ അറിയിക്കുകയും ചെയ്തു. ഇതേത്തുടന്നു് ആ പ്രൊഫസറെയും രണ്ടു വിദ്യാർത്ഥികളെയും കമ്മ്യൂണിസ്റ്റ്രഹസ്യപ്പോലീസ് അറസ്റ്റ്ചെയ്തു ദാരുണമായ പീഡനങ്ങൾക്കു വിധേയമാക്കിക്കൊണ്ടിരിക്കുന്നു. മോൺ: പെലിപ്പിക്കിനെ എല്ലാ ദിവസവും രാവിലെ ജയിലിൽനിന്നു് തെരുവിലൂടെ വലിച്ചിഴച്ച് തൂക്കുമരംവരെ കൊണ്ടുപോകും. അദ്ദേഹത്തെയും വിദ്യാർത്ഥികളെയും കമ്മ്യൂണിസ്റ്റ്കാർക്കു പതിവുള്ള ഷോക്കു ട്രീററുമെൻറിനു വിധേയമാക്കിക്കൊണ്ടിരിക്കുകയാണു്. വിദ്യാർത്ഥികൾ ഇതിനകം മരിച്ചുകാണുമെന്നാണു ദൃക്സാക്ഷികൾ പറയുന്നതു്. കമ്മ്യൂണിസ്റ്റ് വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നുവെന്ന കുററമാണ് അവരുടെമേൽ ചുമത്തപ്പെട്ടിരിക്കുന്നതു്.

## ഹംഗറിക്കാരുടെ കൃതജ്ഞത

ഒക്ടോബർ 7-ാംനു- പതിനൊന്നാം ഇന്നൊസെൻറു മാർപ്പാപ്പായെ സിദ്ധനെന്നു നാമകരണം ചെയ്ത അവസരത്തിൽ പല രാജ്യങ്ങളിൽനിന്നുമുള്ള തീർത്ഥകർ വിശുദ്ധ പത്രോസിന്റെ ബസ്സിലിക്കായിൽ സന്നിഹിതരായിരുന്നു. അവരിൽ ചില ഹംഗേറിയൻ അഭയാർത്ഥികളും ഉൾപ്പെട്ടിരുന്നു. പതിനൊന്നാം ഇന്നൊസെൻറു മാർപ്പാപ്പായോടു് ഹംഗറിക്കാർക്കുള്ള കൃതജ്ഞതാപൂർവ്വമായ ആദരത്തെ തദവസരത്തിൽ അവർ പ്രകടമാക്കുകയുണ്ടായി. ടർക്കികളുടെ ആക്രമണത്തിൽനിന്നും ഹംഗറിയെ രക്ഷിക്കുന്നതിൽ, ഇന്നൊസെൻറിന്റെ നിശ്ചയദാർഢ്യവും ബുദ്ധിവൈഭവവും വളരെ സഹായിക്കുകയുണ്ടായി അദ്ദേഹത്തിന്റെ ശുപാർശപ്രകാരമാണ് യൂറോപ്പിലെ ക്രിസ്തീയരാജാക്കന്മാർ ഒരു അണിയായി നിന്നു് ശത്രുവിനെ നേരിട്ടതു്. ബുഡാപ്പെസ്റ്റിന്റെ വിമോചകൻ എന്നു് അന്വർത്ഥമായി അദ്ദേഹത്തെ വിളിക്കാവുന്നതാണ്.



എറണാകുളം-കോട്ടയം റെയിൽവേ ഒരു ബട്ടൺ അമർത്തിയതോടെ ഉൽഘാടനം സ്വയമേവ നടക്കുന്നു



ഉൽഘാടനത്തെത്തുടന്നു ആദ്യത്തെ തീവണ്ടി കോട്ടയത്തേക്കു പുറപ്പെടുന്നു

(Photo by Venus Studio)



For favours received
George Mathew

## ഒളിമ്പിക്കു വിനോദങ്ങൾ

ഇക്കൊല്ലത്തെ സർവ്വരാജ്യഒളിമ്പിക്കുവിനോദങ്ങൾ ആസ്ത്രേലിയായിലെ മെൽബോൺ പട്ടണത്തിൽവെച്ചു നവംബർ 25-ാംനു- നടക്കുന്നതാണ്. അന്നേദിവസം വിനോദങ്ങളുടെ ഉൽഘാടനത്തിനു മുൻപായി, അതു നടക്കുന്ന കോമോ പാർക്കിൽവെച്ചു മെൽബോൺ സഹായമെത്രാപ്പോലീത്താ ഡിമോങ്ങ്സ് തിരുമേനി ആഘോഷമായ പോന്തിഫിക്കൽ ദിവ്യപൂജ സമർപ്പിക്കുന്നതാണ്. ഒരു ലക്ഷം ജനങ്ങൾ ഇതിൽ സംബന്ധിക്കുമെന്നു പ്രതീക്ഷിക്കുന്നു. സിഡ്നി മെത്രാപ്പോലീത്താ കർദ്ദിനാൾ ഗിൽറോയി, ആസ്ത്രേലിയായിലെ ഡലഗാദപ്പസ്തോലിക്ക ആർച്ചുബിഷപ്പു കാർബോണി എന്നീ തിരുമേനിമാർ തദവസരത്തിൽ സന്നിഹിതരായിരിക്കുന്നതാണ്. മെൽബോണിലെ മാനിക്സ് മെത്രാപ്പോലീത്താ തിരുമേനി ഒളിമ്പിക്കിൽ പങ്കെടുക്കുന്ന രണ്ടായിരത്തോളം കത്തോലിക്കാ കായികാഭ്യാസികളുടെ ആതിഥേയനായിരിക്കുന്നതാണ്.

## നീഗ്രോപ്രശ്നം

അമേരിക്കൻ ഐക്യനാടുകളിൽ, പ്രത്യേകിച്ചു തെക്കൻ സ്റ്റേററുകളിൽ, നീഗ്രോ കുട്ടികളെയും വെള്ളക്കാരുടെ കുട്ടികളെയും ഒരുമിച്ചു സ്കൂളുകളിലിരുത്തി പഠിപ്പിക്കുന്നതിനു് എതിരായി വെള്ളക്കാർതന്നെ പ്രക്ഷോഭണമുണ്ടാക്കുന്നുണ്ടു്. ഈയിടെ അമേരിക്കയിലെ കത്തോലിക്കാ കോളെജ് വിദ്യാർത്ഥികളുടെ നാഷനൽ ഫെഡറേഷൻ സമ്മേളിച്ചു്—190 കത്തോലിക്കാ കോളെജുകളിൽ നിന്നുള്ള 300 വിദ്യാർത്ഥിപ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു— വെള്ളക്കാരോടുകൂടി നീഗ്രോകളേയും പഠിപ്പിക്കുന്നതിനെ അനുകൂലിച്ചു നിശ്ചയം ചെയ്തിരിക്കുന്നു. കത്തോലിക്കാ സ്കൂളുകളിൽ ഇതിനെതിരായ മനോഭാവം വളരാതിരിക്കുന്നതിലേക്കു ശ്രദ്ധിക്കുവാൻ വിദ്യാർത്ഥികളുടെ സംഘടനകളോടു് ഫെഡറേഷൻ ആവശ്യപ്പെട്ടിട്ടുണ്ടു്. അടുത്ത കൊല്ലം മുതൽ തന്റെ അതിരൂപതയിലെ സ്കൂളുകളിൽ ഒന്നാംക്ലാസു മുതൽ ഇരുവർഗ്ഗക്കാരായ കുട്ടികളെയും ഒന്നിപ്പിച്ചു പഠിപ്പിക്കുന്നതാണെന്നു ന്യൂ ഓർലീൻസ് മെത്രാപ്പോലീത്താ ഒരു ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

## സ്വാതന്ത്ര്യത്തേക്കു്

സ്വാതന്ത്ര്യത്തിനുവേണ്ടി, ഒരു വൈദികനാകുവാൻ ആഗ്രഹിക്കുന്ന 11 വയസ്സായ മകൻ ഗാവ്റിക്കിനുവേണ്ടി, യുഗോസ്ലാവിയായിലെ മാർട്ടിൻ ബാസി എന്നയാൾ തന്റെ കുടുംബത്തെ ഒരു തുഴസ്സായ വഞ്ചിയിൽ കയററി യുഗോസ്ലാവിയായിൽനിന്നും ഒളിച്ചോടിപ്പോയിരിക്കുന്നു. മൂന്നുദിവസം അഡ്റിയാററിക്കു കടലിൽ അവർ അലഞ്ഞുനടന്നു. അപ്പോഴേക്കും ഇററലിയിൽ ബാരി എന്ന പ്രദേശത്തുള്ള ചില ആളുകളുടെ ദൃഷ്ടിയിൽ അവർ പെട്ടു. ബാസിയും ഭാര്യയും, രണ്ടു പുത്രന്മാരും ഒരു സഹോദരനുമാണു വഞ്ചിയിലുണ്ടായിരുന്നതു്. ഇററാലിയർ ആ വഞ്ചി കരയ്ക്കടുപ്പിച്ചു് അവരെ രക്ഷിക്കുകയുണ്ടായി. ബാസി ഇപ്പോൾ ഇററലിയിൽ രാഷ്ട്രീയസങ്കേതം ആവശ്യപ്പെട്ടിരിക്കുകയാണ്.

—o—

# കേരളസംസ്ഥാനോദയം

## എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ആഹ്വാനം

നവംബർ ഒന്നാംതീയതി കേരളസംസ്ഥാനം ഉടലെടുക്കുവാൻ പോകുന്ന വസ്തുത നമുക്കേവക്കും അറിവുള്ളതാണല്ലോ. ചിരകാലപ്രതീക്ഷിതമായ ആ സുദിനം ആഗസ്റ്റ് 15 പോലെ മരിയഭക്തരായ നമുക്കു പ്രധാനപ്പെട്ടതാണെന്നു പറഞ്ഞുകൊള്ളട്ടെ. ഭാരതത്തിൻെറ സംരക്ഷകയായ പരിശുദ്ധകന്യകമറിയത്തിൻെറ സ്വർഗ്ഗാരോപണത്തിരുനാളായ ആഗസ്റ്റ് 15-ാംതീയതിയാണല്ലോ നമ്മുടെ മാതൃഭൂമിക്കു സ്വാതന്ത്ര്യം ലഭിച്ചതു്. സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിക്കപ്പെട്ടതു് നവംബർ ഒന്നാംതീയതിയാണു്. ആ ദിവസംതന്നെ കേരളസംസ്ഥാനം രൂപമെടുക്കുവാൻ ഇടയാകുന്നതും അത്ഥവത്തായിരിക്കുന്നു. അതിനാൽ, ആഗസ്റ്റ് 15 പോലെ നവംബർ ഒന്നും നമുക്ക്, ആദ്ധ്യാത്മികചിന്തയും രാഷ്ട്രീയബോധവും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു ദിവസമാണു്. ഈയവസരത്തിൽ കേരളസംസ്ഥാനത്തെ നമുക്കു പരിശുദ്ധകന്യകമറിയത്തിൻെറ വിമലഹൃദയത്തിനു പ്രതിഷ്ഠിക്കാം. കേരളപ്പിറവിയിൽ സന്തോഷിക്കുന്നതോടൊപ്പം കേരളസംസ്ഥാനത്തിൻെറ ഭദ്രവും ശോഭനവുമായ ഭാവിക്കവേണ്ടി നമുക്കു ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യാം. ഏതൽസംബന്ധമായി താഴെ പറയുന്നവ നടത്തണമെന്നു നാം നിർദ്ദേശിക്കുന്നു.

1. തലേദിവസം ജപമാലരാജ്ഞിക്കു പ്രതിഷ്ഠിതമായ ഒക്ടോബർമാസത്തിൻെറ അവസാനദിവസമായ 31-ാംതീയതി എല്ലാ കുടുംബങ്ങളിലും പതിവുള്ള ജപമാലയോടുകൂടി തിരുഹൃദയരൂപത്തിൻ മുൻപാകെ ഒരു മണിക്കൂർ ആരാധന കഴിക്കുക.

2. നവംബർ 1-ാംതീയതി പ്രഭാതത്തിൽ കൂട്ടമണിയടിക്കുകയും കൂട്ടവെടി വയ്ക്കുകയുംചെയ്യുക.

3. അന്നേദിവസം ദിവ്യപൂജയ്ക്കുശേഷം പരിശുദ്ധകർബാന എഴുന്നള്ളിച്ചുവച്ചു തിരുമണിക്കൂർ ആരാധനയും വാഴ്വും നടത്തുക. ആരാധനയുടെ സമയത്തു് മാതാവിൻെറ വിമലഹൃദയത്തോടുള്ള പ്രതിഷ്ഠാജപം ചൊല്ലി നമ്മേയും കേരളസംസ്ഥാനത്തേയും മാതാവിനു പ്രതിഷ്ഠിക്കുക.

## ഇടവകവാർത്തകൾ

**പാലാരിവട്ടം:** സ്ഥലം പള്ളിയിൽ പരിഹാരരാത്ര്യാരാധനയുടെ നാലാംവാർഷികം ഒക്ടോബർ 18-ാംനു രാത്രി 9 മണിമുതൽ 10 മണിവരെ ഭക്തിപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു. പരിശുദ്ധ കർബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ച് ആരാധനയും ജപമാലകഴിഞ്ഞു് റവ ഫാദർ ജോസഫ് ഇല്ലിപ്പറമ്പിൽ ബി എ ബി ടി ദിവ്യകാരുണ്യഭക്തിയെ പുരസ്കരിച്ചു് ഒരു ലഘുപ്രസംഗവും നടത്തി. പരി: കർബാനയുടെ ആശീർവ്വാദത്തോടെ ആരാധന ഉപസംഹരിച്ചു. ആരാധനയിൽ ചാത്ത്യാത്തു് മുതലായ അയൽഇടവകകളിൽനിന്നും പ്രതിനിധികൾ സംബന്ധിച്ചിരുന്നു.

**ചാരുംമൂട്:** നിയോഗിക്കമ്മിററിറിപ്പോർട്ടിനെ പ്രതിഷേധിച്ചു് സംയുക്തക്രൈസ്തവാഭിമുഖ്യത്തിൽ സ്ഥലം ജംഗ്ഷൻമൈതാനത്തു ഒക്ടോ: 13-ാംനു ഒരു പൊതുയോഗം ചേരുകയുണ്ടായി. പ്ലക്കാർഡുകൾവഹിച്ച നൂറോളം സൈക്കിളുകളുടെ ഒരു റാലി പല പ്രദേശങ്ങളിലും സഞ്ചരിച്ചശേഷം അഞ്ചുമണിയോടുകൂടി സ്ഥലത്തു വന്നുചേന്നു. യോഗത്തിൽ വെരി റവ ഫാദർ പി ജെ ജോസഫ് ആദ്ധ്യക്ഷംവഹിക്കയും ഡോ: കെ വി ചെറിയാൻ, ബ്ര: തോമസ് മുതലായവർ പ്രസംഗിക്കയും പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസാക്കുകയുംചെയ്തു.

**കണ്ടശ്ശാങ്കടവു്:** ഈ ഇടവക ശ്രീ ആൻറണി കണ്ണാത്തും വെണ്ടോരു് മഞ്ഞളി ഔസേപ്പു് മകൾ മേരിയും തമ്മിലുള്ള വിവാഹം ഒക്ടോ: 9-ാംനു ചൊവ്വാഴ്ച കാലത്തു 9 മണിക്കു വെണ്ടോരുപള്ളിയിൽവെച്ചു സമംഗളം നടന്നിരിക്കുന്നു. വിവാഹം ആശീർവ്വദിച്ചതു് ബ: മഞ്ഞളി യാക്കോബച്ചനാണു്.

**ഇരിഞ്ഞാലക്കുട:** തൃശ്ശൂർ മെത്രാൻ റൈററു് റവ ഡോക്ടർ ജോർജ് ആലപ്പാട്ടു് തിരുമനസ്സുകൊണ്ടു് ഒക്ടോ: 14-ാംനു ഉച്ചതിരിഞ്ഞു 3 മണിക്കു സ്ഥലം ഫൊറോനാദേവാലയത്തിൽ ആഗതനാവുകയും 1500 ഓളം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയുംചെയ്തു. മെത്രാൻതിരുമേനിയെ പെ: ബ: വികാരി സ്വീകരിച്ചു് ഇടവകക്കാർ, സ്കൗട്ട്, ഗൈഡ്സ് ആദിയായവരുടെ അകമ്പടിയോടുകൂടി പള്ളിയിലേക്കു ആനയിച്ചു. തുടന്നു പരിശുദ്ധ കർബാനയുടെ ആശീർവ്വാദകർമ്മം നടത്തുകയും അതിനുശേഷം കുട്ടികൾക്കു സ്ഥൈര്യലേപനം നൽകുകയുംചെയ്തു. തുടന്നു നടന്ന പൊതുയോഗത്തിൽ തിരുമേനി ആദ്ധ്യക്ഷംവഹിച്ചു. സ്ഥലത്തെ ഭക്തസംഘടനകൾ തിരുമേനിക്കു ജ്ഞാനപുഷ്പമഞ്ജരികൾ സമപ്പിക്കുകയും പലരും തിരുമേനിയെ സ്വർണ്ണമാല്യം അണിയിക്കുകയുംചെയ്തു.

**മുക്കുളം:** സ്ഥലം സെൻറു് ജോർജ്പള്ളിയിൽ സെപ്തംബർ 16-ാംനു ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ മാർ മാത്യു കാവുകാട്ടു തിരുമനസ്സുകൊണ്ടു് ഔദ്യോഗിക സന്ദർശനം നടത്തിയിരിക്കുന്നു. കുട്ടികളുടെ പ്രഥമദിവ്യകാരുണ്യസ്വീകരണം, മുമ്പിലത്തെ ഒപ്പുശുമാ മുതലായവയ്ക്കുശേഷം ചേർന്ന പൊതുയോഗത്തിൽ തിരുമേനി ആദ്ധ്യക്ഷംവഹിച്ചു. റവ ഫാദർ ജോസഫ് തോട്ടുപുറം, ശ്രീ കെ എ ആൻറണി മുതലായവർ പ്രസംഗിച്ചു. അതിനുശേഷം തിരുമേനി ക്ലാരമഠത്തിൻെറ ശിലാസ്ഥാപനകർമ്മം നിർവ്വഹിച്ചു.

**തിരുനട്ടു്:** സ്ഥലം ചെറുപുഷ്പമിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ കൊണ്ടാടിയിരിക്കുന്നു. പ്രാരംഭമായി നവനാൾ ആചരിച്ചു. തിരുനാൾദിനമായ ഒക്ടോ: 7-ാംനു നടത്തിയ കാർഷികവിഭവശേഖരണത്തിൽ നല്ലൊരുതുക മിഷനു ലഭിക്കയുംചെയ്തു.

**ചങ്ങനാശേരി:** സ്ഥലം ഫാത്തിമാപുരം ദേവാലയത്തിലെ ഫാത്തിമാനാഥയുടെ തിരുനാൾ ചങ്ങനാശ്ശേരിമെത്രാൻ റൈററു് റവ ഡോക്ടർ മാത്യു കാവുകാട്ടു തിരുമനസ്സിലെ സാന്നിദ്ധ്യത്തിൽ ആഘോഷിക്കപ്പെട്ടു. ഫാത്തിമാവെൽഫെയർലീഗിൻെറ വകയായി ലീഗുമന്ദിരത്തിനുമുമ്പിൽ തയ്യാർചെയ്തിരുന്ന പൂപ്പന്തലിൽവച്ചു ലീഗുപ്രസിഡൻറു് ശ്രീ എ ഇ അഗസ്റ്റിൻ എം എ തിരുമേനിയെ ഹാരമണിയിച്ചുസ്വീകരിച്ചു. തിരുമനസ്സുകൊണ്ടു് ലീഗിൻെറ ഉൽഘാടനകർമ്മം ഔദ്യോഗികമായി നിർവ്വഹിക്കുകയും ലീഗിനെ ആശീർവ്വദിക്കുകയും ഗ്രൂപ്പുഫോട്ടോയിൽ ഇരിക്കുകയുംചെയ്തു. തുടർന്നു ഫാത്തിമാദേവാലയത്തിൽ ഇലക്ട്രിക്ക്ലൈററു് ഉൽഘാടനവും നിർവ്വഹിച്ചു. ഫാത്തിമാപുരം സെൻറു് മേരീസ് കാത്തലിക്ക് അസ്സോസിയേഷൻെറ വകയായ ഒരു സ്വീകരണവും തദവസരത്തിൽ തിരുമേനിക്കു നൽകപ്പെട്ടു.



**For Favours Received**

Mrs. Leela George

## അടുത്തയാഴ്ചയിൽ

ഒക്ടോബർ

25 വ്യാ: വി. ക്രൂസാന്തോസും ദാരിയായും

26 വെ: വി. എവരിസ്തോസ്

27 ശ: വി യാക്കോബ്

28 ഞാ: പന്തക്കു: 23-ാംഞായർ ക്രിസ്തുവിൻെറ രാജത്വം

29 തി: വി. മറിയംമഗ്ദലെത്താ

30 ചൊ: വി. മത്താ

31 ബു: വി. അന്തോനീനൂസ്

## ചരമവാർത്തകൾ

**ചെമ്പാപി:** കുടിയിരിപ്പിൽ മത്തായി മത്തായി 70-ാമത്തെ വയസ്സിൽ അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് ഒക്ടോബർ 13-ാംനു ശനിയാഴ്ച കർത്താവിൽ നിദ്രപ്രാപിച്ചു.

**ഭരണങ്ങാനം:** സ്ഥലത്തെ കണിയാമ്പടിക്കൽ മി കെ ജെ ജോസഫ് ബി എ (അപ്പാപ്പസാർ) 78-ാമത്തെ വയസ്സിൽ ഒക്ടോ: 9-ാംനു കർത്താവിൽ ഭാഗ്യമരണംപ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം റവ ഫാദർ തോമസ് മൂത്തേടം എം എ എൽ ടി യുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പരേതൻ എറണാകുളം, തൈക്കാട്ടുശ്ശേരി, മുത്തോലി, ഭരണങ്ങാനം എന്നീ ഇംഗ്ലീഷ് സ്കൂളുകളിൽ ഹെഡ്മാസ്റ്ററായി കാൽശതാബ്ദക്കാലം ജോലിനോക്കിയിട്ടുണ്ടു്.

**കിഴക്കമ്പലം:** പാത്തികുളങ്ങര ഔസേപ്പു ഭാര്യ ഏലി 87-ാമത്തെ വയസ്സിൽ ഒക്ടോ: 17-ാംനു കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരം അന്നുതന്നെ സ്ഥലം പള്ളിസിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. വെരി റവ ഫാദർ ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ സംസ്കാരകർമ്മങ്ങളിൽ പ്രധാനകാർമ്മികത്വം വഹിക്കുകയും ചരമപ്രസംഗം നടത്തുകയുംചെയ്തു.

**പൂവക്കുളം:** നീറന്താനംപള്ളി ഇടവക പനച്ചിക്കൽ മത്തായി മറിയം ഒക്ടോ: 20-ാംനു ശനിയാഴ്ച നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം പരേതയുടെ പൗത്രൻ റവ ഫാദർ ബന്നററു് സി. ഡി. യുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. പൂനയിലെ ഫാദർ ജെ വള്ളമററം, ബ്രദർ ടി വള്ളമററം, അഡ്വക്കേററു് ജെ കെ വള്ളമററം എന്നിവർ പരേതയുടെ പൗത്രന്മാരാണു്. ചങ്ങനാശ്ശേരി കോളേജിലെ സിസ്റ്റർ ഉർസുലാ പരേതയുടെ പൗത്രിയുമാണു്.

R. I. P.

# കോതമംഗലം നിയുക്തമെത്രാൻ റോമിലേക്കു്

കോതമംഗലം മെത്രാനായി നിയമിക്കപ്പെട്ടിരിക്കുന്ന റൈററു് റവ. മോൺസിഞ്ഞോർ മാത്യു പോത്തനാമുഴി തിരുമനസ്സുകൊണ്ടു് അഭിഷേകം സ്വീകരിക്കുന്നതിനു ഒക്ടോബർ 22-ാംതീയതി വിമാനമാർഗ്ഗം റോമിലേക്കു പുറപ്പെട്ടിരിക്കുന്നു. 24-ാംതീയതി തിരുമേനി ബോംബെയിൽനിന്നു യാത്രതുടരുന്നതാണു്. തിരുമേനിയെ യാത്രയയക്കുന്നതിനു കൊച്ചി വിമാനത്താവളത്തിൽ എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനിയും എറണാകുളം അതിരൂപതാ വികാരിജനറൽ റൈററു് റവ. മോൺ. ജോർജ് വല്യാറമ്പത്തു്, സിക്രട്ടറി വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി, വെരി റവ. മോൺ. കുര്യാക്കോസ് നമ്പ്യാപറമ്പിൽ ആദിയായ ഒട്ടുവളരെ വൈദികരും, എറണാകുളം, കോതമംഗലം, വാഴക്കുളം, ആരക്കുഴ, മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽനിന്നു ബന്ധുമിത്രാദികളടക്കം വലിയൊരു ജനക്കൂട്ടവും സന്നിഹിതരായിരുന്നു. റവ. ഫാദർ ജോൺ മാളേക്കൽ അവർകൾ തിരുമേനിയുടെ കൂടെ യാത്രചെയ്യുന്നുണ്ടു്.

## തിരുക്കൊച്ചിവാർത്തകൾ

മദ്രാസ് സർവ്വീസിൽപെട്ട 250 എൻ. ജി. ഒ. ക്കാർ കേരളസ്റ്റേററിൽ സേവനം സ്വീകരിക്കുന്നതിനായി ഒക്ടോബർ 28-ാംനു തിരുവനന്തപുരത്തെത്തുന്നതാണു്

—കേന്ദ്രവാണിജ്യമന്ത്രി ശ്രീ കാർമാക്കർ, കയർസഹകരണസംഘങ്ങളുടെ സംയുക്തസമ്മേളനം ഉൽഘാടനം ചെയ്യുവാനായി നവംബർ 7-ാംതീയതി കൊച്ചിയിൽ എത്തുന്നതാണു്.

—കേരളസംസ്ഥാനത്തിൻെറ ഔദ്യോഗികചിഹ്നം തിരുക്കൊച്ചിയുടേതുതന്നെയായിരിക്കും.

—സംസ്ഥാനത്തെ കശുവണ്ടിവ്യവസായപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലേക്കു ഗവമ്മെൻറു് ഒരു കശുവണ്ടി ബോർഡ് രൂപവത്കരിക്കുകയും ഒരു ഫുൾടൈം കാഷ്യൂ ഓഫീസറെ നിയമിക്കുകയും ചെയ്തിരിക്കുന്നു.

—കോടതി പരിശോധനാർത്ഥം ഇവിടെയെത്തിയിരുന്ന സുപ്രീം കോടതി ചീഫ്ജസ്റ്റിസ് എറണാകുളത്തേയും തിരുവനന്തപുരത്തേയും കോടതികൾ പരിശോധിച്ചശേഷം മടങ്ങിപ്പോയിരിക്കുന്നു.

—എറണാകുളം-കൊല്ലം റെയിൽവേ ലൈൻ വൈദ്യുതീകരിക്കുന്ന കാര്യം ആലോചിക്കുന്നതാണെന്നു്, എറണാകുളം-കോട്ടയം ലൈനിൻെറ ഉൽഘാടനവേളയിൽ റെയിൽവേമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

—പുതുതായി അനുവദിച്ച കട്ടനാട്ടു താലൂക്കിൻെറ ഉൽഘാടനം ആഡംബരപൂർവ്വം നടത്തുന്നതിനു വേണ്ട ഒരുക്കങ്ങൾ ചെയ്തുവരുന്നു.

—കഴിഞ്ഞ അഞ്ചുകൊല്ലങ്ങളായി അമേരിക്കയിൽ ഉപരിപഠനം നടത്തിക്കൊണ്ടിരുന്ന മി. ഹെൻറി ഓസ്റ്റിൻ എം. എ., പിഎച്ച് ഡി. എന്നീ ബിരുദങ്ങൾ സമ്പാദിച്ചു്, അനേകം വിദേശരാജ്യങ്ങൾ സന്ദർശിച്ചശേഷം നാട്ടിൽ മടങ്ങിയെത്തിയിരിക്കുന്നു. ഡോക്ടർ ഓസ്റ്റിൻ എറണാകുളത്തു വക്കീലായി പ്രാക്ടീസ് ചെയ്യുന്നതാണു്.

—ഇപ്പോൾ ഹൈദ്രബാദ് മുഖ്യമന്ത്രിയായിരിക്കുന്ന മി. ബി. രാമകൃഷ്ണറാവുവിനെ കേരളത്തിലെ ഒന്നാമത്തെ ഗവർണരായി നിയമിച്ചിരിക്കുന്നു. എന്നാൽ നവംബർ 15-ാംതീയതിയോടുകൂടിയേ അദ്ദേഹം ചാർജെടുക്കുകയുള്ളുവെന്നറിയുന്നു. അതുവരെ അഡ്വൈസർ മി. പി. എസ്. റാവു ഗവർണരുടെ ചാർജ്കൂടെ വഹിക്കുന്നതാണു്.

—കേരളത്തെ ഒരു ടൂറിസ്റ്റ്കേന്ദ്രമാക്കുവാൻ വേണ്ടതു ചെയ്യുന്നതാണെന്നു റെയിൽവേമന്ത്രി ഉറപ്പു നൽകിയിരിക്കുന്നു.

—കേരളഹൈക്കോടതി ജസ്റ്റീമാരുടെ പേരുവിവരം ഒക്ടോബർ 28-ാംതീയതി പ്രഖ്യാപിക്കപ്പെടുന്നതാണെന്നറിയുന്നു.

—വെററിനറി കോളെജിൻെറ ആവശ്യത്തിലേക്കു 60 ഏക്കർ സ്ഥലം തൃശ്ശൂരടുത്തു അക്വയർചെയ്യുവാൻ ഗവർമ്മെൻറുത്തരവായിരിക്കുന്നു.

—തിരുക്കൊച്ചിയിലെ ഉപ്പുനിർമ്മാണ വികസനപദ്ധതികൾക്കായി 2.4 ലക്ഷം ക. കേന്ദ്രഗവമ്മെൻറു് അനുവദിച്ചിരിക്കുന്നു.

—കേരള സാഹിത്യഅക്കാഡമിയുടെ വക്കിംഗ് പ്രസിഡൻറായി മി. കെ. പി. കേശവമേനോനെ തിരഞ്ഞെടുത്തിരിക്കുന്നു.

—കേന്ദ്രകമ്മ്യൂണിററി ഡവലപ്പുമെൻറുമന്ത്രി മി. എസ്. കെ. ഡേ നവംബർ രണ്ടാംതീയതി സംസ്ഥാനത്തെത്തുന്നതും ഒരാഴ്ചയോളം ഇവിടെ പര്യടനം നടത്തുന്നതുമാണു്.

—ആലുവാ സെൻറു് മേരീസ് ഹൈസ്കൂൾ ടീമും തൊടുപുഴ സ്കൂൾ ടീമും തമ്മിൽ പെരുമ്പാവൂർവെച്ചു നടന്ന ഇൻറർ സ്കൂൾ ഫുട്ബോൾ ടൂർണ്ണമെൻറിൽ ഒന്നിനെതിരെ ഏഴു ഗോളടിച്ചു് സെൻറ്മേരീസ് ടീം വിജയംവരിച്ചിരിക്കുന്നു.

—പ്രതിവർഷം അൻപതിനായിരംപേക്കു തൊഴിൽ കൊടുക്കുവാൻ സാദ്ധ്യതയുള്ള ഒരു പുതിയ സൈക്കിൾ നിർമ്മാണഫാക്ടറി തിരുക്കൊച്ചിയിൽ സ്ഥാപിക്കുവാൻ ഹിൻഡ് സൈക്കിൾ മാനുഫാക്ചറേഴ്സ് അസോസ്യേഷനു കേന്ദ്രഗവമ്മെൻറു അനുവാദം നൽകിയിരിക്കുന്നതായി അറിയുന്നു.

—൦—

**Davy's World Famous Poultry Remedies**



**ഡേവിയുടെ**
വിശ്വവിഖ്യാതമായ
**കോഴിരോഗമരുന്നുകൾ**

പൗൾട്ടറി പ്രിസർവർ:-രോഗം വരാതെ സൂക്ഷിക്കുന്നതിനും, കോഴിവസന്തയ്ക്കും.

റാനിക്കെററൽ:-റാനിക്കെററു് രോഗത്തിനു്.

എറണാകുളം സ്റ്റോക്കിസ്റ്റ്സ്:-
M/s വളവി & Co,
ബ്രോഡ്വെ

# കറുത്ത റിപ്പോർട്ടിലെ വെളുത്ത വശം

(ഫാദർ തോമസ് കൊച്ചയ്യങ്കനാൽ)

"In all the places visited by the Committee there was unanimity as regards the excellent service rendered by the missionaries, in the fields of education and medical relief ..... There was no disparagement of Christianity or of Jesus Christ, and no objection to the preaching of Christianity and even to conversions to Christianity.

(Report of the Christian Missionary Activities Enquiry Committee volume I, Page 3)

"കമ്മിററി സന്ദർശിച്ച എല്ലാ സ്ഥലങ്ങളിലെ വിദ്യാഭ്യാസരംഗത്തും വൈദ്യസഹായതുറകളിലും മിഷനറിമാർ ചെയ്തിട്ടുള്ള വിശിഷ്ടസേവനങ്ങളെക്കുറിച്ചു സർവ്വസമ്മതമായ അഭിപ്രായമാണു പ്രകടിതമാക്കിക്കണ്ടതു് .......യേശുക്രിസ്തുവിനെക്കുറിച്ചോ ക്രിസ്തുമതത്തെക്കുറിച്ചോ യാതൊരുതരത്തിലുള്ള ബഹുമാനക്കുറവും പ്രകാശിപ്പിച്ചു കണ്ടില്ല. ക്രിസ്തുമതം പ്രസംഗിക്കുന്നതിനേയും ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനത്തേയും സംബന്ധിച്ച യാതൊരു പ്രതിഷേധവുമില്ലായിരുന്നു." കുപ്രസിദ്ധിസമ്പാദിച്ചുകഴിഞ്ഞിട്ടുള്ള നിയോഗി കമ്മിററിറിപ്പോർട്ടിലെ തള്ളുവാചകങ്ങളാണിവ. എന്നിരുന്നാലും മിഷനറിമാരെ പറഞ്ഞയയ്ക്കുകയും ക്രിസ്തുമതപ്രചാരത്തെ തടയുകയും ചെയ്യണമത്രേ. ആർക്കുവേണ്ടി? എന്തിനുവേണ്ടി? മനുഷ്യൻ പ്രകൃത്യാ സത്യം വെളിപ്പെടുത്തുന്നതിനും നല്ലതു പറയുന്നതിനുമാണു് നിർബന്ധിക്കപ്പെടുന്നതെന്നുള്ളതിനു ഈ റിപ്പോർട്ട് ഒരു സാക്ഷി കൂടെയായിരിക്കട്ടെ.

മി. നിയോഗിയുംകൂട്ടരും മാത്രമല്ല ഇങ്ങനെയുള്ള വസ്തുതകൾ വെളിപ്പെടുത്തിയിട്ടുള്ളതു്. തിരുവിതാംകൂറിലെ സ്റ്റേററുമാനുവൽ, നാഗമയ്യാറിപ്പോർട്ട്, സെൻസസ്റിപ്പോർട്ട് മുതലായ ഔദ്യോഗികരേഖകൾ നമുക്കു പണ്ടേ സിദ്ധിച്ചിട്ടുണ്ടു്. എന്നിരുന്നാലും അസൂയാലുക്കളായ ദുഷ്ടബുദ്ധികൾ ക്രിസ്തുമതസ്ഥാപകനായ ശ്രീയേശുനാഥൻെറ കാലംമുതൽ ഏററുപാച്ചിലും ക്രിസ്തുമതനിരോധനപ്രസ്ഥാനവും ആരംഭിച്ചതാണു്. തങ്ങളുടെ ദുഷ്പ്രവൃത്തികൾക്കു പ്രതിബന്ധമായിരുന്ന ക്രിസ്തുവിൻെറ സാന്നിദ്ധ്യത്തെ തട്ടിനീക്കുന്നതിലേക്കു ആ നന്മസ്വരൂപൻെറ സൽപ്രവൃത്തികൾക്കു ദൃക്സാക്ഷികളായിരുന്ന യഹൂദവൈരികൾക്കു യാതൊരു കുററവും ആ പരമസാത്വികൻെറ പേരിൽ ആരോപിക്കുവാനുണ്ടായിരുന്നില്ല. അവർ അതിനുവേണ്ടി കെട്ടിച്ചമച്ച കള്ളക്കഥകളെല്ലാം യുക്തിവിരുദ്ധങ്ങളും അസൂയാജടിലങ്ങളുമാണെന്നു വെളിപ്പെട്ടപ്പോൾ അവർക്കു രാജ്യദ്രോഹക്കുററത്തെ ആശ്രയിക്കയല്ലാതെ ഗത്യന്തരമില്ലെന്നുവന്നു. അങ്ങനെയെങ്കിലും ആ കാരുണ്യമൂർത്തിയെ കുരിശിൽ കയററുന്നതിനു സാധിക്കയുംചെയ്തു.

ദാരുണമായ മതപീഡനകാലങ്ങളിലും ക്രിസ്ത്യാനികളുടെമേൽ ആരോപിക്കുന്നതിനു മതവൈരികൾക്കു യാതൊന്നുമുണ്ടായിരുന്നില്ല. ക്രിസ്ത്യാനികൾ പരസ്പരം സ്നേഹിക്കുന്നു. സാഹോദര്യം പുലർത്തുന്നു. അടിമവേല ചെയ്യുമ്പോൾപ്പോലും വലിയ സഹനശക്തി പ്രദർശിപ്പിക്കുന്നു. എന്നൊക്കെയല്ലാതെ അവരെക്കുറിച്ച് ആക്ഷേപസൂചകമായി എന്തെങ്കിലും പറയുന്നതിനില്ലായിരുന്നു. അവർ വിഗ്രഹാരാധന ചെയ്യുന്നില്ലെന്നു മാത്രം. ഇക്കാലങ്ങളിലെ അനുഭവവും വിഭിന്നമല്ലല്ലോ. കമ്മ്യൂണിസത്തിനു വിധേയങ്ങളായ രാജ്യങ്ങളിൽ കാരാവാസം ചെയ്യുന്ന മെത്രാന്മാരും ജയിലുകളിൽ അടയ്ക്കപ്പെട്ടിരിക്കുന്ന വൈദികരും നിഷ്ഠുരപീഡകൾ സഹിക്കുന്ന ഭക്തജനങ്ങളും വല്ലവരുടേയും വസ്തുക്കൾ മോഷ്ടിച്ചവരോ ആരെയെങ്കിലും ചീത്തപറഞ്ഞവരോ ആയിരിക്കുമോ? അല്ലെന്നു മാത്രമല്ല അവർ സദ്വൃത്തികളും പരോപകാരപ്രവർത്തകരുമാണെന്നു പൊതുജനങ്ങളും ഔദ്യോഗികപ്രഖ്യാപനങ്ങളും സാക്ഷ്യംവഹിക്കാതിരിക്കയും ചെയ്യുന്നില്ല. അവർ മതബോധത്തെ മുറുക്കിപ്പിടിക്കുന്നവത്രേ.

നമ്മുടെ കൺമുമ്പിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾതന്നെ ഒന്നു പരിശോധിച്ചുകളയാം. ഇൻഡ്യൻ റിപ്പബ്ളിക്കിൻെറ പ്രസിഡൻറായ ശ്രീ രാജേന്ദ്രപ്രസാദ് ക്രിസ്തുമതത്തിനു സ്വാഗതമാശംസിക്കുന്നു. പ്രൈംമിനിസ്റററായ നെഹ്റുജി ക്രിസ്ത്യാനികൾ ഇൻഡ്യക്കു സാമ്പത്തികമായും സാംസ്കാരികമായും നിരവധി നന്മകൾ ചെയ്തിട്ടുള്ളവരും ചെയ്തുകൊണ്ടിരിക്കുന്നവരുമാണെന്നു സന്ദർഭം കിട്ടുമ്പോഴൊക്കെയും ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു. ആഭ്യന്തര മന്ത്രി മി. പാന്തും മററു പല മന്ത്രിമാരും സാത്വികന്മാരും ഉദ്യോഗസ്ഥന്മാരുമായ അനേകരും അസൂയാകലുഷിതരായ മതവിദ്വേഷികളുടെ വ്യാജപ്രസ്താവനകളേയും ദോഷാരോപണങ്ങളേയും യുക്തിയുക്തം നിഷേധിക്കുന്നു. സംഭവങ്ങൾ ഇങ്ങനെയൊക്കെയാണു നടക്കുന്നതെങ്കിലും ഹിന്ദുമഹാസഭക്കാരും ആർ. എസ്. എസ്. കാരും ആര്യസമാജക്കാരും മിഷനറിമാരെ പറഞ്ഞയക്കുകയും ക്രിസ്തുമതത്തെ ഉന്മൂലനം ചെയ്യുകയുംചെയ്യേ അടങ്ങുകയുള്ളുവത്രേ.

പ്രസ്തുത മിഷനറിമാർ വിദേശങ്ങളിൽനിന്നു സംഭരിച്ചു എത്ര കോടി രൂപയാണു് ഭാരതത്തിൽ ചെലവഴിച്ചുകൊണ്ടിരിക്കുന്നതെന്നും വേണമെങ്കിൽ പ്രസ്താവിച്ചേക്കാം. 1950 മുതൽക്കുള്ള കണക്കുകളിൽനിന്നു കാണുന്നതു് ശരാശരി ഏഴുകോടി രൂപയാണെന്നത്രേ. ഈ സംഖ്യ ചെലവഴിക്കുന്നതു് എന്തിനുവേണ്ടിയെന്നും രേഖകളില്ലായ്കയില്ല. 266 ആസ്പത്രികളും 233 ഡിസ്പെൻസറികളും 49 കുഷ്ഠരോഗാതുരാലയങ്ങളും 13 ടി. ബി. സാനിറേറാറിയങ്ങളും 9 അന്ധബധിരവിദ്യാലയങ്ങളും 29 അബലാസങ്കേതങ്ങളും 134 അനാഥശാലകളും 123 സാമൂഹികസ്ഥാപനങ്ങളും 44 കോളേജുകളും 345 ഹൈസ്കൂളുകളും 109 ട്രെയിനിങ്ങ്സ്കൂളുകളും 89 വ്യവസായശാലകളും മററു അനേക വിദ്യാസ്ഥാപനങ്ങളും നടത്തുന്നതിനായിട്ട്. ഇവയുടെ ഉപഭോക്താക്കൾ ആര്? ഭൂരിപക്ഷവും അക്രൈസ്തവരും. (മലബാർമെയിൽ 20. No. 311) ഈ വർഷത്തിൽ മാർപ്പാപ്പായും അമേരിക്കാ മുതലായ വിദേശരാജ്യങ്ങളും അയച്ചിട്ടുള്ള ദുരിതനിവാരണസഹായങ്ങൾ പ്രത്യേകവും. അന്യസ്ഥലങ്ങളിൽനിന്നു പണംവരുത്തുന്നതു് അഭിമാനക്കുറവാണുപോലും. പഞ്ചവത്സരപദ്ധതികളും മററും പുരോഗമിക്കയുംവേണം. നമ്മൾ സ്വയം പര്യാപ്തതയിൽ എത്തുന്നതുവരെയെങ്കിലും മിച്ചമുള്ള ഉദാരമതികൾ സംഭാവന ചെയ്തുകൊള്ളട്ടേയെന്നു വയ്ക്കുകയല്ലയോ ശ്രേയസ്കരമെന്നു ചിന്തിക്കേണ്ടതാണു്. ആധുനികലോകത്തിൻെറ പുരോഗതിക്കനുസരണമായ പ്രസ്ഥാനങ്ങൾ ആരംഭിക്കുവാനും തുടർന്നുകൊണ്ടുപോകുവാനും മതിയായ പണവും ആളുകളും ഭാരതത്തിനു ഇപ്പോൾ ഇല്ലെന്നുള്ള വസ്തുത അകത്തും പുറത്തുമുള്ളവർക്കു അജ്ഞാതമാണെന്നു ദുരഭിമാനത്തിൻെറ തള്ളൽകൊണ്ടു് വിചാരിക്കാതിരിക്കയുമാണു് വിഹിതം.

ഇവയൊക്കെയും അറിയുകയും അനുഭവിക്കയും ചെയ്യുന്ന അഭ്യസ്തവിദ്യരായ കേരളത്തിലെ ചില പത്രാധിപന്മാർപോലും നിയോഗിറിപ്പോർട്ടിനെ അനുകൂലിച്ചു പ്രസ്താവനകളിറക്കുവാൻ സന്നദ്ധരായി എന്നു കാണുമ്പോൾ വിസ്മയം പ്രകടിപ്പിക്കയല്ലാതെന്തു ചെയ്യും. ക്രിസ്ത്യാനികൾ ശത്രുക്കളോടു ക്ഷമിക്കണമെന്ന ഉപദേശം കേട്ടുകൊണ്ടിരിക്കുന്ന ശാന്തരും രാജ്യനിയമങ്ങൾക്കു വിധേയരായിരുന്നുകൊള്ളണമെന്നുള്ള കല്പന അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന നിയമാനുസാരികളുമാണെന്നു അറിവുള്ളതുകൊണ്ടായിരിക്കുമോ അവർ ഇങ്ങനെ ചെയ്തതെന്നു തോന്നിപ്പോകുന്നു. ഗോവധനിരോധനത്തിനുവേണ്ടിയെന്നപോലെയോ മഹാരാഷ്ട്രഗുജറാത്തിവാദത്തിനുവേണ്ടിയെന്നപോലെയോ കൊള്ളിവയ്പോ കുത്തിക്കൊലയോ ഒന്നും എന്തുതന്നെ സംഭവിച്ചാലും ക്രിസ്ത്യാനികൾ ചെയ്യുകയില്ലായിരിക്കാം. ശത്രുക്കളുടെ കിരാതപ്രവൃത്തനങ്ങൾ പരമാവധി പ്രാപിക്കുമ്പോൾ ക്രിസ്ത്യാനികൾ ചോരചൊരിഞ്ഞും സത്യത്തിനുവേണ്ടി മരിക്കയേ ചെയ്കയുള്ളു.

യുക്തിയും വിവേകവുമുള്ള ഹിന്ദുക്കൾ ഇനിയെങ്കിലും മതഭ്രാന്തന്മാരെ അവരുടെ സംഹാരകൃത്യങ്ങളിൽനിന്നു വിരമിപ്പിക്കുവാൻ പരിശ്രമിക്കുമെന്നു സ്വരാജ്യസ്നേഹത്തിൻെറ നാമത്തിൽ വിശ്വസിക്കട്ടെയോ? യഥാർത്ഥക്രിസ്ത്യാനികൾ തങ്ങളുടെ പ്രാണനെ ബലികഴിക്കേണ്ടിവന്നാലും ഈശ്വരനേയും മതബോധത്തേയും പരിത്യജിക്കുകയില്ല. മനുഷ്യനു ഒരു മതംവേണമെന്നും അവതാരപുരുഷനായ ക്രിസ്തു അതു വെളിപ്പെടുത്തിയിട്ടുണ്ടെന്നും അവർ അഭിമാനപൂർവ്വമാണു വിശ്വസിക്കുന്നതു്. ഭാരതനിവാസികൾ എല്ലാവരും അതു സ്വീകരിച്ചാലും, സാമ്പത്തികമായും സാംസ്കാരികമായും അതു ഈ രാജ്യത്തിനു ഉല്ക്കർഷം വരുത്തുകയേ ചെയ്കയുള്ളൂ. വിശ്വവ്യാപകമായ ഒരു മതസംഘടനയുള്ളതാണു കത്തോലിക്കാസഭ. വ്യവസ്ഥാപിതമായ ആ സംഘടനയുടെ പ്രാബല്യംമൂലം അതിൻെറ കഴിവുകൾ എത്രമാത്രമാണെന്നു പലർക്കും അറിഞ്ഞുകൂടാ. ഭാരതത്തിൻെറ പുരോഗമനോന്മുഖമായ ഏതു സംരംഭത്തേയും അതു വികസിപ്പിച്ചുകൊള്ളും. മിഥ്യാഭിമാനവും അന്ധമായ യാഥാസ്ഥിതികതയും പരിത്യജിക്കേണ്ട കാലം അതിക്രമിച്ചുപോയി.

ഗവമ്മെൻറു് ഈ നയം അവലംബിക്കുവാൻ തുടങ്ങിയതുകൊണ്ടാണു് പഞ്ചവത്സരപദ്ധതികളെ വിജയിപ്പിക്കുവാൻ അതിനു സാധിച്ചതു്. അന്ധമായ സമുദായഭക്തിയുടേയോ വർജ്ജ്യമായ മതഭ്രാന്തിയുടേയോ പേരിൽ നടത്തുന്ന അനാശാസ്യപ്രകടനങ്ങൾകൊണ്ടു ഗവമ്മെൻറിനെപ്പോലും അലട്ടാമെന്നേയുള്ളൂ. നമ്മുടെ രാജ്യത്തിനുതന്നെയാണു് അതുകൊണ്ടുള്ള ഹാനി വരുത്തിവയ്ക്കുന്നതു്. മർദ്ദനം ഗുണവർദ്ധനമായിട്ടാണു് ക്രിസ്ത്യാനികൾക്കു സംഭവിച്ചിട്ടുള്ളതു്. യുക്തിയാകുന്ന നികഷത്തിന്മേൽ ഘർഷണംചെയ്യാത്ത തത്വങ്ങളൊന്നും ക്രിസ്തുമതം ഉപദേശിക്കുന്നില്ല. കാലമാണു് അതിനു സാക്ഷി. ക്രിസ്തുവിനെ ലഭിക്കുവാൻ ഭാരതത്തിലെ സാധുജനങ്ങളെല്ലാം അഭിലഷിക്കുന്നുണ്ടെന്നു നിയോഗിക്കമ്മററിറിപ്പോർട്ടും വിളിച്ചുപറയുന്നുണ്ടല്ലോ. അവർ അതു സഫലമാക്കിക്കൊള്ളട്ടെ. ക്രിസ്തു ജയിക്കതന്നെ ചെയ്യും.

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചൊറി, ചുണങ്ങു്,
താരൻ, മുഖക്കുരു
മുതലായവയ്ക്കു്
S.V.PRODUCTS, IRINJALAKUDA

ആദ്ധ്യാത്മിക ജീവിതം
രണ്ടാം ഭാഗം
ഫാദർ മാത്യു മങ്കുഴിക്കരി പ്രസിദ്ധം ചെയ്യുന്നതു്.
മേനിക്കടലാസ്— 425-ൽ അധികം പേജുകൾ.
വില ക.2—6—0
നവസന്യാസഭവനം
എറണാകുളം-1

# "കത്തോലിക്കാ സഭയിൽ ഞാൻ ചേർന്നതു് എന്തുകൊണ്ടു്?"

(ഏ. പീലിപ്പോസ് മാരേട്ട് M. A. B. L., Retd. Judge)

"ഈ അടുത്ത കാലത്തു് കത്തോലിക്കാസഭയിൽ ചേർന്ന പെ. ബ. വി. സി. ഗീവറുഗീസ് കോർഎപ്പിസ്കോപ്പാ ബി. എ. അദ്ദേഹത്തിൻെറ പുനരൈക്യത്തിനു വഴിതെളിച്ച സത്യങ്ങളെ വെളിപ്പെടുത്തി എഴുതിയ പുസ്തകത്തിൻെറ പേരാണു് ഈ ലേഖനത്തിൻെറ തലക്കെട്ടിൽ കാണുന്നതു്. മാർ ഈവാനിയോസിൻേറയും മാർ തിയോഫിലോസിൻേറയും, മാർ സെവേരിയോസിൻേറയും മാർ ഡിയസ്കോറോസിൻേറയും പുനരൈക്യം കഴിഞ്ഞാൽ റീത്തുപ്രസ്ഥാനത്തിൻെറ ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഒരു പ്രധാനപുനരൈക്യമാണു് ഈ വന്ദ്യപുരോഹിതൻെറ പുനരൈക്യമെന്നു പറയാൻ ഞാൻ അശേഷം മടിക്കുന്നില്ല. കാർഡിനൽ ന്യൂമാൻെറ പുനരൈക്യം കഴിഞ്ഞു വളരെ വർഷങ്ങൾക്കുശേഷം, സഭാശത്രുക്കൾ അദ്ദേഹം കള്ളനാണെന്നു പറഞ്ഞു് അവരുടെ ദുഷ്ടതയെ വെളിപ്പെടുത്തിയപ്പോഴാണു് അദ്ദേഹത്തിൻെറ കൃതികളിൽ പ്രഥമസ്ഥാനമർഹിക്കുന്ന (Appolo.. ia) ആത്മകഥനം അദ്ദേഹം എഴുതിയതും പ്രസിദ്ധപ്പെടുത്തിയതും ശത്രുക്കളുടെ വായ് അതിനോടുകൂടി അടഞ്ഞു എന്നു മാത്രമല്ല സത്യാന്വേഷികൾക്കു വെളിച്ചം കൊടുക്കുന്ന ഒരു ദീപസ്തംഭമായും ഒന്നാന്തരമൊരു സാഹിത്യഗ്രന്ഥമായും ആ പുസ്തകം ഇരിക്കുകയും ചെയ്യുന്നു. എന്നേക്കും ആ പുസ്തകം അങ്ങനെ ഇരിക്കുകയും ചെയ്യും. ബ. കോർ എപ്പിസ്കോപ്പായുടെ ഈ പുസ്തകവും അദ്ദേഹത്തിൻേറയും തിരുസഭയുടേയും ശത്രുക്കളുടെ വായ് അടയ്ക്കുന്ന ഒരു പുസ്തകമാണു്.

മാനസാന്തരകഥകൾ എല്ലാം തന്നെ എനിക്കേററം ഇഷ്ടമുള്ളവയാണു്. ഈ പുസ്തകം അത്തരം കഥകളിൽ ഒരു പ്രമുഖസ്ഥാനമെടുക്കുന്നുണ്ടു്. പുസ്തകം കൈയിൽ കിട്ടിയ ഉടനെ വളരെ ശ്രദ്ധയോടുകൂടി ഞാൻ അതു തുടർന്നു വായിച്ചു. ഇടയ്ക്കു മറെറാന്നും വായിക്കാതെയാണു് ആ പുസ്തകം ആദ്യവസാനം ഞാൻ വായിച്ചുതീർത്തതു്. ഓരോ വകുപ്പു വായിക്കുംതോറും അടുത്ത വകുപ്പിൽ എന്താണു പറയുന്നതെന്നു അറിയുവാൻ ജിജ്ഞാസയോടുകൂടിയാണു ഞാൻ വായിച്ചതു്.

പുനരൈക്യകഥകൾ വായിച്ചാൽ ഓരോ പ്രത്യേക വഴികളിൽ (ചിലപ്പോൾ വളരെ നിസ്സാരവഴികളിൽ) കൂടെയാണു ദൈവം സത്യത്തെ കാണാൻ വഴിതുറന്നു് അവർക്കു കൊടുക്കുന്നതെന്നു കാണാം. സത്യം അറിയാനുള്ള ആഗ്രഹം ഒരുവനിൽ ജനിക്കുന്നതിനു പല വാതിലുകൾ തുറന്നുകൊടുക്കുവാൻ ദൈവത്തിനു കഴിയും. ഒരു പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തുന്ന കാര്യം വന്നപ്പോഴാണു് ഏതാണു സത്യസഭയെന്നു് അന്വേഷിക്കാൻ ബ. കോർ എപ്പിസ്കോപ്പായ്ക്കു ജിജ്ഞാസയുണ്ടായതു്. അന്വേഷണം തുടങ്ങിയപ്പോൾ വളരെ വായനയും മനഃശുദ്ധിയും ദൈവഭയവും പ്രകൃത്യാതന്നെയുള്ള അദ്ദേഹത്തിനു് ഒരു ചുരുങ്ങിയ കാലയളവിൽ സംഗതികളുടെ വാസ്തവം മനസ്സിലായി. അദ്ദേഹത്തിൻെറ വിപുലമായ വായനയുടെ ഫലമായി ഒരു കെട്ടിടം പണിയുന്നതിനാവശ്യമുള്ള ഉരുപ്പടികൾ എല്ലാംതന്നെ പണിതുവച്ചിരുന്നു. കെട്ടിടം തല്ലിക്കൂട്ടുവാനുള്ള ജോലിയേ ശേഷിച്ചിരുന്നുള്ളൂ. ഉരുപ്പടികൾ അതാതിൻെറ സ്ഥാനത്തു ചേർത്തു കെട്ടിടം തല്ലിക്കൂട്ടി സൗന്ദര്യമുള്ള ഭവനമാക്കി മാററി മററുള്ളവരെ ആകർഷിക്കത്തക്കവിധം അദ്ദേഹം പൂർത്തിയാക്കി. പ്രോട്ടസ്റ്റൻറിസവും കത്തോലിസിസവും വായനകൊണ്ടു് അദ്ദേഹത്തിനു പരിചിതമായിരുന്നു. ഏതിനെ തിരഞ്ഞെടുക്കണമെന്നുള്ളതായിരുന്നു അദ്ദേഹത്തിൻെറ കുരിശു്. വളരെ ത്യാഗങ്ങൾ സഹിച്ചു് അടുത്തവരെയെല്ലാം (ഭാര്യയേയും 84 വയസ്സു ചെന്ന പിതാവിനേയും) വിട്ടുപോരുക മാത്രമല്ല, കൂട്ടുകാരായി തന്നോടുകൂടെ വേലചെയ്ത സകലരുടേയും അപ്രീതിയും നീരസവും വിരോധവും അദ്ദേഹം ദുഃഖത്തോടുകൂടിയെങ്കിലും സ്വീകരിക്കുകയും ചെയ്തു. ദൈവമഹത്വത്തിനും ആത്മാവിൻെറ രക്ഷയ്ക്കുമായി ഈ കുരിശു വഹിച്ചു ശിഷ്ടായുസ്സു മുഴുവൻ നടന്നുകൊള്ളാമെന്നു ദൈവത്തിൽ ശരണപ്പെട്ടുകൊണ്ടു അദ്ദേഹം തീർച്ചപ്പെടുത്തി. അങ്ങനെയാണു് അദ്ദേഹത്തിൻെറ പുനരൈക്യം നടന്നതു്. അദ്ദേഹത്തിൻെറ ഭാര്യയ്ക്കും പിതാവിനും അദ്ദേഹത്തിൻെറ മനഃശുദ്ധി അറിയാവുന്നതുകൊണ്ടു് വേഗത്തിൽ അദ്ദേഹത്തിൻെറ പ്രാർത്ഥന ദൈവം കേട്ടു് അവരേയും വിശ്വാസത്തിൽ അദ്ദേഹത്തോടുകൂടി യോജിപ്പിക്കുമെന്നു് ഞാൻ ആഗ്രഹിക്കുകയും അതിനായി ഞാൻ പ്രാർത്ഥിക്കുകയും ചെയ്യുന്നു. "ഒരു ദൈവം, ഒരു വിശ്വാസം, ഒരു സഭ" എന്നു കാണാൻ കഴിയാത്തവനെ ഒരു നിർഭാഗ്യനായി മാത്രമേ ഞാൻ കാണുന്നുള്ളൂ. പക്ഷേ, മുൻവിധി മാററിവച്ചുംകൊണ്ടു അന്വേഷിക്കുന്നവർക്കു മാത്രമേ ഈ സത്യം കാണാൻ കഴികയുള്ളൂ. അസത്യത്തിൻെറ പിതാവാകുന്ന സാത്താൻെറ കണികളിൽനിന്നു രക്ഷപെടാൻ കുറേ പ്രയാസമാകുന്നു. ആരെ വിഴുങ്ങേണ്ടു എന്നുവച്ച്

# മാതാപിതാക്കൾ ശ്രദ്ധിക്കണം

(സണ്ണി ഐ. ചിറയത്ത്)

കുട്ടികളുടെ സ്വഭാവാവിഷ്കരണത്തിൽ മാതാപിതാക്കളുടെ ചുമതല നിസ്സീമമത്രെ. വൻനഗരങ്ങളിലെ ചന്തകളിലും സിനിമാതിയേററുകളുടെ പരിസരങ്ങളിലും അലഞ്ഞുതിരിഞ്ഞുനടക്കുന്ന ഭവനരഹിതരായ അനാഥക്കുട്ടികളുടെ എണ്ണം ക്രമാധികം വർദ്ധിച്ചുവരികയാണ്. വിവിധകാരണങ്ങൾകൊണ്ടു സ്വഭവനം ത്യജിച്ചു ചുററിനടക്കുന്ന ഇക്കൂട്ടരുടെ ജീവിതഗതി സങ്കീർണ്ണവും കൂലങ്കഷമായ പരിചിന്തനത്തിന്നർഹവുമാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ചെറുപ്പത്തിൽത്തന്നെ അഭിമാനവും, കുടുംബസ്നേഹവും കാട്ടുകയറുന്നു. ഉപജീവനമാർഗ്ഗത്തിനായി വൃത്തികെട്ട തൊഴിലുകൾ സ്വീകരിച്ചു ഒടുവിൽ ജയിലിലകപ്പെടുന്ന അനാഥബാലന്മാരുടെ കഥ സാഹസികവും സങ്കടകരവുമാണ്.

എന്താണിതിനു കാരണം?

വസ്തുനിഷ്ഠമായ വീക്ഷണകോണിൽക്കൂടിയുള്ള അധികൃതന്മാരുടെ അന്വേഷണറിപ്പോർട്ടുകൾ, കുട്ടികൾ വഴിപിഴച്ചുപോകുന്നതിൻെറ പൂർണ്ണമായ ഉത്തരവാദിത്വം മാതാപിതാക്കളിലാണെന്നു സയുക്തം പ്രസ്താവിക്കുന്നു. മാതാപിതാക്കൾ തമ്മിലുള്ള നിരന്തരമായ കുടുംബവഴക്കുകൾ കുട്ടികളുടെ അപക്വമായ മനസ്സിനെ മഥിക്കുവാൻ പര്യാപ്തമാണ്. ചിററമ്മയുടെ ദാക്ഷിണ്യമില്ലാത്ത പെരുമാററവും ബാലമനസ്സിൽ വികാരങ്ങളുടെ കോളിളക്കംതന്നെ സൃഷ്ടിക്കുന്നു. പിതാവിൻെറയോ, മാതാവിൻെറയോ മററംഗങ്ങളുടെയോ വാൽസല്യപൂർവ്വമായ സാന്ത്വനങ്ങളാണ് കുട്ടികൾ ആഗ്രഹിക്കാറുള്ളതു്. നിർദ്ദാക്ഷിണ്യവും ക്രൂരവുമായ പെരുമാററങ്ങൾ അവരുടെ ദുർബ്ബലമനസ്സിൽ അശരണബോധം അങ്കുരിപ്പിക്കുന്നു.

തങ്ങൾക്കാരുമില്ലെന്ന ബോധം കുട്ടികളുടെ ദുർബലമനസ്സിനെ ഇളക്കിവിടുകയും മററു മാർഗ്ഗങ്ങളിൽക്കൂടി അവരുടെ ജീവിതരഥം പ്രയാണമാരംഭിക്കുകയും ചെയ്യു

ന്നു. ഈദൃശങ്ങളായ ചിന്തകൾക്കധീനരായി നാടും വീടുമുപേക്ഷിച്ചു അലഞ്ഞുതിരിയുന്ന കുട്ടികളെപ്പററി ചില മാതാപിതാക്കൾ അന്വേഷിക്കാറുപോലുമില്ല. സാഹചര്യങ്ങളുടെ നിർബന്ധവലയത്തിൽപെട്ട സാന്മാർഗ്ഗികമായി അധഃപതിച്ച അത്തരം കുട്ടികൾ സംസ്കാരരഹിതരും വിവേകശൂന്യരുമായി സമുദായത്തിൻെറയും രാഷ്ട്രത്തിൻെറയും വിഷബീജങ്ങളായി കാലാന്തരത്തിൽ രൂപാന്തരപ്പെടുന്നു.

കുടുംബം ഒരു രാഷ്ട്രത്തിൻെറ അവിഭാജ്യഘടകമാണ്. സമൂഹത്തിൻെറയും രാഷ്ട്രത്തിൻെറയും പുരോഗതി കുടുംബത്തിൻെറ ശ്രേയസ്സിനെ ആശ്രയിച്ചാണിരിക്കുന്നതു്. രാഷ്ട്രത്തിനു ബീജാവാപം ചെയ്യുന്നതു് കുടുംബമാണ്. ഇന്നു ലോകത്തിലുള്ള മഹാന്മാരെല്ലാം ജനിച്ചുവളർന്നതു് കുടുംബത്തിലാണ്.

ഓരോ കുടുംബത്തിനും അതിനനുസരണമായ കുലീനത്വവും അഭിമാനവുമുണ്ടായിരിക്കും. അവരവരുടെ സ്ഥിതിക്കനുസരിച്ചുള്ള അഭിമാനം കുട്ടികളിൽ വളർത്തുവാൻ മാതാവും പിതാവും പ്രത്യേകം ബദ്ധശ്രദ്ധരായിരിക്കേണ്ടതാണ്. വ്യക്തിത്വത്തിൻെറ മാഹാത്മ്യം വ്യക്തികളുടെ അഭിമാനബോധമനുസരിച്ചുള്ള പ്രവൃത്തികളിലധിഷ്ഠിതമായിരിക്കുന്നു. കുടും


പ്യാരി
(REGD)
ഔഷധ സോപ്പ്
ചർമ്മ രോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T. C. S


ബത്തോടുള്ള സ്നേഹവും, അതിനെപ്പററിയുള്ള അഭിമാനവുമാണു ഓരോരുത്തരുടെയും ഉന്നമനത്തിൻെറ നിദാനം.

ഓരോ ഗൃഹത്തിൻെറയും ഭരണം സുതാര്യർഹമായില്ലെങ്കിൽ കുട്ടികൾ വഴിപിഴച്ചുപോകാനിടയുണ്ട്. സമാധാനാധിഷ്ഠിതമായ ഒരു അന്തരീക്ഷം കുടുംബത്തിൽ സൃഷ്ടിക്കുക അനുപേക്ഷണീയമാണ്. ശാന്തിയുടെയും സമാധാനത്തിൻേറയും വിളനിലമായിരിക്കണം ഓരോ ഗൃഹവും. സത്യവും നീതിയും കുട്ടികളെ അഭ്യസിപ്പിക്കുകയും വേണം. തന്മൂലം സ്നേഹവും, ത്യാഗവും അവരുടെ പിരിയാസഖികളായിത്തീരുന്നു. മാതാപിതാക്കൾ തമ്മിലുള്ള സ്നേഹവും സമാധാനപൂർണ്ണമായ ജീവിതവും കുട്ടികൾക്കു സന്മാതൃകയായിത്തീരുന്നു. അവരോടുള്ള അതിരുകവിയാത്ത കളങ്കമററ വാത്സല്യം കുട്ടികളിൽ ആനന്ദവും, സംതൃപ്തിയും പ്രദാനം ചെയ്യുന്നു.

മാതാപിതാക്കളിലുള്ള ദുർഗ്ഗുണങ്ങൾ പരമ്പരാനുഗതമായി അവരുടെ സന്താനങ്ങളിൽ രൂപമെടുക്കുക സാധാരണമത്രെ. മാതാപിതാക്കളിലുള്ള ദുശ്ശീലം കുട്ടികളുടെ കുരുന്നുഹൃദയത്തിൽ പൊട്ടിമുളയ്ക്കുവാനുള്ള സാഹചര്യത്തെ നിർമ്മാർജ്ജനം ചെയ്യേണ്ടതു് അനിവാര്യമാണ്.

കുട്ടികളുടെ ജീവിതം നിയന്ത്രിതമാക്കേണ്ടതു് ഏതൊരു മാതാപിതാക്കളുടെയും ഒഴിച്ചുകൂടാത്ത കടമയാണ്. ഭാവിതലമുറകൾക്കു ഉദ്യോഗസ്വീകരണമോ, തൊഴിലോ ആവശ്യമില്ലാതെതന്നെ യഥേഷ്ടം ജീവിക്കാനുള്ള സ്വത്തു സംഭരിക്കുക സാധാരണമാണ്, അവ കുട്ടികളിൽ ഉദാസീനതയും അലക്ഷ്യമനോഭാവവും, സങ്കുചിതദുസ്സ്വഭാവങ്ങളും വളർത്തുവാൻ പ്രേരകമാക്കാതെ ധാർമ്മികവും, ആദ്ധ്യാത്മികവുമായ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുന്നതിൽ മാതാപിതാക്കൾ വ്യാപൃതരായിരിക്കണം.

കുട്ടികളുടെ സ്വഭാവരൂപീകരണത്തിൽ ക്രിസ്തീയവിദ്യാലയങ്ങളുടെ സേവനം സർവ്വവിദിതമാണ്. ദൈവവിശ്വാസവും, അച്ചടക്കബോധവും, അനുസരണശീലവും അവർക്കു അവിടെനിന്നു ലഭിക്കുന്നു.

മനുഷ്യരെ സാന്മാർഗ്ഗികമായി അധഃപതിപ്പിക്കുവാൻ പര്യാപ്തമായ സിനിമകൾ ദുർല്ലഭമല്ല. വിഷം വമിക്കുന്ന അത്തരം സിനിമകൾ കാണുവാൻ കുട്ടികളെ ഒരിക്കലും അനുവദിക്കരുതു്.

തങ്ങളുടെ കുട്ടികൾ വളർന്നു നല്ല മനുഷ്യരായി ജീവിക്കുന്നതു് കാണുവാൻ ആർക്കാണ് ആഗ്രഹമില്ലാത്തതു്? അങ്ങനെ കുട്ടികൾ നല്ലവരായിത്തീരണമെങ്കിൽ അതിനാവശ്യമായ സൽഗുണങ്ങളുടെ വിത്തുകൾ ചെറുപ്പംമുതല്ക്കേ പിഞ്ചുഹൃദയങ്ങളിൽ പാകി മുളപ്പിക്കുക ആവശ്യമാണ്. അവരുടെ ജ്ഞാനതൃഷ്ണയേയും, ആരോഗ്യത്തേയും പരിപോഷിപ്പിക്കുകയും വേണം. അവർ ശരിയായ മാർഗ്ഗങ്ങളിലൂടെ അനുസ്യൂതം മുന്നോട്ടു പോവുകയും ചെയ്യും.

അവൻ ശജ്ജിച്ചുകൊണ്ടാണു നടന്നതു്. ബ. കോർ എപ്പിസ്കോപ്പാ സത്യസഭയെ കണ്ടുപിടിക്കേണ്ടുന്നതു് ഒരു "ജീവൽപ്രശ്ന"മായി എടുത്തതുകൊണ്ടു് അദ്ദേഹത്തിന്നതു സാധിച്ചു. മരണാനന്തരം നിത്യതയിലേക്കു നാം കടക്കുന്നു എന്നു വിചാരിക്കുന്ന സകലർക്കും ഇതൊരു "ജീവൽ പ്രശ്നം" തന്നെയാണ്. ബ. കോർ എപ്പിസ്കോപ്പാ നൽകുന്ന വെളിച്ചത്തെ ഈ പുസ്തകം വായിച്ചു് ഗ്രഹിച്ചു്, അവരവരുടെ ആത്മാക്കളെ രക്ഷിക്കുവാൻ ഇടയാകട്ടെ എന്നു ഞാനും പ്രാർത്ഥിക്കുന്നു. 9 ണ. വിലയുള്ള ഈ പുസ്തകം എസ്സ്. എച്ച്. ലീഗ് അപ്പസ്തോലിക്ക സെമ്മിനാരി ആലുവാ എന്ന വിലാസത്തിലോ മേരിഗിരി അരമന, തിരുവല്ലാ എന്ന വിലാസത്തിലോ അന്വേഷിച്ചാൽ കിട്ടും.

(പുസ്തകത്തിൻെറ ഒന്നാം പതിപ്പു തീർന്നുപോയിരിക്കുന്നു. ബ. കോർ എപ്പിസ്കോപ്പായ്ക്കു എതിരായി അനേകം ആരോപണങ്ങളും ലഘുലേഖകളും പുറത്തുവന്നുകൊണ്ടിരിക്കുന്നതിനാൽ അവയിൽ വിശദീകരണാർഹമായ ചിലതിൻെറ മറുപടിയായി രണ്ടാം പതിപ്പിൽ "ശകാരവർഷങ്ങൾ" എന്ന ഒരു പുതിയ അദ്ധ്യായംകൂടി കൂട്ടിച്ചേർക്കുന്നുണ്ടു്. രണ്ടാംപതിപ്പിനു വില 10 ണയാണ്. ഒക്ടോബർ അന്ത്യവാരത്തിൽ പുറത്തുവരും. പ്രസാധകർ.)

—o—

വിമർശനപംക്തി

# മാർപ്പാപ്പായുടെ അപ്രമാദിത്വം

(തുടർച്ച)

മാർപ്പാപ്പായുടെ അപ്രമാദിത്വം എങ്ങനേയും സഭാഐക്യത്തിനു ഒരു പ്രതിബന്ധമാണെന്നു പറഞ്ഞൊഴിയുവാനാണു ചർച്ചുവീക്കിലിയുടെ ശ്രമം.

"അപ്രമാദിത്വമുള്ള സഭാതലവന്മാരുടെ അവകാശവാദങ്ങളും പഠിപ്പിക്കലുകളും പരസ്പരവിരുദ്ധമായി വരുന്നതു് എങ്ങനെ പൊരുത്തപ്പെടുത്തും? ....മാർപ്പാപ്പായെ തെററു പ്രഖ്യാപിക്കുന്നതിനു ദൈവം അനുവദിക്കുകയില്ല" എന്നെല്ലാം ചർച്ചുവീക്കിലി പറയുന്നതു് "മാർപ്പാപ്പായുടെ അപ്രമാദിത്വം" എന്നു പറയുന്നതെന്താണെന്നു മനസ്സിലാക്കാത്തതുകൊണ്ടാണ്. പാപ്പാസ്ഥാനം അലങ്കരിക്കുന്ന വ്യക്തിക്കു തെററുപററുകയില്ലെന്നോ, മാർപ്പാപ്പാ പറയുന്ന ഏതും പ്രമാദരഹിതമായിരിക്കുമെന്നോ ആ പ്രയോഗംകൊണ്ടു് കത്തോലിക്കാസഭ മനസ്സിലാക്കുന്നില്ല.

(1) മാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടെന്നു പറയുന്നതുകൊണ്ടു് അവർ ദൈവനിവേശിതരാണെന്നു അർത്ഥമില്ല. സുവിശേഷകന്മാർക്കു ദൈവനിവേശനം ഉണ്ടായിരുന്നതുകൊണ്ടു് അവർ എഴുതിയിട്ടുള്ളതു് ദൈവത്തിൻെറ ആവിഷ്കൃതവചനങ്ങളായി നാം സ്വീകരിക്കുന്നു. അത്തരത്തിലുള്ള ഒരു ദൈവനിവേശനം മാർപ്പാപ്പായ്ക്കു ഉണ്ടെന്നു ഒരു കത്തോലിക്കനും വാദിക്കുന്നില്ല.

(2) മാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടെന്നു പറയുന്നതുകൊണ്ടു്, അവരെ പാപത്തിൽനിന്നു ഒഴിവാക്കിയിരിക്കുകയാണെന്നോ, അവർക്കു പാപം ചെയ്യുന്നതിനു കഴിവില്ലെന്നോ കത്തോലിക്കർ വിശ്വസിക്കുന്നില്ല. മാർപ്പാപ്പാമാർ പലരും പുണ്യജീവിതം നയിച്ചവരാണെന്നും അവരിൽ 80-ൽപ്പരം പേരെ വിശുദ്ധന്മാരെന്നു നാമകരണംചെയ്തിട്ടുണ്ടെന്നുമുള്ള വസ്തുതയ്ക്കു അപ്രമാദിത്വവുമായി ബന്ധവുമില്ല. അതുപോലെതന്നെ ഏതെങ്കിലും പാപ്പാ വ്യക്തിപരമായി പാപകരമായ ജീവിതം നയിക്കുന്നുവെന്നതും അപ്രമാദിത്വത്തിനു ബാധകമല്ല. (സഭാശത്രുക്കൾക്കുപോലും അഞ്ചോ ആറോ മാർപ്പാപ്പാമാരുടെ സ്വകാര്യജീവിതത്തെപ്പററി മാത്രമേ ആക്ഷേപമുള്ളു.)

(3) മാർപ്പാപ്പായ്ക്കു അപ്രമാദിത്വം നൽകപ്പെട്ടിരിക്കുന്നതു് ഒരു സ്വകാര്യഅദ്ധ്യാപകൻ എന്ന നിലയിലല്ല. പ്രത്യുത ഔദ്യോഗികനിലയിൽ, സഭയുടെ തലവൻ എന്ന നിലയിൽ വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സംബന്ധിച്ച തീരുമാനങ്ങൾ ചെയ്യുമ്പോൾ മാത്രമാണ്. ആകയാൽ ഒരു മാർപ്പാപ്പാ ചരിത്രത്തേയോ ഭൂമിശാസ്ത്രത്തേയോ പ്രകൃതിശാസ്ത്രത്തേയോ പററി എന്തെങ്കിലും പഠിപ്പിക്കുമ്പോൾ തെററുപററുകയില്ലായെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ല. ഇപ്പോഴത്തെ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ലോകശ്രദ്ധയെ ആകർഷിച്ചിട്ടുള്ള അനേകം വിഷയങ്ങളെപ്പററി പണ്ഡിതോചിതമായ പ്രഭാഷണങ്ങൾ നടത്തിയിട്ടുണ്ടു്. അവയൊക്കെ അപ്രമാദങ്ങളാണെന്നു കത്തോലിക്കാസഭ പഠിപ്പിക്കുകയോ, കത്തോലിക്കർ വിശ്വസിക്കുകയോ ചെയ്യുന്നില്ല.

ചുരുക്കത്തിൽ സഭയുടെ പരമാദ്ധ്യക്ഷനെന്ന നിലയിൽ, ആകമാനസഭയുടെ സ്വീകരണത്തിനായി, വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ അദ്ധ്യവസാനംചെയ്യുമ്പോൾ മാത്രമേ മാർപ്പാപ്പായ്ക്കു അപ്രമാദിത്വമുണ്ടായിരിക്കുന്നുള്ളുവെന്നാണു കത്തോലിക്കാസഭ പഠിപ്പിക്കുന്നതു്. ഈ കാര്യത്തിൽ റോമാ മാർപ്പാപ്പാമാരുടെ പഠിപ്പിക്കലുകൾ സംബന്ധിച്ചു് യാതൊരു പരസ്പരവിരുദ്ധതയും ഉണ്ടായിരിക്കുന്നില്ല; ആരും ഇതേവരെ ചൂണ്ടിക്കാണിച്ചിട്ടുമില്ല.

"മാർപ്പാപ്പായെ, തെററു പ്രഖ്യാപിക്കുന്നതിനു ദൈവം അനുവദിക്കുകയില്ലെന്നു പറയുന്നതിൻെറ ഒരർത്ഥം സകല മനുഷ്യർക്കും ദൈവം നൽകിയിരിക്കുന്ന സ്വാതന്ത്ര്യം (Free will) സഭാതലവനിൽനിന്നു എടുത്തുകളയുന്നുവെന്നാണ്" എന്നു ചർച്ചുവീക്കിലി പറയുന്നതു ശരിയല്ല. ഈ മാനദണ്ഡം വെച്ചു നോക്കുകയാണെങ്കിൽ, ദൈവനിവേശനത്തോടുകൂടി വിശുദ്ധഗ്രന്ഥങ്ങളെഴുതിയ സുവിശേഷകന്മാർക്കും ഇച്ഛാസ്വാതന്ത്ര്യം ഉണ്ടായിരുന്നില്ലെന്നു വാദിക്കേണ്ടിവരും. ഓർത്തഡോക്സ്സഭയിലെ കാതോലിക്കാബാവാ, ഒരു സംഗതി ദൈവപ്രോക്തമാണെന്നു പ്രസ്താവിക്കുമ്പോൾ, ആ അവസരത്തിൽ ഇച്ഛാസ്വാതന്ത്ര്യം അദ്ദേഹത്തിൽനിന്നു എടുത്തുകളയുന്നുവെന്നു വാദിക്കേണ്ടിവരും.

ഇച്ഛാസ്വാതന്ത്ര്യത്തിനു വിരുദ്ധമായിട്ടുള്ള ഒന്നല്ലാ മാർപ്പാപ്പായുടെ അപ്രമാദിത്വം. അപ്രമാദിത്വം ഇച്ഛാശക്തിയെ ഹനിക്കുകയല്ലാ, പ്രത്യുത അതിനെ ശരിയായ മാർഗ്ഗത്തിലൂടെ നയിക്കുകയാണു ചെയ്യുന്നതു്. ബോദ്ധ്യമനുസരിച്ചു നന്മയോ തിന്മയോ തിരഞ്ഞെടുക്കുവാനുള്ള ശക്തിക്കാണല്ലോ ഇച്ഛാശക്തിയെന്നു നാം പറയുന്നതു്. ഒരാൾക്കു നന്മമാത്രമേ ബോദ്ധ്യമാവുന്നുള്ളുവെന്നു വിചാരിക്കുക; അതുകൊണ്ടു് ആയാൾക്കു ഇച്ഛാശക്തിയില്ലെന്നു നാം പറയാറില്ല. വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ച കാര്യങ്ങളിൽ ആകമാനസഭയ്ക്കുവേണ്ടി അദ്ധ്യവസാനംചെയ്യുമ്പോൾ, ദൈവത്തിൻെറ പ്രത്യേകാനുഗ്രഹത്താൽ മാർപ്പാപ്പായ്ക്കു സത്യംമാത്രമേ ബോദ്ധ്യമാകുന്നുള്ളുവെങ്കിൽ അദ്ദേഹത്തിൻെറ ഇച്ഛാശക്തിക്കു ഒരുവിധത്തിലും കോട്ടംതട്ടുകയില്ല.

മാർപ്പാപ്പായുടെ അപ്രമാദിത്വം ഒരു പുതിയ "പ്രഖ്യാപന"മാണെങ്കിലും ഒരു പഴയ വിശ്വാസമാണെന്നു മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. ലോകാവസാനംവരെ ക്രിസ്തുനാഥൻ കൂടെ ഉണ്ടായിരിക്കുന്നതും, നരകവാതിലുകൾ ഒരിക്കലും പ്രബലപ്പെടാത്തതുമായ സഭയുടെ തലവനു് അവശ്യം ഉണ്ടായിരിക്കേണ്ട ഒരു പ്രത്യേകതമാത്രമാണിതു്. ആകയാൽ ഒരു ഇടയനും ഒരു തൊഴുത്തുമാകുന്നതിനു ഈ വിശ്വാസസത്യം ഒരുവിധത്തിലും ഒരു പ്രതിബന്ധമായിരിക്കുന്നില്ല.

—o—

## ലോകത്തെ കീഴടക്കുക

ഇതരഗ്രഹങ്ങളിലേക്കു വാണവിമാനങ്ങൾ അയക്കുവാൻ സാധിക്കുമെന്നു പ്രത്യാശിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്രകാരന്മാരുടെ പ്രവർത്തനങ്ങളെ താൻ ശ്രദ്ധാപൂർവ്വം അനുസന്ധാനം ചെയ്തുകൊണ്ടിരിക്കുകയാണെന്നു്, ഇൻറർനാഷനൽ ആസ്ട്രോനോട്ടിക്കൽ ഫെഡറേഷൻ അംഗങ്ങളോടു ചെയ്ത പ്രസംഗത്തിൽ മാർപ്പാപ്പാ തിരുമേനി പ്രസ്താവിച്ചിരിക്കുന്നു. ഇതിൻെറ സാങ്കേതികപ്രശ്നങ്ങളെപ്പററി പ്രതിപാദിക്കുകയിൽ, കഴിഞ്ഞ യുദ്ധകാലത്തു് ഇംഗ്ലണ്ടിനെതിരായി പ്രയോഗിക്കപ്പെട്ട വി. 2. വിമാനങ്ങളെപ്പററിയും തിരുമേനി പരാമർശിച്ചു. "ജ്ഞാനസമ്പാദനത്തിനുള്ള അദമ്യമായ ഒരു ആശ മനുഷ്യഹൃദയങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള നമ്മുടെ ദൈവമായ കർത്താവു്, "ലോകത്തെ കീഴടക്കുക" എന്നു കല്പിച്ചപ്പോൾ, മനുഷ്യൻെറ യത്നങ്ങൾക്കു എന്തെങ്കിലും പരിധി കല്പിക്കണമെന്നു ഉദ്ദേശിച്ചിട്ടില്ല" എന്നു തിരുമേനി തുടർന്നു പ്രസ്താവിച്ചു.

—o—

(12-ാംപേജ് തുടർച്ച)

യുദ്ധത്തിനുണാക്കി. സമാധാനപാലകരായ പോലീസ് നീതിന്യായവകുപ്പു അവനെ വിട്ടില്ല. അവനെ അവർ ബന്ധനത്തിലാക്കി. അവനെ നിരന്തരമായ വിചാരണകൾക്കുശേഷം വിധിപ്രസ്താവിച്ചു, ആ ദുഷ്ടപാതകിയെ തൂക്കിക്കൊല്ലാൻ. അന്നു് വികൃതമായ ആ ഉഷസ്സിൽ ചാക്കോച്ചൻെറ വിധിനടത്തലാണ് മ്ളാനമായ പ്രകൃതി ദർശിച്ചതു്.

ആകാശഭിത്തികൾ കുട്ടിമുട്ടി. അതിഭയങ്കരമായ ഒരു അലർച്ച. ആ സമയത്തു ജന്മം പാഴാക്കിയ കൊലപാതകിയുടെ കഴുത്തിൽ കൊലക്കയർ മുറുകി. പക്ഷിവൃന്ദങ്ങൾ അവയുടെ കൂടുകളിൽ ഞെട്ടിവിറച്ചു, പൊത്തുകളിലിരുന്ന പന്നഗങ്ങൾ വിരണ്ടു, വൻകാടുകളിലെ ക്രൂരമൃഗങ്ങൾപോലും ഭയചകിതമായി. കയറിൽ തൂങ്ങുന്ന ഈ കുലദ്രോഹിയുടെ അധഃപതനകഥ സുബുദ്ധിയുള്ള മനുഷ്യരെ അപഥസഞ്ചരണത്തിൽനിന്നു പിന്തിരിക്കുന്നതിനു പ്രചോദിപ്പിച്ചിരുന്നുവെങ്കിൽ!


ജോൺസൺ ടെയിലറിംഗ് ഹാൾ,
പാലാ
പരിഷ്കൃതരീതിയിലുള്ള തയ്യൽജോലികൾക്കും റെഡിമെയിഡു ഡ്റസ്സുകൾക്കും കുർബ്ബാന ഉടുപ്പു സെററുകൾ, മാമ്മോദീസാ ഉടുപ്പു സെററുകൾ മുതലായവയ്ക്കും ഞങ്ങളെ സന്ദർശിക്കുക

ചെറുകഥ

# ഉയർച്ചയും താഴ്ചയും

(ചമ്പക്കുളം ജോസഫു്)

കണ്ണെത്താനാവാത്ത പുഞ്ചപ്പാടങ്ങൾ മനുഷ്യപ്രയത്നംകൊണ്ടു് മരതകംചാർത്തിനില്ക്കുകയാണു്. നട്ടീൽപ്രായമായ നെൽച്ചെടികൾ പുലയത്തരുണിമാരുടെ തലോടൽകൊണ്ടു തഴച്ചുവളരാൻ തക്കംനോക്കിനില്ക്കുന്നു. തെക്കേപടിഞ്ഞാറേ അററത്തുള്ള അഞ്ഞൂറുപറനിലം പുതുവീട്ടിലേതാണു്. തെക്കേ അതിരു പമ്പയാറും. ഇലഞ്ഞരമ്പുകൾപോലുള്ള ഇടവരമ്പിലൂടെ അതാ, അങ്ങകലെ ഒരാൾ സ്വൈരവിഹാരം ചെയ്യുന്നു. അതു പുതുക്രിസ്ത്യാനി ചാക്കോയാണു്. പുതുവീട്ടിലെ തലപ്പുലയനായിരുന്നു. കറുത്തു നീളംകുറഞ്ഞ ബലിഷ്ഠമായ ശരീരം; തോളിൽ ഒരു പാര; കക്ഷത്തിൽ മടക്കിയ പുട്ടിൽ; സാമാന്യം കറുത്ത ഒരു തോർത്തുമുണ്ടു് അരയിലും. വെയിലേററു സ്വന്തം ജീവരക്തം വററിച്ചും അയാൾ ആ നെൽച്ചെടികൾക്കു യഥാവിധി വെള്ളം നനയ്ക്കുകയാണു്. അയാളുടെ സാന്നിദ്ധ്യത്തിൽ അവ ഇളംകാററേററു ആനന്ദനൃത്തം വയ്ക്കുന്നു. ചാക്കോയുടെ കാൽച്ചൂടും വിയർപ്പുതുള്ളികളുംകൊണ്ടു് ആ മണ്ണുതന്നെ വളക്കൂറുകൂടിയതാണു്. "വല്യതമ്പ്രാൻ"മാത്തുച്ചനേക്കാൾ ആ നെൽച്ചെടികൾക്കു പരിചയം ചാക്കോയോടാണു്.

വല്യതമ്പ്രാൻ, തൂമലർശയ്യയിൽ—സുഭിക്ഷതയുടെ കുമ്പാരത്തിൽ കൂക്കംവലിച്ചുറങ്ങുമ്പോൾ, തന്റെ സുഹൃത്തായ പുട്ടിൽ വരമ്പത്തുവിരിച്ചു് കൊതുകുകടിയും മഞ്ഞുമേററു് നിദ്രയോടു പടവെട്ടിക്കഴിയുന്ന രാത്രികൾ പലതുമുണ്ടാവും ചാക്കോയ്ക്കു്. "പുളിമൂട്ട", അതായിരുന്നു സിനിമാപ്രേമികളായ ചില പിള്ളേർ, ആകൃതിസാമ്യംകൊണ്ടു് അയാൾക്കു കൊടുത്തിരുന്ന പേരു്. വാർദ്ധക്യത്തിന്റെ സന്ദേശവുമായി നരച്ച മുടികൾ തന്റെ തലയിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ടെങ്കിലും ആ നെൽച്ചെടികൾ നന്നാക്കുന്നതിനു അയാൾ ഉററുശ്രമിക്കുന്നുണ്ടു്, ആത്മാർത്ഥതയുള്ള ഒരദ്ധ്യാപകൻ വിദ്യാർത്ഥികളെ എന്നപോലെ. ചാത്തനായിരുന്ന അവൻ ചാക്കോ ആയതും തന്റെ ഭാര്യ ചീര, ഏലിയായതും അവന്റെ വലിയതമ്പുരാന്റെ പ്രേരണകൊണ്ടുതന്നെയാണു്.

അന്നൊരു ഞായറാഴ്ചദിവസമായിരുന്നു. ചാക്കോ പനിമൂലം വെളിയിലിറങ്ങിയില്ല. ആളുകൾ അധികവും പള്ളിയിലാണു്. അക്കൂട്ടത്തിൽ ഭക്തശിരോമണിയായ പുതുവീട്ടിൽ മാത്തുച്ചനുമുണ്ടു്. ഒരു യുവവൈദികൻ സഹജമായ വാഗ്ധാടിയോടുകൂടി പ്രസംഗിക്കുകയാണു്. വേലക്കാരോടു പെരുമാറേണ്ട രീതിയാണു വിഷയം. മാത്തുച്ചൻ തലകുലുക്കി എല്ലാം സമ്മതിച്ചു. പള്ളിയിൽനിന്നും പിരിയാറായപ്പോൾ ഒരാർത്തനാദം അങ്ങിങ്ങായി കേൾക്കായി. "മടവീണേ! ഓടിവായോ!" അതു പലതവണ ആവർത്തിക്കപ്പെട്ടു—കുട്ടനാടൻ കർഷകയോദ്ധാക്കളെ വിറപ്പിക്കുന്ന, ശത്രുപക്ഷത്തെ പീരങ്കിനാദംപോലെ.

ആററിൽ അന്നു ശക്തിയായ ഏററമായിരുന്നു. മാത്തുച്ചന്റെ അഞ്ഞൂറിന്റെ വരമ്പത്താണു മട. പത്തുപന്ത്രണ്ടടിനീളം പുറവരമ്പു് അപ്രത്യക്ഷമായി. രോഗിയായിരുന്നെങ്കിലും ചാക്കൊ നേരത്തെ സംഭവസ്ഥലത്തെത്തി. രോഗത്തെപ്പററി ചിന്തിക്കാൻ അയാൾക്കപ്പോൾ അവസരം കണ്ടില്ല. മാത്തുമുതലാളിയുടെ കുടവയറും തുള്ളിച്ചുള്ള ഓട്ടം ആത്മാർത്ഥതയില്ലാത്ത ചില ഇടതുപക്ഷക്കാരെ ചിരിപ്പിച്ചു; പലരേയും വ്യസനിപ്പിക്കയും. കുട്ടനാടൻമുതലാളിമാർ തൊഴിലാളികളുടെ അടിമകളാകുന്ന രംഗം ഇതാണു്. മാത്തുച്ചന്റെ സഹായവാഗ്ദാനങ്ങളും പരക്കംപാച്ചിലും കാണേണ്ടതുതന്നെയായിരുന്നു. മകൻ, ജയിംസുകുട്ടി, നല്ല ജനസ്വാധീനമുള്ള ചെറുപ്പക്കാരനായിരുന്നു. പിതാവിന്റെ മുരടിച്ച പ്രകൃതമല്ല അയാൾക്കു്. മട തടയുന്നതിനു പലരും ഓടിയെത്തി. വല്യതമ്പുരാൻ വന്നപ്പോഴേ ചാക്കോയുടെനേരെ ഒരു വ്യാഘ്രത്തെപ്പോലെ തിരിഞ്ഞു. "അവനെ എന്തിനാ പറയുന്നതു്" എന്നു ചിലർ അഭിപ്രായപ്പെട്ടു. ചില പുരോഗമനക്കാർ സന്ദർശകരായി മാറിനിന്നതേയുള്ളു. ഉദ്ദേശം അഞ്ചടിപൊക്കത്തിലുള്ള ഒരു വെള്ളച്ചാട്ടം ആററിൽനിന്നും പാടത്തേക്കു കാണപ്പെട്ടു. അങ്ങനെ മനുഷ്യശക്തിയെ വെല്ലുവിളിച്ചുകൊണ്ടു് പ്രകൃതിശക്തി അലറുകയാണു് ആ വെള്ളച്ചാട്ടത്തിലൂടെ. "ഉണ്ടെങ്കിൽ എല്ലാവർക്കും കൊള്ളാം; നശിച്ചുപോയാലോ" എന്ന പക്ഷക്കാരെല്ലാം ദേഹംകരുതാതെ പ്രയത്നിച്ചു.

മടക്കൽ കുററി ചവിട്ടിത്താഴ്ത്തുകയായിരുന്നു ചാക്കോയും മററു ചിലരും. പെട്ടെന്നു കാൽതെററി ചാക്കോ കുററിയിൽ നെഞ്ചടിച്ചുവീണു. ബോധംകെട്ട ആ നിസ്വാർത്ഥനെ അതിൽനിന്നും വിരമിപ്പിക്കുവാൻ ഒഴുക്കെടുത്തുകൊണ്ടുപോയി. രണ്ടു സഹപ്രവർത്തകർ കുതിച്ചുചാടി അയാളെ പൊക്കിയെടുത്തു. വലിയതമ്പുരാനു അതിലല്ലായിരുന്നു ശ്രദ്ധ. ജയിംസുകുട്ടി പ്രാഥമികമായി വേണ്ടതൊക്കെ ചെയ്തു. ചാക്കോയ്ക്കു ബോധമുണ്ടായി. അയാൾ തന്റെ കുടിയിലേക്കു ആനയിക്കപ്പെട്ടു. മാറത്തടിച്ചുകരഞ്ഞ ഏലിയെ പലരും സമാധാനപ്പെടുത്തി.

ഇതിനിടയിൽ മട തടയപ്പെട്ടു. പലരും കൊച്ചുമുതലാളിയോടു ചില പ്രതിഫലങ്ങൾ പാററിക്കൊണ്ടാണു പിരിഞ്ഞതു്. ദാരിദ്ര്യത്തോടു പടവെട്ടാൻ അണിനിരന്നിരിക്കുന്ന ആ കൊച്ചുനെൽച്ചെടിപ്പടയാളികൾക്കു വീഴ്ചമുട്ടുകയാണു്. വെള്ളം കഴുത്തററമായി. യന്ത്രസഹായത്താൽ വെള്ളം വററിച്ചു് അവയെ രക്ഷിച്ചു. പക്ഷെ അവരുടെ രക്ഷകനായ ചാക്കോയാകട്ടെ, മുതലാളിയുടെ കടമയുടെ നേർക്കുള്ള ഒരു ചോദ്യചിഹ്നംപോലെ കീറപ്പായിൽ ചുരുണ്ടുകിടക്കുകയാണു്. ജയിംസുകുട്ടിയുടെ ചില ചില്ലറസഹായത്താൽ ഒരാഴ്ചയ്ക്കുള്ളിൽ ചാക്കോയ്ക്കു ഏതാണ്ടൊരു സുഖംകണ്ടു. എന്നാൽ കാര്യമായി വല്ലതും ചെയ്യാൻ പിതാവിന്റെ അനുവാദമില്ല. ഏലി പലപ്പോഴും പണിക്കുപോകുന്നുണ്ടു്. അതുകൊണ്ടു ദിവസവും ഒരുനേരമെങ്കിലും അവിടെ പുകകാണാം.

"തമ്പുരാന്റെ വീട്ടിലേക്കൊന്നു പോകരുതോ?" ചാക്കോയുടെ ചെവിയിൽ ദാരിദ്ര്യം മന്ത്രിച്ചു. അയാൾ അതിനു വഴിപ്പെട്ടു. ദേഹം നന്നേ ക്ഷീണിച്ചിട്ടുണ്ടു്. ഒരു പുതയും പുതച്ചു് മന്ദം മന്ദം അയാൾ പുതുവീട്ടിലേക്കു നീങ്ങുകയാണു്; കൈയിൽ ഒരൂന്നുവടിയും.

തെക്കുവടക്കു നീളത്തിൽ സ്ഥിതിചെയ്യുന്ന ആ കെട്ടിടത്തിൽ എട്ടു മുറികളോളം ഉണ്ടു്. ആലക്തികവിളക്കുകൾ, റേഡിയോ തുടങ്ങിയ ആധുനികസജ്ജീകരണങ്ങളുടെ സമ്മേളനംകൊണ്ടു് അതിനുള്ള സമ്മോഹനത ഒന്നു വേറേതന്നെയാണു്. വളരെ ചേർന്നാണു വടക്കുവശത്തെ തോടു്. എല്ലാവരും പടിഞ്ഞാറുവശത്തു റേഡിയോയുടെ തണലിൽ വിശ്രമിക്കുകയാണു്. കിഴക്കേമുററത്തുകൂടെ വടക്കോട്ടു നടന്നുചെന്ന ചാക്കോയെ ആരും കണ്ടില്ല. വടക്കേക്കടവിലൊരു ശബ്ദം അയാളെ ആകർഷിച്ചു. ജെയിംസുകുട്ടിയുടെ മകൻ. മൂന്നുവയസ്സുപ്രായമായ രാജൻ വെള്ളത്തിൽ കിടന്നു പിടഞ്ഞു് കരയിൽനിന്നും അകലുന്നു. "തമ്പുരാട്ടിയേ കുഞ്ഞു്!" എന്നു പറഞ്ഞു ചാക്കോ വെള്ളത്തിലേക്കു കുതിച്ചു. ഒരു നിമിഷത്തിനുള്ളിൽ ആ കുഞ്ഞു്, അയാളുടെ വിറയ്ക്കുന്ന ഹസ്തങ്ങളിൽ വിശ്രമിക്കുകയായി. ദുഃഖമെന്തെന്നറിഞ്ഞിട്ടില്ലാത്ത തമ്പുരാട്ടിമാരുടെ വിലാപത്തിനിടയിൽ കുഞ്ഞിന്റെ വിഷമതകളെല്ലാം മാറി. ചാക്കോയുടെ സംതൃപ്തിക്കതിരില്ലായിരുന്നു; ഒരു ഭാവിമുതലാളിയുടെ ജീവനെ രക്ഷിച്ചതോർത്തു്.

"എങ്കിലും എന്റെ ചാക്കോ! നീ വന്നില്ലായിരുന്നെങ്കിൽ! അയ്യോ! നിനക്കു സുഖമായോ?" മാത്തുച്ചന്റെ ഭാര്യ തെയ്യാമ്മയാണതു പറഞ്ഞതു്. അവരും അണയ്ക്കുന്നുണ്ടു്.

"തമ്പ്രാട്ടി, ഏൻ കുരുത്തം കളഞ്ഞിട്ടില്ല. അതിപ്പുളത്തെ ബാലിയക്കാരു കിടാങ്ങളാ കളഞ്ഞിരിക്കുന്നെ. തിന്നുന്ന ചോറിനു കൂറില്ലാത്ത പെഴകള്."

രാജന്റെ അമ്മ ചാക്കോയ്ക്കു മാറാനൊരു പഴയ മുണ്ടുകൊടുത്തു; പിന്നാലെ വിഭവസമൃദ്ധമായ ഒരൂണും. ആർത്തിതീർന്ന ചാക്കോ മാവിന്റെ ചുവട്ടിലിരുന്നു് ഒരേമ്പക്കം വിട്ടു. "എന്നതെവേ, ഏനിന്നി ചത്താലും മതി. എത്ര തെവസമായി ഒന്നു വയറുനറഞ്ഞിട്ടു്" എന്നു ചിന്തിച്ചുപോയി. തമ്പുരാക്കന്മാർ രണ്ടും അവിടെ ഉണ്ടായിരുന്നില്ല. മടങ്ങിപ്പോയ ചാക്കോയ്ക്കു വെല്യതമ്പുരാട്ടി കുറെ പൊടിയരിയും സമ്മാനിച്ചു.

രാജന്റെ വെള്ളത്തിൽപോക്കും രക്ഷപെടലും ആ വീട്ടിൽ ഒരു സംഭാഷണവിഷയമായിരുന്നു, കുറെ ദിവസത്തേക്കു്. ക്രമേണ അതും മറവിയുടെ മറവിലേക്കു മാറുകയാണുണ്ടായതു്.

കൊയ്ത്തു് അടുക്കാറായി—കുട്ടനാട്ടുകാരുടെ ഓണക്കാലം. ചാക്കോ ഇനിയും വേലയ്ക്കു പോകാറായിട്ടില്ല. ഒരു ചുമയും നെഞ്ചുവേദനയും അയാളുടെ ദുഷിച്ച കൂട്ടുകാരായി അടുത്തിരിക്കുകയാണു്. ഏലിക്കു വല്ലപ്പോഴും കിട്ടുന്ന തുച്ഛമായ കൂലികൊണ്ടു് അവർ കഷ്ടിച്ചു കഴിയും. ദാരിദ്ര്യത്തെ അഭിമുഖീകരിക്കേണ്ടിവന്ന അവസരത്തിലൊക്കെ ഏലി പറയാറുണ്ടു്, "നമ്മക്കു പുള്ളകളൊണ്ടാകാത്തതുതന്നെ നല്ലതു്. അവരു പഷ്ണി കെടക്കണ്ടല്ലൊ." മററു ചില അവസരത്തിൽ, "ഒരു പുള്ളയൊണ്ടാരുന്നേ പീടിയേലെങ്കിലും വിടാരുന്നു. ഏങ്കടെ കമ്മദോഴം" എന്നു വ്യസനിക്കാതെയും ഇരുന്നില്ല.

പുതുവീട്ടിലെ വെല്യതമ്പുരാന്റെ അഞ്ഞൂററിൽ കൊയ്ത്തു തുടങ്ങി. ആ വാർത്ത അറിഞ്ഞ ചാക്കോ കരഞ്ഞുപോയി. ഏറിയകാലമായി അയാളല്ലെ, ആദ്യം പാടത്തിറങ്ങി ഒരുപിടി കതിരുചെത്തി മററുള്ളവരെ പ്രേരിപ്പിക്കുന്നതു്. ഇന്നു് അയാളെ ആരും അന്വേഷിക്കുന്നില്ല. അയാളുടെ അഭാവത്തിലും കൊയ്ത്തു ഭംഗിയായി നടന്നു. ഏലിയും അതിൽ സഹകരിച്ചു. കൂലിയും കിട്ടി. അടുത്തുള്ള മററു പലയിടത്തും ഏലി കൊയ്യാൻ പോയി. കഷ്ടിച്ചു ചെലവു കഴിയും. വല്ലപ്പോഴുമൊക്കെ ചില മരുന്നുകളും വാങ്ങും. ഒരിക്കൽ ഒരു ലാടവൈദ്യൻവന്നു. ചില നീററുഭസ്മങ്ങളെപ്പററി വിവരിച്ചു. അതു കൊടുത്താൽ രണ്ടാഴ്ചയ്ക്കകം ചാക്കോയുടെ സുഖക്കേടു ഭേദമാകുംപോലും. വൈദ്യൻ ഭഗവാനെച്ചൊല്ലി സത്യം ചെയ്തു. അഞ്ചുപറ നെല്ലു മരുന്നിനു വിലപറഞ്ഞു. ഏലി ഞെട്ടിപ്പോയി. ലാടൻ വിട്ടില്ല. തല്ക്കാലം രണ്ടുപറ നെല്ലു മതിയെന്നും, ബാക്കി എടത്വാപെരുന്നാളിനു വരുമ്പോൾ തന്നാൽ മതിയെന്നും അയാൾ ഒരു ഭേദഗതി അവതരിപ്പിച്ചു. നിധിപോലെ സൂക്ഷിച്ചുവച്ചിരുന്ന മേടമാസത്തെ സമ്പാദ്യമായ രണ്ടു പറ നെല്ലു് ലാടൻ കൊണ്ടുപോയിക്കഴിഞ്ഞു. എന്നാൽ മരുന്നുപയോഗിച്ചതിൽ, യാതൊരു ഗുണവും കണ്ടില്ല.

പുഞ്ചവയലുകൾ വീണ്ടും ഒരുക്കപ്പെടുകയാണു്, അടുത്തകൊല്ലത്തെ കൃഷിക്കുവേണ്ടി. വീണ്ടും അവ വെള്ളത്തിനടിയിലായി. വെള്ളമായാലുമുണ്ടു് അവയിൽ ഉഴവും മററും. അഞ്ചാറുമാസംകൊണ്ടു് അവ അണിഞ്ഞൊരുങ്ങിക്കഴിയും. പാടത്തിനരികിലുള്ള, പുതുവീട്ടിലെ ചെറുപുരയിടത്തിലുള്ള ചെററക്കുടിലിതിനെല്ലാം സാക്ഷ്യം വഹിക്കുന്നുണ്ടു്. ആ നീണ്ടവയൽ ചാക്കോയോടു ചില ശോകാത്മകകഥകൾ പറയുകയാണു്, ലോലകല്ലോലങ്ങളിലൂടെ. (തുടരും)

ആദ്ധ്യാത്മികവീഥി

# പരിത്യാഗപരിശീലനം

(തുടർച്ച)

ദൈവത്തിന്റെ വത്സലമക്കളേ,

പരിത്യാഗം പരിശീലിച്ചിട്ടില്ലാത്തതുകൊണ്ടു്, ഒരുപകാരവുമില്ലാതെ എന്തുമാത്രം പണമാണു മനുഷ്യർ നശിപ്പിച്ചുകളയുന്നതു്! ഉപകാരമില്ലാതെ, മാത്രമല്ല, ആത്മഹത്യാപരമായിപ്പോലും തങ്ങളെത്തന്നെ നശിപ്പിക്കുന്നതിനായി ഉപയോഗിക്കുന്നതു്. ധനികന്മാർ ശീമമദ്യങ്ങൾക്കായും വസ്ത്രാഭരണങ്ങൾക്കായും ദരിദ്രർ സിനിമാസ്ക്കായും നാട്ടുമദ്യങ്ങൾക്കായും. ഇപ്രകാരം വല്ല നല്ല കാര്യങ്ങൾക്കുവേണ്ടി എന്തെങ്കിലും ഒരു സഹായം ചോദിച്ചാൽ നന്മനസ്സോടെ കൊടുക്കുന്നതിനു വളരെ വിഷമമാണു്. വല്ലതും കൊടുക്കുന്നുണ്ടെങ്കിൽതന്നെയും അതു ശല്യമൊഴിക്കുന്നതിനോ, ചോദിക്കുന്ന ആളിനോടുള്ള വ്യക്തിപരമായ സ്നേഹത്തെ മുൻനിറുത്തിയോ ആയിരിക്കും. ദൈവത്തെക്കുറിച്ചു ചെയ്യാത്ത യാതൊന്നിനും ദൈവം സമ്മാനം നൽകുകയില്ലാത്തതിനാൽ ഈ ദാനം ചെയ്യുന്ന പണംപോലും നിത്യത്വത്തിലേക്കു ഉപകരിക്കുന്നുണ്ടാവില്ല. എത്ര പരിതാപകരമായ ഒരവസ്ഥയാണിതു്.

ഇതിനുള്ള ഏകപരിഹാരമാർഗ്ഗം ചെറുപ്പം മുതലേ പരിത്യാഗം അഭ്യസിപ്പിക്കുകയെന്നുള്ളതാണു്. അതും ദൈവത്തെപ്രതി, വിശ്വാസത്തിന്റെ അരൂപിയിൽ. നാം ഉപേക്ഷിക്കുന്ന ഓരോ സന്തോഷവും നമുക്കു നഷ്ടപ്പെടുകയല്ല ചെയ്യുന്നതു്, മറിച്ചു അതിനേക്കാൾ അനേകലക്ഷം മടങ്ങു വലിയ സന്തോഷമായി മാറി എന്നെന്നേക്കും അനുഭവിക്കത്തക്കവണ്ണം നമുക്കുതന്നെ തിരികെ കിട്ടും എന്നുള്ള പരമാർത്ഥം ആഴമായി കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ പതിയണം. അവർ ഉപേക്ഷിക്കുന്ന പലഹാരം ഉണ്ണീശോ സ്വീകരിച്ചു സ്വർഗ്ഗത്തിൽവച്ചു പകരം അതിനെക്കാൾ നല്ല സമ്മാനം തരുമെന്നു മനസ്സിലാക്കണം. വീടുകളിൽ ധർമ്മം കൊടുപ്പിക്കുന്നതു് കുട്ടികളെക്കൊണ്ടായിരുന്നാൽ കൊള്ളാം. ഭിക്ഷുക്കളിൽ നാംതന്നെ ഈശോയെ കാണുന്നെങ്കിൽ മാത്രമേ, വേണ്ടവണ്ണം ധർമ്മംചെയ്യുന്നതിനു കുട്ടികളെ അഭ്യസിപ്പിക്കുന്നതിനു നമുക്കു സാധിക്കയുള്ളൂ. ഭിക്ഷുക്കളിൽ ചിലർ കള്ളന്മാരായിരുന്നേക്കാമെങ്കിലും ഈശോയ്ക്കുവേണ്ടി നാം ധർമ്മം ചെയ്യുന്നപക്ഷം നമുക്കു ലഭിക്കാനുള്ള സമ്മാനം കിട്ടാതിരിക്കയില്ല. അതു കുട്ടികളെ ധരിപ്പിക്കണം.

പൊതുവെ പറഞ്ഞാൽ, തന്റെ ജീവനെ നശിപ്പിക്കുന്നവൻ അതിനെ കണ്ടെത്തും എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ ഉദ്ബോധനമനുസരിച്ചു നാം നമ്മുടെ സന്തോഷങ്ങളിലും ധനത്തിലും എന്തുമാത്രം പരിത്യജിക്കുമോ അത്രയും കൂടുതൽ അവയെല്ലാം നമുക്കു ലഭിക്കുമെന്നും മറിച്ചു് അവയെല്ലാം എന്തുമാത്രം നാം അനുഭവിക്കുമോ അത്രയും നമുക്കു നഷ്ടപ്പെടുമെന്നും ഉള്ള വസ്തുത നമ്മുടെ കുഞ്ഞുങ്ങളെ ധരിപ്പിച്ചു തദനുസരണം പ്രവർത്തിപ്പിക്കണം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

## പ്രഥമ ചരമവാർഷികം



മറിയാമ്മ പോൾ, മാവേലി
ഇരിഞ്ഞാലക്കുട
ജനനം 8 11 1126
മരണം 4 3 1131
Inserted by
her sorrowing family

ഉറക്കമില്ലായ്മ,
തലവേദന, തലചുററൽ,
നീർവീഴ്ച, തുമ്മൽ,
ചുമ, നീരിറക്കം,
ഓർമ്മക്കുറവ്, ഏങ്ങൽ,
നേരിയപനി, ഉഷ്ണാധിക്യം,
രക്തവാതം, രക്തദൂഷ്യം,
രക്തപിത്തം, വരട്ടുചൊറി,
മുതലായ 'വാത' 'പിത്ത' പ്രധാനങ്ങളായ രോഗങ്ങളെ ശമിപ്പിക്കുന്നതിന്നും, ശരീരംകൊണ്ടും മനസ്സുകൊണ്ടും ദിനംപ്രതി ചെയ്യുന്ന അദ്ധ്വാനങ്ങളുടെ ഫലമായും മററും ദേഹത്തിൽനിന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ഓജസ്സിനേയും വർദ്ധിപ്പിക്കുന്നതിന്നും, യൌവനത്തേയും ആയുസ്സിനേയും ദീർഘിപ്പിക്കുന്നതിന്നും




ദിനം പ്രതി തലയിലും ദേഹത്തിലും തേച്ച് കുളിക്കുക.
19 ഔൺസ് കുപ്പി 1ക്ക് 3-0-0
റജിസ്റ്റേഡ് പാർസൽ അയക്കുന്നതിന്ന് മുൻകൂർ അയക്കേണ്ടത് 5-0-0
ഫോൺ: ആളഗപ്പനഗർ 542
ടെലിഗ്രാം: കാളൻ, ആളഗപ്പനഗർ
കാളൻ, നെല്ലായി (S. INDIA)

Wednesday
October 24
1956

# THE SATHYADEEPAM

(ESTD. 1927)
BROADWAY — ERNAKULAM (T. C. STATE)

Reg. No. M. 2293
Vol. 30
No. 11

## ബാലരംഗം



### ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No. (തുടർച്ച)

96. കെ. കെ. കുര്യാക്കോസ് കളരിക്കൽ, ഉളിക്കൽ, ഇരിട്ടി.
97. സി. കെ. ലോറൻസ് ചിറയത്ത്, ചാവക്കാട്.
98. ടി. എം. ലാസർ തലക്കോട്ടൂർ, എരനെല്ലൂർ, കുന്നംകുളം.
99. കെ. എ. പോൾ കുരുത്തുകുളങ്ങര, എൽത്തുരുത്ത്.
100. വർഗ്ഗീസ് ഡി. വാരികാട്ട്, തിടനാട്.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,




റൂഫസ്മാർക്കസിന്റെ വീട്ടിലെ കെങ്കേമമായ സദ്യ കഴിഞ്ഞപ്പോൾ യുവാക്കന്മാരുടെ സംഘങ്ങളിൽ ആഗ്നസ് ഒരു സംഭാഷണ വിഷയമായി. അവളുടെ ആകാരസൗഷ്ഠവം, പെരുമാററരീതി, സംഭാഷണചാതുര്യം ഇവ ഓരോന്നും അവരിൽ ചിലർ വിമർശിക്കുകയും ചിലർ വാഴ്ത്തുകയും ചെയ്തിരുന്നു. വിമർശകരുടെ പ്രേരണ അസൂയയും നിരാശയുമായിരുന്നു എന്നു പറയേണ്ടതല്ലോ. ലോകസഹജമായ ചില ചേഷ്ടകളാണ് ഇവയെല്ലാം. ഒരു യുവതി എത്ര സുന്ദരിയാവട്ടെ, സുശീലയാവട്ടെ അവളോടുള്ള അസൂയകൊണ്ടു് ഇല്ലാത്ത കുററങ്ങളെല്ലാം അവളെപ്പററി പ്രചരിപ്പിക്കുന്ന ഒരു കൂട്ടരെ കാണുവാൻ കഴിഞ്ഞെന്നുവരും. നേരെമറിച്ചും സംഭവിക്കും. വിരൂപിയും സകലവിധ സ്വഭാവദൂഷ്യങ്ങൾ നിറഞ്ഞവളുമായ ഒരു യുവതിയെ ഒരു കൂട്ടം യുവസരസന്മാർ പാടിപ്പുകഴ്ത്തിക്കൊണ്ടു നടക്കുന്നതു കാണാം. അവളുടെ സ്വഭാവദൂഷ്യങ്ങൾ അവർക്കു പഥ്യമാണ്, വ്രണത്തിലും അഴുക്കിലും പാറിക്കൂടുന്ന ഈച്ചകൾക്കെന്നപോലെ. ചുരുക്കത്തിൽ മററുള്ളവരുടെ വ്യർത്ഥമായ സ്തുതികളേയോ വിമർശനങ്ങളേയോ നാം കണ്ണടച്ചു വിശ്വസിക്കുന്നതു മൗഢ്യമായിരിക്കും, വികാരാധീനരായവരുടെ പ്രത്യേകിച്ചും: നമ്മുടെ അകവും പുറവും യഥാർത്ഥത്തിൽ കാണുന്ന ഒരാളുണ്ടു്, ദൈവം. അവിടുന്നു നമ്മെപ്പററി എന്തു വിചാരിക്കുന്നുവെന്നതായിരിക്കണം നമ്മുടെ ശ്രദ്ധാകേന്ദ്രം. അവിടുന്നു നമ്മുടെ ഓരോ പ്രവൃത്തികളേയും സസന്തോഷം അംഗീകരിക്കുന്നുവെങ്കിൽ നമുക്കു കൃതകൃത്യരെന്നു സമാധാനിക്കാം. അവിടുന്നു അതംഗീകരിക്കുന്നില്ലെങ്കിൽ എത്രപേർ നമ്മെ ആകാശത്തോളം പുകഴ്ത്തിയാലും അതിൽ യാതൊരർത്ഥവുമില്ല. നമ്മുടെ അധഃപ്പതനത്തെ മാത്രമേ അതു പ്രദ്യോതിപ്പിക്കുകയുള്ളു.

ആഗ്നസ് ഒരാളെ സ്നേഹിച്ചുപോയി എന്നുള്ള പ്രസ്താവന യുവാക്കന്മാരുടെ ഇടയിൽ വലിയ ആശങ്കകൾക്കും ചില വാഗ്സമരങ്ങൾക്കും കാരണമാകാതിരുന്നില്ല. പലരും വിശ്വസിച്ചു ആഗ്നസ്സിന്റെ സ്നേഹം അവരുടെ നേർക്കായിരിക്കുമെന്നു്. ആഗ്നസ് സ്നേഹിച്ച ആളെപ്പററി ആ പമ്പരവിഡ്ഢികൾ ആരും അറിഞ്ഞിരുന്നില്ല. സ്നേഹധാമമായ ക്രിസ്തു അവർക്കജ്ഞാതനായിരുന്നു. ക്രിസ്തുവിനെ സ്നേഹിക്കുക, അവിടുത്തേക്കു സ്വയം അർപ്പിക്കുക, അവിടുത്തേക്കുവേണ്ടി ജീവിക്കുക, പരിത്യാഗം വരിക്കുക, പീഡകൾ സഹിക്കുക, ജീവൻ ഹോമിക്കുക ഇതൊന്നും അവർക്കു മനസ്സിലാക്കുന്നതിനു സാധിക്കുന്ന കാര്യങ്ങളായിരുന്നില്ല. ഈ അജ്ഞത ഇന്നും നാം കാണുന്നുണ്ടു്. ധനസ്ഥിതിയിലുള്ള ഒരു യുവതി മഠത്തിലേക്കോ മിഷനിലേക്കോ പുറപ്പെടുമ്പോൾ ചിലർ ആശ്ചര്യപ്പെടാറില്ലേ? "കഷ്ടം! അതിന്റെ തലതിരിവു്" എന്നു പറയാറില്ലേ? അതുപോലെ നല്ല പരീക്ഷകൾ പാസ്സായ ഒരു യുവാവു് വൈദികനാകുന്നതിനോ സന്യാസിയാകുന്നതിനോ പോകുന്നു. എത്രപേർ അത്ഭുതപ്പെടാറുണ്ടു്, നല്ല ഒരുദ്യോഗലാഭത്തിന്റെ നഷ്ടത്തെ ഓർത്തു്, കുടുംബത്തിലെ ഭാവി ഐശ്വര്യത്തിന്റെ ശൈഥില്യത്തെ സ്മരിച്ചു്. ഇതിലൊന്നും അർത്ഥമില്ലെന്നു്, ഇവയെല്ലാം വെറും വ്യാമോഹങ്ങളും ആത്മവഞ്ചനകളും അജ്ഞതകളുമാണെന്നു് മനുഷ്യജീവിതത്തിന്റെ പരമാന്ത്യത്തെപ്പററി അറിവുള്ളവർക്കറിയാം. "ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവു നശിച്ചാൽ, അതുകൊണ്ടു് എന്തു പ്രയോജനം?" "നിങ്ങൾ ആദ്യമായി ദൈവരാജ്യം അന്വേഷിക്കുക, മററുള്ളവയെല്ലാം സ്വർഗ്ഗസ്ഥനായ പിതാവു നൽകിക്കൊള്ളും" —ഇതാണ് ജീവിതത്തിന്റെ പൊരുള്.

വല്യേട്ടൻ




### 90-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—മാതാവ്.

### പ്രശ്നം നമ്പർ 91

(ജോണി പി. പി. മള്ളുശ്ശേരി Reg. No. 14)

ക്രിസ്തുമതപ്രചരണമാണ് എന്റെ ജീവിതലക്ഷ്യം. ക്രിസ്തുവിനെ അനുകരിച്ചു സ്നേഹം, ത്യാഗം, സേവനം ഇവയ്ക്കുവേണ്ടി ഞാൻ അദ്ധ്വാനിക്കുന്നു. സജ്ജനങ്ങൾ എന്നെ ആദരിച്ചു സ്നേഹിക്കുന്നു. ശത്രുക്കളും എനിക്കു ധാരാളമുണ്ടു്. അവരെന്നെ സ്ഥാനത്തും അസ്ഥാനത്തും താറടിക്കുന്നതിനു ബദ്ധപ്പെടുകയാണ്. എന്റെ പേരിനു നാലക്ഷരം. ഒന്നാമത്തെ അക്ഷരം മിത്രത്തിലുണ്ടു്, ശത്രുവിലില്ല. രണ്ടാമത്തെ അക്ഷരം ഡെക്കറേഷനിലുണ്ടു്, വെടിക്കെട്ടിലില്ല. മൂന്നാമത്തെ അക്ഷരം അരമനയിലുണ്ടു്, കൊട്ടാരത്തിലില്ല. നാലാമത്തെ അക്ഷരം അറിവിലുണ്ടു്, വിജ്ഞാനത്തിലില്ല. എന്റെ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

### അധഃപ്പതനം

(കെ. എൽ. അന്തോണി Reg. No. 84)

അന്ധകാരമയമായ ഒരു അസുന്ദരപ്രഭാതം. പക്ഷിജാലങ്ങൾ അവയുടെ പഞ്ജരം വിട്ട് പുറത്തു പോകുന്നില്ല. ഒരു പ്രചണ്ഡമാരുതൻ ഭീകരഗാനത്തിന്റെ ചില പല്ലവികൾ നിശ്വസിച്ചുകൊണ്ടു് ആ നഗരപ്രാന്തത്തിലൂടെ കടന്നുപോയി. അവിടംകൊണ്ടും അവസാനിച്ചില്ല. അന്തരീക്ഷം ഭയങ്കരതയുടെ മൂടുപടം വാരിയുടുത്തു ജനതയെ ഭയപ്പെടുത്തുകയാണ്. ബാലാരുണൻ ഉദയഗിരിയിലേക്കു എത്തിനോക്കുകപോലും ചെയ്തില്ല. ചാക്കോച്ചനെ രണ്ടു സമാധാനപാലകർ കൊലക്കളത്തിലേക്കു നയിക്കുകയാണ്.

ചാക്കോച്ചനു ഒരു മുപ്പത്തിമൂന്നു വയസ്സിൽ അധികം പ്രായമില്ല. നീണ്ടുമെലിഞ്ഞ ശരീരം. മുഖത്തു ഒരു കൊമ്പൻമീശ. നിരവധി ക്രൂരകൃത്യങ്ങളുടെ വികൃതമായ നിഴൽപാടുകൾ അയാളുടെ വദനത്തിൽ പ്രതിഫലിക്കുന്നു. എങ്കിലും ആ ക്രൂരമായ കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിക്കുന്നുണ്ടു്. പക്ഷെ പശ്ചാത്താപത്തിന്റെ ഒരു കണികപോലും അവിടെ പ്രകാശിക്കുന്നില്ല. അയാളുടെ ചിന്താമണ്ഡലത്തിൽ, കഴിഞ്ഞുപോയ ജീവിതത്തിലെ മധുരമായ ചില സ്മരണകൾ ഇടയ്ക്കിടെ പ്രതിഫലിക്കുന്നതുപൊലെ തോന്നുന്നു. അവയുടെ മാധുര്യം അയാളുടെ ജിഹ്വാഗ്രത്തിൽ ഊറിവരുന്നു. ചില ഭാവഭേദങ്ങൾ. അതു ഇനിയും അനുഭവവേദ്യമല്ലല്ലോയെന്നതാണ് അയാളുടെ കണ്ണീരിന്റെ കാരണമെന്നു തോന്നുന്നു, കഠിനമായ ഒരു ഹൃദയത്തിന്റെ വികാരാവേശമാണ് പൊതുവെ പ്രകടമാകുന്നതു്.

മാത്തുച്ചേട്ടന്റെ ഏക അരുമ സന്താനമായിരുന്നു, ചാക്കോച്ചൻ. അയാളുടെ സാധ്വിയായ മാതാവു്, അയാളുടെ ബാല്യദശയിൽതന്നെ പരലോകം പ്രാപിച്ചിരുന്നു. മാത്തുച്ചേട്ടൻ ഒരു പുനർവിവാഹം നടത്തി. ആ സ്ത്രീ സൗന്ദര്യത്തിൽ കുറെ പിന്നണിയിലായിരുന്നുവെങ്കിലും, സദ്ഗുണങ്ങളുടെയും പ്രായശ്ചിത്തത്തിന്റെയും പ്രയത്നത്തിന്റെയും പ്രാർത്ഥനയുടേയും പ്രതീകമായിരുന്നു. മാത്തുച്ചേട്ടനും ഭാര്യ റോസമ്മയുംകൂടി ചേർന്നപ്പോൾ ആ കുടുംബം ഐശ്വര്യത്തിന്റെ ഇരിപ്പിടമായി. തള്ളയില്ലെന്നു കരുതി ലാളിച്ചും ഓമനിച്ചും ചാക്കോച്ചനെ അവർ വളർത്തി. ആനന്ദത്തിന്റെ കല്ലോലമാലകളിൽ ചാഞ്ചാടികളിച്ചു് അവൻ വളർന്നു. അവനു വേണ്ട വിദ്യാഭ്യാസം അവർ നൽകി. അങ്ങനെ കാലങ്ങൾ കുറെ കഴിഞ്ഞുപോയി.

ചാക്കോച്ചൻ ബാല്യത്തിന്റെ തിരശ്ശീലയെ തള്ളിമാററി യൗവ്വനത്തിന്റെ മലർക്കാവിലേക്കു കാൽനീട്ടി. മാത്തുച്ചേട്ടനും റോസമ്മയുംകൂടി സൗന്ദര്യവതിയും സൗശീല്യയുമായ മറിയാമ്മയെ ചാക്കോച്ചനു വിവാഹം ചെയ്തുകൊടുത്തു. അങ്ങിനെ ആ മധുവിധുവിന്റെ മാദകത്വം തുളുമ്പുന്ന മലർക്കാലം നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, ആ ശുദ്ധമാനസനായ പിതാവിനെ മരണമാകുന്ന കാളസർപ്പം വിഴുങ്ങി. വിരഹദുഃഖത്തെ തുടച്ചുമാററുവാൻ, അവരെ ആനന്ദത്തിലേക്കു മെല്ലെ ആനയിക്കുവാൻ ചാക്കോച്ചനു ഒരാൺകുഞ്ഞു ജനിച്ചു. കോമളനായ ആ ചോരക്കുഞ്ഞിനെ ഉപമിക്കുവാൻ ഉപമാനം ലഭ്യമല്ല. ഓമനക്കുഞ്ഞിന്റെ പുഞ്ചിരികളിൽ ആ കുടുംബം വീണ്ടും പുഷ്പിക്കുവാൻ തുടങ്ങി. കുടുംബത്തെ രക്ഷിക്കേണ്ട ചുമതല ചാക്കോച്ചനിലാണല്ലോ വന്നുചേർന്നതു്. റോസമ്മയ്ക്കു വാർദ്ധക്യമായി. അവരുടെ സകല ആശകൾക്കും, പ്രതീക്ഷകൾക്കും ആലംബം ചാക്കോച്ചനും അവന്റെ ഭാര്യയും അവരുടെ കുഞ്ഞും മാത്രമായിരുന്നു.

ചാക്കോച്ചൻ ജീവിതസാഗരത്തിൽ നിലയില്ലാതെ നീന്തുവാൻ തുടങ്ങി. അയാളുടെ പിതാവു് പ്രഭാതം മുതൽ പ്രദോഷംവരെ ബുദ്ധിമുട്ടി സമ്പാദിച്ച പണത്തിന്റെ വില അയാൾ അറിഞ്ഞില്ല. അയാളെ ചില നാരകീയകിങ്കരന്മാർ വലയിൽ കുടുക്കി. അയാൾ അതിൽ കുടുങ്ങി. ലോകപരിജ്ഞാനം കുറഞ്ഞ നിഷ്കളങ്കനായ ചാക്കോച്ചനെ ദുർമാർഗ്ഗത്തിലൂടെ അവർ വലിച്ചിഴച്ചുകൊണ്ടുപോയി. മദ്യഷാപ്പുകളും ദുഷിച്ച വിഹാരരംഗങ്ങളും ചാക്കോച്ചന്റെ നിത്യസങ്കേതങ്ങളായിത്തീന്നു. ചാർവ്വാകന്മാരുടെ സംഘങ്ങളിൽപ്പെട്ട ചാക്കോച്ചനും ഒരു ചാർവ്വാകനായിത്തീന്നു.

കഷ്ടകാലമാകുന്ന കാളസർപ്പത്തിന്റെ ഇഴച്ചാലുകളിലൂടെ വഴുതിപ്പോകുന്ന വിധവയായ ആ വൃദ്ധമാതാവു സങ്കടത്തള്ളലാൽ സദാ കണ്ണുനീർ പൊഴിച്ചുകൊണ്ടിരുന്നു. അധഃപ്പതനത്തിന്റെ ചുഴലിക്കാററിൽ ചുററിക്കറങ്ങുന്ന കുടുംബനാഥനെ കാണുമ്പോൾ വാചാമഗോചരമായ ദുഃഖത്താൽ പതിവ്രതാരത്നമായ മറിയാമ്മയുടെ ഹൃദയം ആളിക്കത്തുവാൻ തുടങ്ങി. അവർ ദുഃഖസാഗരത്തിന്റെ അഗാധതയിലേക്കു ആണ്ടുപോയി. എങ്കിലും ആത്മവിശ്വാസത്തോടെ അവർ പ്രാർത്ഥിച്ചിരുന്നു, ദുഷ്ടജീവിതത്തിൽനിന്നും, ദുർമാർഗ്ഗത്തിൽനിന്നും ചാക്കോച്ചൻ പിന്തിരിയുന്നതിനു്. ചാക്കോച്ചനാകട്ടെ, അനുനിമിഷം അന്ധകാരത്തിലും അനാചാരത്തിലും ആറാടി മൃഗസദൃശനായി. അതിനെല്ലാം പ്രതിബന്ധമായ ആ മാതാവിനേയും പത്നിയേയും അവൻ ഭീഷണികൾകൊണ്ടു ഭയപ്പെടുത്തി. പിതാവിന്റെ രക്തവും വിയർപ്പുതുള്ളികളും പതിച്ചു വളക്കൂറുള്ളതായിത്തീന്ന തെങ്ങിൻതോപ്പുകൾ ഓരോന്നോരോന്നായി വിററഴിച്ചു് അവൻ ധൂർത്തടിച്ചു. അയാളുടെ മാതാവും ഭാര്യയും ആ പിഞ്ചുകുഞ്ഞും പട്ടിണിയുടെ പട്ടടയിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

ചാക്കോച്ചൻ പൂർവ്വസ്വത്തുക്കളെല്ലാം മൃഗീയമായ ആനന്ദത്തിന്റെ പട്ടടയിൽ ആഹുതിചെയ്തു. അവസാനം അനേകതലമുറകളുടെ ആസ്ഥാനമായ കിടപ്പാടംകൂടി വില്ക്കുവാൻ അയാൾ നിശ്ചയിച്ചു. പക്ഷെ, അതു അമ്മയുടെ പേരിലായിരുന്നു. അമ്മയും ഭാര്യയും അതിനു വിലങ്ങുതടിയായിത്തീന്നു. ചാക്കോച്ചൻ കോപാന്ധനായി വിറയ്ക്കുന്ന കാലുകളാലും, കൈകളാലും, മൃഗീയമാംവണ്ണം അവരെ മർദ്ദിച്ചു. ഭ്രാന്തനെപ്പോലെ അവൻ മദ്യഷാപ്പിലേക്കു പാഞ്ഞു. അസ്വസ്ഥവും ഭയാനകവുമായ ദിവസങ്ങൾ പലതും ഇഴഞ്ഞുനീങ്ങി. ഒരു ദിവസം അർദ്ധരാത്രിക്കു മദ്യപിച്ചു മത്തനായി അവൻ വീട്ടിലേക്കു വന്നു. മാതാവിനേയും ഭാര്യയേയും വീണ്ടും മർദ്ദിച്ചു. എന്തുചെയ്തിട്ടും കിടക്കാനുള്ള പുരയിടം വില്ക്കുവാൻ അവർ സമ്മതിച്ചില്ല. ചാക്കോച്ചനു കലികയറി. മനുഷ്യവികാരങ്ങൾ മൺമറഞ്ഞു. മൂർച്ചയേറിയ കഠാരിയുമായി പാഞ്ഞടുത്തു് വൃദ്ധമാതാവിനേയും ഭാര്യയേയും പിഞ്ചുകുഞ്ഞിനെയും ആ മാരകാ

(ശേഷം 10-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1